# ഇതാണ് മാറ്റം,
# ഇതാണ് വികസിത കേരളം.




## വികസിത കേരളം മാർഗരേഖ 2026 - 2031

A NEW VISION OF PROSPERITY FOR ALL MALAYALEES

**#PoliticsOfPerformance**

BJP NDA

Scan To Know More

# നമുക്ക് വേണം വികസിത കേരളം



# ഉള്ളടക്കം


- **പ്രധാനമന്ത്രി ശ്രീ നരേന്ദ്ര  മോദിയുടെ സന്ദേശം** 07
- **ശ്രീ രാജീവ് ചന്ദ്രശേഖറിന്റെ സന്ദേശം** 09
- **ശ്രീ തുഷാർ വെള്ളാപ്പള്ളിയുടെ സന്ദേശം** 11
- **ശ്രീ സാബു എം ജേക്കബിന്റെ സന്ദേശം** 11
- **നാം, കേരളീയർ** 13
- **ബിജെപി - എൻഡിഎ യുടെ വിഷൻ 2026** 14
- **വായിക്കാം, ചിന്തിക്കാം, പങ്കുവെക്കാം!** 15
- **മികവിന്റെ രാഷ്ട്രീയം** 16
- **പ്രധാന പദ്ധതികളും ലക്ഷ്യങ്ങളും** 17
- **മെച്ചപ്പെട്ട  ജീവിതനിലവാരവും താങ്ങാനാവുന്ന ജീവിതച്ചെലവും** 18

ഭക്ഷ്യ-ആരോഗ്യ സുരക്ഷ 21
- ഭക്ഷ്യ സമൃദ്ധ കേരളവും കർഷക ക്ഷേമവും 22
- കേരളത്തിന് എയിംസും സമഗ്ര ആരോഗ്യ ഇൻഷൂറൻസും 24
- ഭക്ഷ്യ ആരോഗ്യ സുരക്ഷ കാർഡുകൾ 26

വാതിൽപ്പടി ആരോഗ്യപരിരക്ഷ - മൊബൈൽ ആശുപത്രികൾ 28
വാതിൽപ്പടി ആരോഗ്യപരിരക്ഷ - 24/7 സാർവത്രിക സൗജന്യ ആംബുലൻസ് സേവനം 30
എല്ലാവർക്കും മിതമായ  നിരക്കിൽ തടസ്സമില്ലാത്ത  ഊർജ്ജം 32
പാചകവാതക  സബ്സിഡി 34
സൗജന്യ കുടിവെള്ളവും സമഗ്ര ജലസുരക്ഷയും 36
ക്ഷേമ പെൻഷൻ വർദ്ധനവിലൂടെ സമഗ്ര വികസനം 38

- **വികസിത കേരള നിർമ്മിതിക്കായി അടിസ്ഥാന സൗകര്യ വികസനം** 40

അതിവേഗ റെയിൽ ശൃംഖല 42
റെയിൽവേ വിപുലീകരണം 44
വിഴിഞ്ഞം തുറമുഖാധിഷ്ഠിത വികസനം 46
റോഡ് വികസനം 48
മെട്രോ ശൃംഖല 50
തെരുവുവിളക്കുകളുടെ നവീകരണം 52

- **നിക്ഷേപ കുതിപ്പും തൊഴിൽ വിപ്ലവവും** 54

തൊഴിലധിഷ്ഠിത വ്യവസായ-വാണിജ്യ പുനരുജ്ജീവനം 56
സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഇലക്ട്രോണിക്സ് വ്യവസായ വിപ്ലവം 58

- **നമ്മുടെ യുവതയുടെ ഭാവി** 60

12-ാം ക്ലാസ് വരെ സൗജന്യ ഐച്ഛിക ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം 62
വ്യവസായ അധിഷ്ഠിത ഉന്നതവിദ്യാഭ്യാസം 64

# ഉള്ളടക്കം


- **സ്വച്ഛ കേരളം** 66
  - മാലിന്യ സംസ്കരണം 68
- **തുല്യനീതി,സമത്വം, ജനകീയ ഭരണം** 70
  - വിശ്വാസ സംരക്ഷണവും ആരാധനാലയങ്ങളുടെ പരിപാലനവും 72
  - സാമുദായിക മൈത്രി 74
  - പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ശാക്തീകരണം 76
  - AI കരുത്തിൽ അഴിമതിമുക്ത ജനകീയ ഭരണം 78
- **ആധുനിക നഗരങ്ങൾ, ആധുനിക ഗ്രാമങ്ങൾ** 80
  - വികസിത കോർപ്പറേഷൻ - 10 വർഷ കർമ്മപദ്ധതി 82
  - ആത്മനിർഭർ ഗ്രാമങ്ങൾ 84
- **വ്യക്തി സുരക്ഷ** 86
  - ലഹരിമുക്ത കേരളം & ലഹരിമുക്ത കാമ്പസുകൾ 88
  - കുറ്റകൃത്യങ്ങളുടെ നിരക്ക് കുറയ്ക്കൽ 90
  - തെരുവുനായ ശല്യത്തിന് അന്ത്യം 92
  - നാരി സുരക്ഷ 94
- **ജനസുരക്ഷയും പാരിസ്ഥിതിക പ്രതിരോധശേഷിയും** 96
  - മുല്ലപ്പെരിയാർ അണക്കെട്ട്: കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം 98
  - തീരദേശ സംരക്ഷണം 100
  - വന്യജീവി ആക്രമണം 102
- **മറ്റു വാഗ്ദാനങ്ങൾ** 104
- **ഫലങ്ങൾ** 110
  - യഥാർത്ഥ ദാരിദ്ര്യ നിർമ്മാർജ്ജനം 112
  - ഓരോ മലയാളിക്കും സമാധാനവും ആരോഗ്യവും സന്തോഷവും 114
  - സാമ്പത്തിക സ്വയംപര്യാപ്തതയുള്ള സംസ്ഥാനം 116

പ്രിയപ്പെട്ട മലയാളി സഹോദരീ സഹോദരന്മാരെ,

പ്രകൃതിവിഭവങ്ങളാലും അധ്വാനശീലരായ ജനങ്ങളാലും അനുഗ്രഹീതമായ നാടാണ് കേരളം. എന്നാൽ ദശാബ്ദങ്ങളായി മാറിമാറി വന്ന ഭരണകൂടങ്ങളുടെ നയവൈകല്യങ്ങളും അഴിമതിയും പ്രീണന രാഷ്ട്രീയവും നമ്മുടെ നാടിന്റെ വികസനക്കുതിപ്പിനെ പിന്നോട്ടടിച്ചു.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടി നാടുവിടാൻ നിർബന്ധിതരാകുന്ന യുവാക്കളും, അർഹമായ വില ലഭിക്കാതെ ദുരിതമനുഭവിക്കുന്ന കർഷകരും ഇതിന്റെ ബാക്കിപത്രമാണ്. സാധാരണക്കാരന്റെ സ്വപ്നങ്ങളെ തല്ലിക്കെടുത്തുന്ന ഈ സ്തംഭനാവസ്ഥയ്ക്ക് ഇനി അറുതിവന്നേ തീരൂ.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഭാരതം കൈവരിക്കുന്ന വികസന വിപ്ലവത്തിൽ കേരളവും പൂർണ്ണ പങ്കാളിയാകേണ്ടതുണ്ട്. **'സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്'** എന്ന മന്ത്രമുയർത്തി, വിഴിഞ്ഞം തുറമുഖം മുതൽ വന്ദേ ഭാരത് വരെയും,
ജൽ ജീവൻ മിഷൻ മുതൽ പി.എം ആവാസ് യോജന വരെയുമുള്ള പദ്ധതികളിലൂടെ കേന്ദ്ര സർക്കാർ കേരളത്തിന് പൂർണ്ണ പിന്തുണ നൽകുന്നുണ്ട്. എന്നാൽ ഈ വികസനത്തിന്റെ ഗുണഫലങ്ങൾ പൂർണ്ണമായും നിങ്ങളിലേക്ക് എത്താൻ ഭരണതലത്തിൽ ഒരു മാറ്റം അനിവാര്യമാണ്.

**ബിജെപി - എൻഡിഎ** മുന്നോട്ടുവെക്കുന്ന ഈ **'വികസിത കേരളം മാർഗരേഖ'** കേവലം തിരഞ്ഞെടുപ്പ് സമയത്തെ ഒരു പ്രകടനപത്രികയല്ല; മറിച്ച്, ഭാവി കേരളത്തിനായി ഞങ്ങൾ നൽകുന്ന ഉറപ്പാണ്:

**അഴിമതിമുക്തവും സുതാര്യവുമായ ഭരണം**
**കർഷകർക്ക് അർഹമായ താങ്ങുവിലയും പിന്തുണയും**
**സ്ത്രീകൾക്കും കുട്ടികൾക്കും പൂർണ്ണ സുരക്ഷ**
**യുവാക്കൾക്ക് സ്വന്തം നാട്ടിൽ തന്നെ മികച്ച തൊഴിലവസരങ്ങൾ**

വികസനം മുരടിച്ച കേരളത്തെ പുരോഗതിയുടെ പുതിയ പാതയിലേക്ക് നയിക്കാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം.


ഓർക്കുക,
**കേരളത്തിന്റെ പുരോഗതി ഭാരതത്തിന്റെ പുരോഗതിയാണ്.**

ശക്തമായ കേരളത്തിനായി, സമൃദ്ധമായ കേരളത്തിനായി...
നമുക്ക് വികസിത കേരളം കെട്ടിപ്പടുക്കാം!

**മാറാത്തത് ഇനി മാറും.**
**ജയ് ഹിന്ദ്! ജയ് കേരളം**!

## നരേന്ദ്ര മോദി
ഭാരത പ്രധാനമന്ത്രി





REAL CHANGE

നമ്മൾ മലയാളികൾ അങ്ങേയറ്റം പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. അഴിമതിയാൽ മൂടപ്പെട്ടിരിക്കുന്ന സർക്കാർ, സ്വജനപക്ഷപാതത്തിന്റെ കറ പുരണ്ട നിയമനങ്ങൾ, ഭരണത്തകർച്ചയാൽ സ്തംഭനാവസ്ഥയിലായ പൊതുജനസേവനങ്ങൾ

ഈ ഭരണ പരാജയങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ നൽകുകയും, എല്ലാ മേഖലകളിലും മികച്ചുനിൽക്കുന്ന ഒരു സംസ്ഥാനമായി കേരളത്തെ മാറ്റുകയുമാണ് ബിജെപി-എൻഡിഎയുടെ ലക്ഷ്യം.

ഭരണപരാജയങ്ങൾ അവസാനിപ്പിക്കാം, കേരളത്തെ ഒന്നാമതെത്തിക്കാം.

ബിജെപി-എൻഡിഎ ഉറപ്പുനൽകുന്നു:

1. അഴിമതിയും ദാരിദ്ര്യവുമില്ലാത്ത, സുരക്ഷിതമായ സ്വയംപര്യാപ്ത കേരളം
2. സുതാര്യമായ ഭരണവും സന്തുഷ്ടരായ ജനതയും പുരോഗമനപരമായ കാഴ്ചപ്പാടും മുഖമുദ്രയായ ഒരു കേരളം.
3. ഓരോ മലയാളിക്കും സ്വപ്നം കാണാൻ സ്വാതന്ത്ര്യവും, ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ അവസരങ്ങളുമുള്ള ഒരു പുതിയ കേരളം.
4. യുവാക്കൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസവും ധാരാളം തൊഴിലവസരങ്ങളും ലഭിക്കുന്ന കേരളം.
5. കടക്കെണിയിൽ നിന്ന് പുറത്തുകടന്ന് സാമ്പത്തിക വളർച്ചയിലേക്ക് കുതിക്കുന്ന കേരളം.
6. ഓരോ പൗരനും തലയുയർത്തി അഭിമാനത്തോടെ ജീവിക്കുന്ന, യഥാർത്ഥ മാറ്റം തൊട്ടറിയാൻ കഴിയുന്ന കേരളം

**മാറാത്തത് ഇനി മാറും.**
**ജയ് ഹിന്ദ്! ജയ് കേരളം!**

**രാജീവ് ചന്ദ്രശേഖർ**
ബിജെപി-എൻഡിഎ ചെയർമാൻ





പതിറ്റാണ്ടുകളായി കേരളത്തിലെ പിന്നാക്ക ജനത അനുഭവിച്ചുവന്ന അവഗണനയ്ക്ക് എൻഡിഎ അറുതി വരുത്തുന്നു. ഇടത്-വലത് മുന്നണികൾ നമ്മുടെ ജനവിഭാഗങ്ങളെ വെറും വോട്ട് ബാങ്കുകളായി മാത്രം കണ്ടു വഞ്ചിച്ചു. എന്നാൽ പ്രധാനമന്ത്രി നരേന്ദ്ര മോദിജി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശാക്തീകരണത്തിന് മുൻഗണന നൽകി.

ഈ 'വികസനരേഖ' ഓരോ പിന്നാക്ക കുടുംബത്തിന്റെയും ഉന്നമനത്തിനായുള്ള ഞങ്ങളുടെ ഉറച്ച സാക്ഷ്യപത്രമാണ്. സാമൂഹിക നീതി ഉറപ്പാക്കാനും ഓരോ വീട്ടിലും മാറ്റമെത്തിക്കാനും മോദി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മാറ്റത്തിന്റെ ഈ പുത്തൻ കാഹളം ഓരോ മലയാളിയുടെയും സ്വപ്നങ്ങൾക്കൊപ്പമുള്ള ഉറച്ച യാത്രയാണ്.

പുതു കേരളത്തെ കെട്ടിപ്പടുക്കാൻ എൻഡിഎ മുന്നണിക്കൊപ്പം നമുക്ക് ഒരുമിച്ച് അണിനിരക്കാം!
സസ്നേഹം,

**തുഷാർ വെള്ളാപ്പള്ളി**
എൻഡിഎ കൺവീനർ



മാറാത്തത് ഇനി മാറും! കേരളത്തിന്റെ വികസന ചരിത്രത്തിൽ പുതിയൊരു അധ്യായം രചിക്കാൻ എൻഡിഎ മുന്നണി സജ്ജമായിക്കഴിഞ്ഞു. ഓരോ മലയാളിയുടെയും സ്വപ്നങ്ങൾക്കൊപ്പവും നാടിന്റെ പുരോഗതിക്കൊപ്പവും ഉറച്ച നിശ്ചയദാർഢ്യത്തോടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നിലകൊള്ളുന്നു. യുവാക്കൾക്കും സ്ത്രീകൾക്കും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും കരുതലായി, വികസനത്തിന്റെ പുതിയ വേഗം വാഗ്ദാനം ചെയ്യുന്നു മോദി സർക്കാർ. ഈ 'വികസനരേഖ' ഓരോ വീട്ടിലും മാറ്റമെത്തിക്കാനുള്ള ഞങ്ങളുടെ ഉറച്ച പ്രതിജ്ഞയാണ്.

ഇത് വെറും വാക്കുകളല്ല, കർമ്മപഥത്തിലൂന്നിയ പ്രകടനപത്രികയാണ്: നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ ഞങ്ങൾ വാഗ്ദാനം ചെയ്യുന്നുള്ളൂ; നൽകുന്ന ഓരോ വാഗ്ദാനവും ഞങ്ങൾ നിറവേറ്റുകയും ചെയ്യും. സാധ്യമായത് മാത്രം ഞങ്ങൾ പറയുന്നു, പറയുന്ന കാര്യങ്ങൾ അക്ഷരംപ്രതി നടപ്പിലാക്കുന്നു. ഇതാണ് ജനങ്ങളോടുള്ള ഞങ്ങളുടെ പ്രതിബദ്ധത.
സസ്നേഹം,



**സാബു എം ജേക്കബ്**
ട്വന്റി ട്വന്റി ചെയർമാൻ

# നാം,
# കേരളീയർ



ഇന്നെത്തി നിൽക്കുന്നത് വലിയ മാറ്റങ്ങൾക്കും സ്തംഭനാവസ്ഥയ്ക്കും ഇടയിലുള്ള ഒരു നിർണ്ണായക വഴിത്തിരിവിലാണ്. സംസ്ഥാനം രൂപീകരിച്ച് 70 വർഷങ്ങൾക്കിപ്പുറവും, രാഷ്ട്രീയ ഉദാസീനതയാലും ഭരണപരമായ ജീർണ്ണതയാലും കേരളം വലയുകയാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' ഇന്ന് അവസരങ്ങളില്ലാത്ത ഒരു തരിശുഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു.

2018-നും 2023-നും ഇടയിൽ കേരളത്തിൽ നിന്നും വിദേശത്തേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം ഇരട്ടിയായി വർദ്ധിച്ചു. മെച്ചപ്പെട്ടൊരു ഭാവി തേടി രണ്ടര ലക്ഷം മലയാളി യുവാക്കളാണ് ഈ ചെറിയ കാലയളവിൽ മാത്രം സ്വന്തം നാടുപേക്ഷിച്ചത്.

ഇന്ത്യയിലെ ഏറ്റവും ഉയർന്ന യുവജന തൊഴിലില്ലായ്മ നിരക്കുള്ള കേരളത്തിൽ, ഓരോ പത്തു യുവാക്കളിൽ മൂന്നു പേർ തൊഴിൽരഹിതരായി തുടരുന്നു.

സ്റ്റാർട്ടപ്പ് രംഗത്തും വൻപരാജയം! 2014 മുതൽ ഇന്നുവരെ കേരളത്തിൽ പിറന്നത് വെറുമൊരു യൂണികോൺ മാത്രം.

ആശുപത്രികളും വിദ്യാലയങ്ങളും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയാൽ വീർപ്പുമുട്ടുമ്പോൾ, തീരദേശങ്ങളെ പ്രളയവും കടലാക്രമണങ്ങളും തകർത്തെറിയുകയാണ്. കർഷക ആത്മഹത്യകൾ പെരുകുന്നതിനൊപ്പം, നഗരങ്ങൾ മാലിന്യക്കൂമ്പാരങ്ങൾക്കും തെരുവുനായ ആക്രമണങ്ങൾക്കും നടുവിൽ നട്ടംതിരിയുന്നു. ഇതിനെല്ലാം പുറമെ, കാട്ടാനകളുടെയും കടുവകളുടെയും ആക്രമണങ്ങൾ ഇന്ന് കേരളത്തിൽ ഒരു നിത്യസംഭവമായി മാറിയിരിക്കുന്നു.

പ്രധാനമന്ത്രി ആവാസ് യോജന അർബൻ (PMAY-U) 2.0 പദ്ധതിയിൽ ഇതുവരെ ഒപ്പുവെക്കാത്ത രാജ്യത്തെ ഏക സംസ്ഥാനമായി കേരളം മാറി. ജൽ ജീവൻ മിഷൻ (JJM) വഴി കുടിവെള്ളം ലഭിക്കേണ്ട 32 ലക്ഷം കുടുംബങ്ങൾ ഇന്നും പൈപ്പ് വെള്ളത്തിനായി കാത്തിരിക്കുകയാണ്. ഇതിനുപുറമെ, കാരുണ്യ ആരോഗ്യ പദ്ധതിയുടെ കുടിശ്ശിക നൽകാത്തത് സംസ്ഥാനത്തെ ആരോഗ്യമേഖലയെ തന്നെ വലിയൊരു പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു

കേരളത്തിൽ ഭരണം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. എൽ.ഡി.എഫ് - യു.ഡി.എഫ് മുന്നണികളുടെ ഒത്തുകളിയും കേന്ദ്ര പദ്ധതികളോടുള്ള ഇവരുടെ അന്ധമായ എതിർപ്പും കാരണം, സാധാരണക്കാർക്ക് അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്.

3.13 ലക്ഷം കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടും കേരളത്തിൽ വികസനമില്ലാത്ത അവസ്ഥയാണ്. 6 വന്ദേഭാരത് എക്സ്പ്രസ്സുകൾ, 35 അമൃത് ഭാരത് സ്റ്റേഷനുകൾ, വിഴിഞ്ഞം തുറമുഖം, 40 ദേശീയപാതകൾ, ശബരി റെയിൽ അനുമതി തുടങ്ങി നാടിന്റെ മുഖച്ഛായ മാറ്റുന്ന വമ്പൻ പദ്ധതികൾ കേന്ദ്രസർക്കാർ നൽകിയിട്ടും സംസ്ഥാന സർക്കാർ ഇതിലൊന്നും യാതൊരു താല്പര്യവുമില്ലാതെ മെല്ലെപ്പോക്ക് തുടരുകയാണ്.

കേരളത്തിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ പൂർണ്ണ പിന്തുണയുണ്ട്.
കേരളത്തിന് മുന്നിലിതാ വലിയൊരു മാറ്റത്തിനുള്ള സുവർണ്ണാവസരം.
**ഇനി ശരിയായ തീരുമാനമെടുക്കേണ്ടത് കേരളമാണ്.**

# ബിജെപി - എൻഡിഎയുടെ വിഷൻ 2026

## സമ്പദ്സമൃദ്ധമായ **കേരളത്തിനായി** ശാക്തീകരിക്കപ്പെട്ട **മലയാളികൾ**



**കേരളം ഇന്ന് ചരിത്രപരമായ ഒരു വഴിത്തിരിവിലാണ്. ഈ നിർണ്ണായക ഘട്ടത്തിൽ, ബിജെപി - എൻഡിഎ മുന്നോട്ട് വയ്ക്കുന്ന 'വികസിത കേരളം' എന്ന ആശയം ഓരോ മലയാളിയുടെയും ജീവിതത്തിൽ സമഗ്രമായ മാറ്റം ഉറപ്പുനൽകുന്നു.**

വികസിത കേരളം ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്കും ഭാവിയിലെ വെല്ലുവിളികൾക്കും ശാശ്വത പരിഹാരം ഉറപ്പ് നൽകുന്നു.

വികസിത കേരളം ജനങ്ങളെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കുകയും , ആ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

വികസിത കേരളം പുതിയ വ്യവസായങ്ങളെയും നിക്ഷേപങ്ങളെയും സ്വാഗതം ചെയ്തുകൊണ്ട് യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഉറപ്പ് നൽകുന്നു.

വികസിത കേരളം ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, സുരക്ഷ, പാർപ്പിടം തുടങ്ങിയ മേഖലകളിലെ സേവനങ്ങൾക്ക് വിഭവസമാഹരണവും നിക്ഷേപവും ഉറപ്പ് വരുത്തുന്ന രീതിയിൽ നമ്മുടെ സമ്പദ്വ്യവസ്ഥയെ ശക്തമാക്കും.

വികസിത കേരളം സംസ്ഥാനത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൂർണ്ണ ഉത്തരവാദിത്തമുള്ളതും അഴിമതിമുക്തവുമായ ഭരണം ഉറപ്പാക്കും.

വികസിത കേരളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തിനായി ഓരോ ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും തനത് വിഭവങ്ങൾ ഉറപ്പാക്കും.

വികസിത കേരളം പ്രീണന രാഷ്ട്രീയത്തിന് വിട നൽകി, ഓരോ മലയാളിക്കും അനീതികളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും പൂർണ്ണ സംരക്ഷണവും തുല്യനീതിയും ഉറപ്പാക്കുന്നതാണ്.


വികസിത കേരളം ഓരോ മലയാളിയുടെയും സാംസ്കാരിക പൈതൃകവും പാരമ്പര്യങ്ങളും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ്.

ബി.ജെ.പി-എൻ.ഡി.എ വിഭാവനം ചെയ്യുന്ന **'വികസിത കേരളം'** വെറുമൊരു വികസന സ്വപ്നം മാത്രമല്ല; ഓരോ മലയാളിക്കും **'സുരക്ഷിത കേരളവും', 'വിശ്വാസ സംരക്ഷണവും'** ഉറപ്പുനൽകുന്ന സമഗ്രമായ കാഴ്ചപ്പാടാണ്.

# വായിക്കാം, ചിന്തിക്കാം, പങ്കുവെക്കാം!



"ഉണരുക! എഴുന്നേൽക്കുക! ലക്ഷ്യപ്രാപ്തി വരെ മുന്നേറുക!" എന്നത് സ്വാമി വിവേകാനന്ദന് ഏറെ പ്രിയപ്പെട്ട കഠോപനിഷത്തിലെ വരികളാണ്. ഇതിന്റെ ആദ്യഭാഗം നമുക്കെല്ലാവർക്കും സുപരിചിതമാണ്. എന്നാൽ ഇതിനൊരു രണ്ടാം ഭാഗം കൂടിയുണ്ട്: "ലക്ഷ്യത്തിലേക്കുള്ള വഴി ഒരു കത്തിയുടെ വായ്ത്തല പോലെ മൂർച്ചയേറിയതും അതികഠിനവുമാണ്" എന്ന് ജ്ഞാനികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.



ആ ശ്ലോകത്തിൽ സൂചിപ്പിച്ചതുപോലെ, 'വികസിത കേരളം' എന്ന ലക്ഷ്യത്തിലേക്കുള്ള വഴി ഏറെ കഠിനമാണ്. വ്യക്തമായ ലക്ഷ്യബോധത്തോടെയും കർമ്മശേഷിയോടെയും മാത്രമേ നമുക്കത് നേടിയെടുക്കാൻ കഴിയൂ. ഇതിനായി നാമെല്ലാവരും ഒരുമിച്ച് ചിന്തിക്കുകയും ആശയങ്ങൾ പങ്കുവെക്കുകയും ചെയ്യേണ്ട സമയമാണിത്.

നാടിന്റെ മാറ്റത്തിനായുള്ള ഈ വികസനരേഖ നിങ്ങളുടെ കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും പങ്കുവെക്കണമെന്നും, ഇതിലെ ആശയങ്ങളെക്കുറിച്ച് സജീവമായ ചർച്ചകൾ നടത്തണമെന്നും ഞങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു



ഈ പ്രകടനപത്രിക നിങ്ങളുടേതാണ്.

**അവസാന കേരളീയനെയും ഉന്നതിയിലേക്ക് എത്തിക്കാനുള്ള ഏക മാർഗ്ഗമാണ് 'വികസിത കേരളം'.**

ഭരണസംവിധാനത്തെ അടിമുടി നവീകരിച്ചും, ജനങ്ങളെ വിശ്വാസത്തിലെടുത്തും, സമൂഹത്തെ ഒന്നടങ്കം ശാക്തീകരിച്ചുമാണ് ഈ പാതയിലൂടെ നാം മുന്നേറേണ്ടത്.

# മികവിന്റെ രാഷ്ട്രീയം

### വികസിത കേരളം: ദീർഘകാല വികസനരേഖ

കേവലം താൽക്കാലിക പരിഹാരങ്ങൾക്കപ്പുറം, സുസ്ഥിരവും ദീർഘവീക്ഷണത്തോടെ ഉള്ളതുമായ വികസനത്തിനാണ് ഞങ്ങൾ ഊന്നൽ നൽകുന്നത്. വരുംതലമുറകൾക്ക് കൂടി അവകാശപ്പെട്ട, സമൃദ്ധവും സമ്പന്നവുമായ ഒരു കേരളം കെട്ടിപ്പടുക്കുകയാണ് ഞങ്ങൾ ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

### ശാസ്ത്രീയവും സുതാര്യവുമായ ഭരണനയങ്ങൾ

വിശ്വസനീയമായ വിവരങ്ങൾ, വിദഗ്ദ്ധ പഠനങ്ങൾ, തെളിവധിഷ്ഠിത വിശകലനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും ഞങ്ങളുടെ ഓരോ തീരുമാനങ്ങളും. ഭരണനിർവ്വഹണം കൂടുതൽ യുക്തിഭദ്രവും കാര്യക്ഷമവുമാക്കുന്നതിനുമൊപ്പം വ്യാജപ്രചാരണങ്ങളെയും പ്രീണന രാഷ്ട്രീയത്തെയും ശക്തമായി ചെറുത്തുതോൽപ്പിക്കാനും ഈ സമീപനം കരുത്തേകും.

### വ്യക്തമായ ഫലപ്രാപ്തി, കൃത്യമായ സമയക്രമം, കർശനമായ നിരീക്ഷണ സംവിധാനങ്ങൾ

പ്രവൃത്തിപഥത്തിൽ എത്താത്ത കാഴ്ചപ്പാടുകൾ അർത്ഥശൂന്യമാണ്. ഓരോ പദ്ധതിയും കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ, കർശനമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

# സദ്ഭരണം

## അഴിമതിമുക്തം

സർവ്വതലങ്ങളിലും സുതാര്യത ഉറപ്പുവരുത്തുന്ന, അഴിമതി രഹിതവും ഉത്തരവാദിത്തമുള്ളതുമായ ഒരു ഭരണം കെട്ടിപ്പടുക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

## എഐ(AI) - അധിഷ്ഠിത സുതാര്യവും കാര്യക്ഷമവുമായ ഭരണം

മികച്ച ഭരണവും സേവനങ്ങളും സുരക്ഷയും ഉറപ്പാക്കാൻ നിർമ്മിത ബുദ്ധി (AI) പ്രയോജനപ്പെടുത്തും. ഇതിലൂടെ സുതാര്യതയുള്ള ജനപക്ഷ ഭരണസംവിധാനമായി സർക്കാർ മാറും.

## ജനകീയവും ഉത്തരവാദിത്തമുള്ളതുമായ ഭരണനിർവ്വഹണം

ഓരോ ജില്ലയിലും 2 ഐ.എ.എസ് ഉദ്യോഗസ്ഥർക്ക്, താഴെ പറയുന്നവയുടെ പൂർണ്ണ ഉത്തരവാദിത്തം നൽകിക്കൊണ്ട് ശാസ്ത്രീയമായ ഭരണസംവിധാനം ഉറപ്പാക്കും:

1. റവന്യൂ, ക്രമസമാധാന പാലനം
2. വികസനവും സാമൂഹിക ക്ഷേമവും

## തുല്യാവകാശം

സാമൂഹിക പശ്ചാത്തലമോ മറ്റ് ബന്ധങ്ങളോ പരിഗണിക്കാതെ, ഓരോ പൗരന്റെയും അന്തസ്സും അവകാശങ്ങളും ഞങ്ങൾ സംരക്ഷിക്കും.

## തുല്യനീതി

രാഷ്ട്രീയ ചായ്‌വുകൾ, മതം, അല്ലെങ്കിൽ സാമൂഹിക പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള യാതൊരുവിധ മുൻവിധികളോ പക്ഷപാതമോ ഇല്ലാതെ നീതി നടപ്പാക്കപ്പെടുന്നുവെന്ന് ഞങ്ങൾ ഉറപ്പാക്കും.

## അവസര സമത്വം

എല്ലാവർക്കും ജീവിതവിജയം നേടാൻ തക്കവണ്ണം തുല്യ അവസരങ്ങൾ ഒരുക്കിക്കൊണ്ട്, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

# പ്രധാന പദ്ധതികളും ലക്ഷ്യങ്ങളും

## മെച്ചപ്പെട്ട ജീവിതനിലവാരം, കുറഞ്ഞ ജീവിതച്ചെലവ്

1. ഭക്ഷ്യ-ആരോഗ്യ സുരക്ഷ
   1A. ഭക്ഷ്യ സമൃദ്ധ കേരളവും കർഷക ക്ഷേമവും
   1B. കേരളത്തിന് എയിംസും സമഗ്ര ആരോഗ്യ ഇൻഷൂറൻസും
   1C. ഭക്ഷ്യ-ആരോഗ്യ സുരക്ഷ കാർഡുകൾ

2A. വാതിൽപ്പടി ആരോഗ്യപരിചരണം
മൊബൈൽ ആശുപത്രി
2B. വാതിൽപ്പടി ആരോഗ്യപരിചരണം
24/7 സാർവത്രിക സൗജന്യ ആംബുലൻസ് സേവനങ്ങൾ

3. എല്ലാവർക്കും മിതമായ നിരക്കിൽ തടസ്സമില്ലാത്ത ഊർജ്ജം
4. പാചകവാതക സബ്സിഡി
5. സൗജന്യ കുടിവെള്ളവും സമഗ്ര ജലസുരക്ഷയും
6. ക്ഷേമ പെൻഷൻ വർദ്ധനവിലൂടെ സമഗ്ര വികസനം

## വികസിത കേരള നിർമ്മിതിക്കായി അടിസ്ഥാന സൗകര്യവികസനം

1. അതിവേഗ റെയിൽ ശൃംഖല
2. റെയിൽവേ വിപുലീകരണം
3. വിഴിഞ്ഞം തുറമുഖാധിഷ്ഠിത വികസനം
4. റോഡ് വികസനം
5. മെട്രോ ശൃംഖല
6. തെരുവ് വിളക്ക് നവീകരണം

## നിക്ഷേപ കുതിപ്പും തൊഴിൽ വിപ്ലവവും

1. തൊഴിലധിഷ്ഠിത വ്യവസായ-വാണിജ്യ പുനരുജ്ജീവനം
2. സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഇലക്ട്രോണിക്സ് വ്യവസായ വിപ്ലവം

## നമ്മുടെ യുവതയുടെ ഭാവി

1. 12 ക്ലാസ് വരെ സൗജന്യ ഐച്ഛിക ഇംഗ്ലീഷ് വിദ്യാഭ്യാസം
2. വ്യവസായ അധിഷ്ഠിത ഉന്നതവിദ്യാഭ്യാസം

## സ്വച്ഛ കേരളം

1. മാലിന്യ സംസ്കരണം

## നീതി, സമത്വം, ജനകീയ ഭരണവും

1. വിശ്വാസ സംരക്ഷണവും ആരാധനാലയങ്ങളുടെ പരിപാലനവും
2. സാമുദായിക മൈത്രി
3. പട്ടികജാതി പട്ടിക വർഗ്ഗ , ഒ.ബി.സി. ശാക്തീകരണം
4. AI കരുത്തിൽ അഴിമതിമുക്ത ജനകീയ ഭരണം

## ആധുനിക നഗരങ്ങൾ, ആധുനിക ഗ്രാമങ്ങൾ

1. വികസിത കോർപ്പറേഷൻ: 10 വർഷ കർമ്മപദ്ധതി
2. ആത്മനിർഭർ ഗ്രാമങ്ങൾ

## വ്യക്തി സുരക്ഷ

1. ലഹരിമുക്ത സംസ്ഥാനവും ലഹരിമുക്ത കാമ്പസുകളും
2. കുറ്റകൃത്യങ്ങളുടെ നിരക്ക് കുറയ്ക്കൽ
3. തെരുവുനായ ശല്യത്തിന് അന്ത്യം
4. നാരി സുരക്ഷ

## ജനസുരക്ഷയും പാരിസ്ഥിതിക അതിജീവനവും

1. മുല്ലപ്പെരിയാർ അണക്കെട്ട്: കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം
2. തീരദേശ സംരക്ഷണം
3. വന്യജീവി ആക്രമണങ്ങൾ തടയൽ

## നേട്ടങ്ങൾ

യഥാർത്ഥ ദാരിദ്ര്യ നിർമാർജ്ജനം

സമാധാനം, ആരോഗ്യം, സന്തോഷം

സാമ്പത്തികമായി സ്വയംപര്യാപ്തമായ സംസ്ഥാനം

# മികച്ച ജീവിതനിലവാരവും

# താങ്ങാനാവുന്ന ജീവിതച്ചെലവും




बेटी बचाओ
बेटी पढ़ाओ
MANTRI JAN DHAN YINA

# ഭക്ഷ്യസുരക്ഷയും
# ആരോഗ്യ സുരക്ഷയും



# ഭക്ഷ്യ സമൃദ്ധ കേരളവും
# കർഷക ക്ഷേമവും



# 1A. ഭക്ഷ്യ സമൃദ്ധ കേരളവും കർഷക ക്ഷേമവും

**വാഗ്ദാനം: കേരളത്തിന്റെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിച്ച് ഒരു ഭക്ഷ്യ സമൃദ്ധ സംസ്ഥാനമാക്കി മാറ്റുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.**

വർഷങ്ങളായുള്ള അവഗണനയും കെടുകാര്യസ്ഥതയും കേരളത്തിന്റെ കാർഷിക മേഖലയെ തളർത്തിയിരിക്കുകയാണ്. കേരള മാർക്കറ്റ് നിരീക്ഷണ സർവ്വേ (2021-22) പ്രകാരം നമ്മുടെ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, മുട്ട, മാംസം എന്നിവയുടെ 90 ശതമാനവും, പഴവർഗ്ഗങ്ങളുടെ 65 ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. അയൽ സംസ്ഥാനങ്ങളിൽ ഏതെങ്കിലുമൊരു പ്രതിസന്ധിയുണ്ടാകുമ്പോൾ, ഈ അമിത ആശ്രയത്വം കാരണം ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് മലയാളികളാണ്. നമ്മുടെ കർഷകരെ ശാക്തീകരിച്ചും, അത്യാവശ്യമായ ആധുനിക സംഭരണ ശാലകൾ നിർമ്മിച്ചും കേരളത്തെ ഒരു 'ഭക്ഷ്യസമൃദ്ധ' സംസ്ഥാനമാക്കി ഞങ്ങൾ മാറ്റും. ഇതിലൂടെ ഗുണമേന്മയുള്ള ഭക്ഷണം താങ്ങാനാവുന്ന വിലയിൽ ഓരോ മലയാളിക്കും ഉറപ്പാക്കും.

**പ്രധാന പദ്ധതികൾ**

1. **എല്ലാ അർഹമായ വിളകൾക്കും താങ്ങുവില:** കാർഷിക മേഖലയിൽ വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ അർഹമായ വിളകൾക്കും താങ്ങുവില (MSP) ഉറപ്പാക്കും. ഇതിലൂടെ അയൽ സംസ്ഥാനങ്ങളോടുള്ള ആശ്രിതത്വം കുറയ്ക്കും.
2. **ഡിജിറ്റൽ സംഭരണവും നേരിട്ടുള്ള ധനകൈമാറ്റവും (DBT):** നെല്ല് കർഷകരെ ദുരിതത്തിലാക്കിയ, പരാജയപ്പെട്ട പി.ആർ.എസ് (PRS) സംവിധാനത്തിന് പകരമായി, സുതാര്യവും സമയബന്ധിതവുമായി ബാങ്ക് അക്കൗണ്ടിലേക്ക് പണം (DBT) ഉറപ്പാക്കി അവരെ കടബാധ്യതകളിൽ നിന്നും കരകയറ്റും.
3. **ശീതീകരണ സംഭരണ ശൃംഖല:** സംസ്ഥാനത്തുടനീളം ശീതീകൃത സംഭരണ ശൃംഖല (Cold Storage Network) വിപുലീകരിച്ച് വിളവെടുപ്പിന് ശേഷമുള്ള നാശനഷ്ടങ്ങൾ കുറയ്ക്കും. ഓരോ മലയാളി കർഷകനും തന്റെ ഉൽപ്പന്നത്തിന് ഏറ്റവും മികച്ച വില ലഭിക്കുന്നുണ്ടെന്ന് ഇതിലൂടെ ഉറപ്പാക്കും.
4. **റവന്യൂ-വനം നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ** വരുത്തി, തോട്ടം ഭൂമികളിൽ സമ്മിശ്ര കൃഷിക്ക് (Multicrop Agriculture) അവസരമൊരുക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. കാർഷിക മേഖലയുടെ **ദ്രുതഗതിയിലുള്ള പുനരുജ്ജീവനം** വഴി കർഷകർക്ക് വിപണിയിൽ ആരോഗ്യകരമായി മത്സരിക്കാൻ സാധിക്കുകയും അവരുടെ **വരുമാനം വർദ്ധിക്കുകയും** ചെയ്യും. ഒപ്പം ജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷണം ന്യായമായ വിലയിൽ ലഭ്യമാകും.
2. വിവിധ വിളകൾക്ക് താങ്ങുവില ഉറപ്പാക്കിയും, തോട്ടം ഭൂമികളിൽ ബഹുവിള കൃഷിക്ക് അനുമതി നൽകിയും കേരളത്തെ ഒരു **'ഭക്ഷ്യ സമൃദ്ധ' സംസ്ഥാനമായി മാറ്റും.** പ്രാദേശിക ഉൽപ്പാദനം വർദ്ധിക്കുന്നതോടെ അയൽ സംസ്ഥാനങ്ങളോടുള്ള അമിത ആശ്രയത്വം അവസാനിക്കും.
3. **ശുദ്ധമായ ആഹാരം, മെച്ചപ്പെട്ട ആരോഗ്യം:** ഓരോ മലയാളിക്കും താങ്ങാനാവുന്ന നിരക്കിൽ ഗുണമേന്മയുള്ള ആഹാരം ഉറപ്പാക്കുന്നതിലൂടെ അവരുടെ ആരോഗ്യവും ജീവിതനിലവാരവും ഗണ്യമായി ഉയരും.

# കേരളത്തിന് എയിംസും സമഗ്ര ആരോഗ്യ ഇൻഷുറൻസും



# 1B . കേരളത്തിന് എയിംസും (AIIMS) സമഗ്ര ആരോഗ്യ ഇൻഷുറൻസും

**വാഗ്ദാനം: ആയുഷ്മാൻ ഭാരത് (PM-JAY) പദ്ധതി വിപുലീകരിച്ച് ഓരോ മലയാളിക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും. കൂടാതെ, കേരളത്തിന്റെ ദീർഘകാല സ്വപ്നമായ ആദ്യത്തെ എയിംസ് (AIIMS) സ്ഥാപിച്ച് അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കും.**

ഭാരതത്തിൽ ഏറ്റവും കൂടുതൽ മുതിർന്ന പൗരന്മാരുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇവിടുത്തെ ഭൂരിഭാഗം കുടുംബങ്ങളും ജീവിതശൈലി രോഗങ്ങളോ മാറാരോഗങ്ങളോ മൂലം ബുദ്ധിമുട്ടുന്നവരാണ്. ഓരോ മാസവും ചികിത്സയ്ക്കും മരുന്നിനുമായി ചെലവാകുന്ന വൻതുക കുടുംബ ബജറ്റുകളെ താളംതെറ്റിക്കുന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന മെഡിക്കൽ എമർജൻസികളിൽ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തതും, സംസ്ഥാനത്ത് ഒരു എയിംസിന്റെ അഭാവം മൂലം വിദഗ്ധ ചികിത്സയ്ക്ക് വൻതുക നൽകേണ്ടി വരുന്നതും സാധാരണക്കാരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് തള്ളിവിടുന്നത്. മേല്പറഞ്ഞതിനെല്ലാം സമഗ്രമായ പരിഹാരം കാണുക എന്നതാണ് ഞങ്ങളുടെ മുൻഗണന.

**പ്രധാന പദ്ധതികൾ**

1. ഓരോ മലയാളിക്കും ചികിത്സാ സഹായം ഉറപ്പാക്കുന്നതിനായി **ആയുഷ്മാൻ ഭാരത് (PM-JAY)** പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കും.
2. അത്യാധുനിക ചികിത്സയ്ക്കായുള്ള കേരളത്തിന്റെ കാത്തിരിപ്പിന് അറുതി വരുത്തിക്കൊണ്ട് സംസ്ഥാനത്തെ ആദ്യത്തെ **എയിംസ് (AIIMS)** സ്ഥാപിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **ആയുഷ്മാൻ ഭാരത് (PM-JAY) പദ്ധതി വിപുലീകരിക്കുന്നതോടെ,** അടിയന്തര സാഹചര്യങ്ങളിൽ ഓരോ മലയാളിക്കും സാമ്പത്തിക സുരക്ഷിതത്വം ലഭിക്കുകയും ചികിത്സാച്ചെലവ് മൂലമുള്ള കടക്കെണിയിൽ നിന്ന് അവർ മോചിതരാവുകയും ചെയ്യും.
2. **കേരളത്തിൽ എയിംസ്** സ്ഥാപിക്കപ്പെടുന്നതോടെ, ഏറ്റവും മികച്ച **ചികിത്സാ സൗകര്യങ്ങൾ കുറഞ്ഞ ചിലവിൽ** നമ്മുടെ സംസ്ഥാനത്തുതന്നെ ലഭ്യമാകും.
3. **മിതമായ നിരക്കിലുള്ള ഔഷധങ്ങളും മികച്ച ചികിത്സാ സൗകര്യങ്ങളും ഇൻഷൂറൻസും** ഉറപ്പാക്കുന്നതിലൂടെ, ആരോഗ്യം അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു ജനപക്ഷ ക്ഷേമസംസ്ഥാനമായി കേരളം മാറും.

# ഭക്ഷ്യ-ആരോഗ്യ സുരക്ഷാ കാർഡുകൾ



# 1C. ഭക്ഷ്യ-ആരോഗ്യ സുരക്ഷാ കാർഡുകൾ

**വാഗ്ദാനം: പാവപ്പെട്ടവരും ബി.പി.എൽ (BPL) വിഭാഗത്തിൽപ്പെട്ടവരുമായ ഓരോ കുടുംബത്തിലെയും വനിതകൾക്ക് പ്രതിമാസം ₹2,500 ലഭ്യമാക്കുന്ന 'ഭക്ഷ്യ-ആരോഗ്യ സുരക്ഷാ കാർഡ്'. ഈ തുക ഫാർമസികളിലും പലചരക്ക് കടകളിലും പണമിടപാടുകൾക്കായി ഉപയോഗിക്കാം.**

2022-23 കാലയളവിലെ കണക്കുകൾ പ്രകാരം, ആശുപത്രി ചെലവുകൾക്കായി മലയാളി കുടുംബങ്ങൾ ദേശീയ ശരാശരിയേക്കാൾ ഏകദേശം ഇരട്ടി തുകയാണ് ചെലവാക്കുന്നത്. ഇന്ത്യയിൽ ചികിത്സയ്ക്കായി സ്വന്തം കൈയ്യിൽ നിന്ന് ഏറ്റവും കൂടുതൽ പണം ചെലവാക്കേണ്ടി വരുന്നത് കേരളത്തിലെ സാധാരണക്കാർക്കാണ്. ചെലവ് ചുരുക്കാനെന്ന പേരിൽ എൽ.ഡി.എഫ് സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) പോലും ബ്രാൻഡഡ് മരുന്നുകൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. അതേസമയം, കൃഷിമേഖലയോടുള്ള അവഗണന കാരണം ഭക്ഷ്യവസ്തുക്കൾക്കായി പൂർണ്ണമായും ഇറക്കുമതിയെ ആശ്രയിക്കേണ്ടി വരുന്നത് സാധാരണക്കാരന്റെ കുടുംബ ബജറ്റിനെ തകർക്കുന്നു.

അടുത്ത നേരത്തെ ഭക്ഷണത്തെക്കുറിച്ചോ മരുന്നിനെക്കുറിച്ചോ ഉള്ള ആശങ്കകളില്ലാതെ പാവപ്പെട്ട കുടുംബങ്ങളെ മാന്യമായി ജീവിക്കാൻ സഹായിക്കുക എന്നത് അനിവാര്യമാണ്. ആവർത്തിച്ചുവരുന്ന ഭക്ഷ്യ-ആരോഗ്യ ചെലവുകളുടെ ഭാരം കുറയ്ക്കുക എന്നതിനാണ് ഞങ്ങളുടെ മുൻഗണന.

**പ്രധാന പദ്ധതികൾ**

1. പാവപ്പെട്ടവരും ബി.പി.എൽ (BPL) വിഭാഗത്തിൽപ്പെട്ടവരുമായ ഓരോ കുടുംബത്തിലെയും വനിതകൾക്ക് **പ്രതിമാസം ₹2,500** വീതം റീചാർജ് ചെയ്യുന്ന **'ഭക്ഷ്യ-ആരോഗ്യ സുരക്ഷാ കാർഡ്'** ലഭ്യമാക്കും. ഇത് മരുന്നുകൾക്കും പലചരക്ക് സാധനങ്ങൾക്കുമായി ഉപയോഗിക്കാം.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **സ്ത്രീ ശാക്തീകരണം:** ഈ കാർഡുകൾ സ്ത്രീകൾക്ക് നൽകുന്നതിലൂടെ കുടുംബത്തിന്റെ സാമ്പത്തിക തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം അവർക്ക് ലഭിക്കുന്നു. ഇത് കുടുംബത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ ഗുണപരമായ മാറ്റമുണ്ടാക്കും.
2. **വിലക്കയറ്റത്തിൽ നിന്ന് സംരക്ഷണം:** വിപണിയിലെ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം പാവപ്പെട്ട കുടുംബങ്ങളെ ബാധിക്കാതെ ഈ പദ്ധതി സംരക്ഷിക്കും.
3. **സാമ്പത്തിക സുരക്ഷ:** പ്രതിവർഷം ₹30,000 രൂപയുടെ സാമ്പത്തിക താങ്ങ് ലഭിക്കുന്നതിലൂടെ ബി.പി.എൽ കുടുംബങ്ങളുടെ വാങ്ങൽ ശേഷി ഗണ്യമായി വർദ്ധിക്കും.

# വാതിൽപ്പടി ആരോഗ്യപരിരക്ഷ

# മൊബൈൽ ആശുപത്രികൾ



# 2A. വാതിൽപ്പടി ആരോഗ്യപരിരക്ഷ മൊബൈൽ ആശുപത്രികൾ

**വാഗ്ദാനം:ഡോക്ടർമാരും നഴ്സുമാരും ഇനി നിങ്ങളുടെ വീട്ടിലെത്തും**

**നേരിടുന്ന പ്രതിസന്ധി:**

1. കേരളത്തിലെ പ്രായമായവരിൽ നല്ലൊരു പങ്കും കിടപ്പിലായവരോ, നടക്കാൻ പ്രയാസമനുഭവിക്കുന്നവരോ ആണ്.
2. ആശുപത്രികളിലെ തിരക്കിന്റെ മൂന്നിലൊന്നും ചെറിയ പരിശോധനകൾക്കും മുറിവ് കെട്ടുന്നതിനും ദീർഘകാല രോഗങ്ങൾക്കുള്ള പതിവ് ചെക്കപ്പുകൾക്കുമാണ്. ഈ തിരക്ക് ഒഴിവാക്കാൻ ശാസ്ത്രീയമായ മാറ്റം അനിവാര്യമാണ്.
3. മക്കൾ വിദേശത്തായതിനെത്തുടർന്ന് നാട്ടിലെ മാതാപിതാക്കളിൽ പലരും വാർദ്ധക്യകാലത്ത് ഒറ്റപ്പെട്ട ജീവിതമാണ് നയിക്കുന്നത്.
4. പ്രായമായവർക്ക് പതിവായുള്ള ആശുപത്രി യാത്രകൾ ശാരീരികമായും സാമ്പത്തികമായും വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്.

ചികിത്സ തേടി രോഗിയല്ല പോകേണ്ടത്, മറിച്ച് രോഗിയെ തേടി ചികിത്സയെത്തണം.

**ഞങ്ങളുടെ ശാശ്വത പരിഹാരം:**

സംസ്ഥാനത്തെ എല്ലാ **ബ്ലോക്ക് പഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും** പൂർണ്ണ സജ്ജമായ ഓരോ **'മൊബൈൽ ആശുപത്രി യൂണിറ്റുകൾ'** നൽകും. ഓരോ യൂണിറ്റിലും താഴെ പറയുന്നവ ഉറപ്പാക്കും:

1. യോഗ്യതയുള്ള ഒരു ഡോക്ടർ
2. പരിശീലനം ലഭിച്ച ഒരു നഴ്സ്
3. ജീവൻരക്ഷാ മരുന്നുകൾ
4. അടിസ്ഥാന പരിശോധനാ ഉപകരണങ്ങൾ
5. ലാബ് പരിശോധനകൾക്കായി വീടുകളിൽ നിന്ന് സാമ്പിൾ ശേഖരിക്കാനുള്ള സംവിധാനം

ഈ മൊബൈൽ യൂണിറ്റുകൾ അതത് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ താമസക്കാരെ നേരിൽ സന്ദർശിക്കുകയും, വീടുകളിൽ വച്ചുതന്നെ പരിശോധനയും ആവശ്യമായ ചികിത്സയും ഉറപ്പാക്കുകയും ചെയ്യും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. അത്യാസന്ന നിലയിലുള്ള രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ വേഗത്തിൽ ചികിത്സ ലഭ്യമാക്കാൻ സാധിക്കും.
2. സർക്കാർ ആശുപത്രികളിലെ അമിത തിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിയും. പ്രമേഹം മൂലമുള്ള മുറിവുകൾ, ഉയർന്ന രക്തസമ്മർദ്ദം, മറ്റ് അണുബാധകൾ എന്നിവ ആരംഭത്തിലേ കണ്ടെത്താനും കൃത്യമായ ചികിത്സ നൽകാനും സാധിക്കും.
3. ഭീമമായ സാമ്പത്തിക ചെലവ് വരുന്ന ഐ.സി.യു (ICU) പ്രവേശനം ഒരു പരിധി വരെ ഒഴിവാക്കാൻ സഹായിക്കും.
4. വയോജനങ്ങളുള്ള കുടുംബങ്ങളുടെ മാനസിക സമ്മർദ്ദവും സാമ്പത്തിക ബുദ്ധിമുട്ടുകളും ഇല്ലാതാക്കുന്നു.

# വാതിൽപ്പടി ആരോഗ്യപരിരക്ഷ

## 24/7 സാർവത്രിക സൗജന്യ ആംബുലൻസ് സേവനം



# 2B. വാതിൽപ്പടി ആരോഗ്യ പരിരക്ഷ - 24/7 സാർവത്രിക സൗജന്യ ആംബുലൻസ് സേവനം

**വാഗ്ദാനം: മുഴുവൻ സമയ (24/7) സാർവത്രിക സൗജന്യ ആംബുലൻസ് സേവനം**

**നേരിടുന്ന വെല്ലുവിളികൾ:**

അത്യാഹിതഘട്ടങ്ങളിൽ, ഓരോ മിനിറ്റും ജീവന്റെയും മരണത്തിന്റെയും അതിർവരമ്പുകൾ നിശ്ചയിക്കുന്നു. ഗ്രാമീണ-മലയോര മേഖലകളിൽ മികച്ച അടിയന്തര ഗതാഗത സൗകര്യങ്ങളില്ലാത്തതിനാൽ സുരക്ഷിതമല്ലാത്ത സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്, ആശുപത്രിയിലെത്താനുള്ള കാലതാമസത്തിനും മരണനിരക്ക് ഗണ്യമായി വർദ്ധിക്കുന്നതിനും കാരണമാകുന്നു.

**ശാശ്വത പരിഹാരം:** ഓരോ **ബ്ലോക്ക് പഞ്ചായത്തിനും, മുനിസിപ്പാലിറ്റിക്കും, കോർപ്പറേഷനും** 24 മണിക്കൂറും പ്രവർത്തിക്കുന്ന **പൂർണ്ണ സജ്ജമായ ഓരോ ആംബുലൻസ് വീതം അനുവദിക്കും.** ഈ സേവനത്തിന്റെ പ്രത്യേകതകൾ:

1. പൂർണ്ണമായും സൗജന്യ സേവനം.
2. ഓരോ പൗരനും ലഭ്യമാണ്.
3. ആധുനിക ജീവൻരക്ഷാ സൗകര്യങ്ങളോടെ സജ്ജീകരിച്ചിട്ടുള്ളത്.

**ജനങ്ങൾക്ക് ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ:**

1. രോഗി ആംബുലൻസിൽ കയറുന്ന നിമിഷം മുതൽ വിദഗ്ധ വൈദ്യസഹായം ആരംഭിക്കുന്നു.
2. ജീവൻ രക്ഷിക്കാൻ ഏറ്റവും പ്രധാനപ്പെട്ട ആദ്യ മണിക്കൂറിൽ തന്നെ അടിയന്തര ചികിത്സ ഉറപ്പാക്കുന്നു.
3. വിദഗ്ധ ചികിത്സാ കേന്ദ്രങ്ങളിലേക്ക് വേഗത്തിൽ എത്തിച്ചേരാനാകുന്നു.
4. അത്യാഹിതഘട്ടങ്ങളിൽ സ്വന്തം പണം ചെലവാക്കേണ്ടി വരുന്നില്ല.
5. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം സഹായം തേടാൻ മടിക്കേണ്ടതില്ല.
6. സാമ്പത്തിക ബുദ്ധിമുട്ടുകളോ യാത്രാസൗകര്യത്തിന്റെ കുറവോ കാരണം ഇനി ഒരു ജീവനും പൊലിയില്ല.

**പൊതുജനാരോഗ്യത്തിലെ സ്വാധീനം:**

1. ഹൃദയാഘാതം, അപകടങ്ങൾ (Trauma) എന്നിവ ഉണ്ടാകുന്ന കേസുകളിൽ അതിജീവന നിരക്ക് വർദ്ധിക്കും.
2. കേരളത്തിൽ നഗര-ഗ്രാമ ഭേദമന്യേ മികച്ച അടിയന്തര പ്രതികരണ സംവിധാനം ഉറപ്പാക്കുന്നു.
3. സുരക്ഷിതമല്ലാത്ത സ്വകാര്യ ഗതാഗതത്തെ ആശ്രയിക്കുന്നത് കുറയ്ക്കുന്നു.
4. കൂടുതൽ ശക്തവും സംയോജിതവുമായ അടിയന്തര മെഡിക്കൽ ശൃംഖല രൂപപ്പെടുന്നു.

# എല്ലാവർക്കും മിതമായ നിരക്കിൽ തടസ്സമില്ലാത്ത ഊർജ്ജം



# 3. എല്ലാവർക്കും മിതമായ നിരക്കിൽ തടസ്സമില്ലാത്ത ഊർജ്ജം

**വാഗ്ദാനം: പി.എം സൂര്യഘർ പദ്ധതിയിൽ ഉൾപ്പെടെ സബ്സിഡി ലഭ്യമാക്കി ഓരോ വീടിനും തടസ്സമില്ലാത്തതും താങ്ങാനാവുന്നതുമായ വൈദ്യുതി ഉറപ്പാക്കും.**

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ കേരളത്തിലെ ഗാർഹിക വൈദ്യുതി നിരക്കുകളിൽ വലിയ വർദ്ധനവാണുണ്ടായിരിക്കുന്നത്. യൂണിറ്റ് നിരക്ക്, ഫിക്സഡ് ചാർജ്ജ്, സർവീസ് ചാർജ്ജ്, കൂടാതെ ഇടയ്ക്കിടെയുള്ള സർചാർജ്ജുകൾ എന്നിവയിലെല്ലാം ഉണ്ടായ തുടർച്ചയായ വർദ്ധനവ് സാധാരണക്കാരെയും, പ്രത്യേകിച്ച് ഇടത്തരക്കാരെയും വലിയ സാമ്പത്തിക ബാധ്യതയിലേക്കാണ് തള്ളിവിട്ടത്. ലോഡ്ഷെഡിംഗ് പഴയ കഥയാണെന്നും കേരളത്തിൽ ഇനി പവർകട്ട് ഉണ്ടാകില്ലെന്നുമുള്ള സർക്കാരുകളുടെ ആവർത്തിച്ചുള്ള ഉറപ്പുകൾ വെറും വാഗ്ദാനങ്ങളായി അവശേഷിക്കുന്നു. പ്രഖ്യാപിക്കാത്ത വൈദ്യുതി തടസ്സങ്ങൾ ഇന്നും ജനജീവിതത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്.

**പ്രധാന വെല്ലുവിളികൾ:**

1. **തുടർച്ചയായ വിലക്കയറ്റം:** 2015 മുതൽ കേരളത്തിലെ വൈദ്യുതി നിരക്കുകളിൽ തുടർച്ചയായ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിരക്ക് നിശ്ചയിക്കുന്ന സ്ലാബ് ഘടനയിലുണ്ടായ മാറ്റങ്ങളും, വൈദ്യുതി ഉപയോഗിച്ചാലും ഇല്ലെങ്കിലും നൽകേണ്ടി വരുന്ന വർദ്ധിച്ച പ്രതിമാസ ഫിക്സഡ് ചാർജ്ജുകളും സാധാരണക്കാരെ വലിയ പ്രതിസന്ധിയിലാക്കി. ഇതിനുപുറമെ, പ്രവചനാതീതമായ ഇന്ധന സർചാർജ്ജുകളും പുതിയ സർവീസ് ചാർജ്ജുകളും അടിച്ചേൽപ്പിച്ചത് ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ഭാരം താങ്ങാവുന്നതിലപ്പുറമാക്കി മാറ്റിയിരിക്കുകയാണ്.
2. **സൗരോർജ്ജ പദ്ധതികളിലെ തടസ്സങ്ങൾ:** മോദി സർക്കാരിന്റെ **'പി.എം സൂര്യ ഘർ മുഫ്ത് ബിജ്ലി യോജന'** പദ്ധതിയിലൂടെ സോളാർ പാനലുകൾക്ക് സബ്സിഡി നൽകുന്നുണ്ടെങ്കിലും, സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും ബോധപൂർവ്വമായ നടപടിക്രമങ്ങളിലെ തടസ്സങ്ങളും കാരണം ഈ പദ്ധതിയുടെ പൂർണ്ണ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല.

**പ്രധാന പദ്ധതികൾ**

1. പൊതുജനങ്ങളുടെ സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനായി, ഗാർഹിക ഉപഭോക്താക്കളുടെ എല്ലാ വൈദ്യുതി നിരക്കുകളിലും പ്രത്യേക സബ്സിഡി ലഭ്യമാക്കും.
2. ദീർഘകാല ഊർജ്ജ സ്വയം പര്യാപ്തത ഉറപ്പാക്കുന്നതിന്റെ ഭാഗമായി അർഹരായ എല്ലാ കുടുംബങ്ങൾക്കും സോളാർ ബാറ്ററികൾ വാങ്ങുന്നതിന് 50% 'ഗ്രീൻ സ്റ്റോറേജ് സബ്സിഡി' സർക്കാർ നൽകുന്നതാണ്. ഇതിലൂടെ എല്ലാ കുടുംബങ്ങൾക്കും 24 മണിക്കൂറും സോളാർ വൈദ്യുതി സംഭരിച്ച് ഉപയോഗിക്കാൻ സാധിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **സാമ്പത്തിക ലാഭവും സാമൂഹിക നീതിയും:** വൈദ്യുതി നിരക്കിലെ ഈ സബ്സിഡിയിലൂടെ ഇടത്തരം-ചെറുകിട വരുമാനമുള്ള കുടുംബങ്ങൾക്കും, ദിവസവേതനക്കാർക്കും, ഗ്രാമീണ-ഗോത്ര സമൂഹങ്ങൾക്കും വലിയ സാമ്പത്തിക ലാഭം ഉറപ്പാക്കുന്നു. അത്യാവശ്യമായ ഊർജ്ജ ലഭ്യത എന്നത് ഒരു മൗലികാവകാശമായി നിലനിൽക്കുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു.
2. **ഓരോ മലയാളിയും ഒരു ഊർജ്ജ സംരംഭകൻ:** പി.എം സൂര്യഘർ' പദ്ധതിയിലൂടെ സൗജന്യ വൈദ്യുതി ലഭിക്കുക എന്നത് മാത്രമല്ല, അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി സർക്കാരിന് ലാഭത്തിൽ വിൽക്കാനും ഓരോ മലയാളിക്കും അവസരമൊരുക്കും..



# പാചകവാതക സബ്സിഡി

# 4. പാചകവാതക സബ്സിഡി

**വാഗ്ദാനം: ഓണം, ക്രിസ്തുമസ് അവസരങ്ങളിൽ ഓരോന്നായി വർഷത്തിൽ 2 സൗജന്യ എൽപിജി സിലിണ്ടറുകൾ എല്ലാ പാവപ്പെട്ട കുടുംബങ്ങൾക്കും നൽകും.**

2025-ലെ കണക്കനുസരിച്ച് കേരളത്തിലെ ഏകദേശം 98.1 ലക്ഷം കുടുംബങ്ങളിലും പ്രധാനമായി ഉപയോഗിക്കുന്നത് എൽ.പി.ജി (LPG) ആണ്. പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും പ്രതിമാസ ചെലവിൽ വലിയൊരു ഭാഗം പാചകവാതകത്തിനായി മാറ്റിവയ്ക്കേണ്ടി വരുന്നു. അതിനാൽ തന്നെ പാചകവാതകത്തിന്റെ വില സാധാരണക്കാരന്റെ കുടുംബ ബജറ്റിനെ സംബന്ധിച്ചിടത്തോളം അതീവ നിർണ്ണായകമാണ്.

**നേരിടുന്ന പ്രധാന വെല്ലുവിളികൾ:**

1. **പൊതുജനാരോഗ്യ പ്രശ്നങ്ങൾ:** പാചകവാതക വില താങ്ങാനാകാതെ വരുമ്പോൾ കുടുംബങ്ങൾ വിറകിലേക്കോ മറ്റ് പരമ്പരാഗത ഇന്ധനങ്ങളിലേക്കോ മടങ്ങാൻ നിർബന്ധിതരാകുന്നു. ഇത് വീടിനുള്ളിൽ വായുമലിനീകരണം വർദ്ധിപ്പിക്കുകയും സ്ത്രീകളിലും കുട്ടികളിലും ആസ്ത്മ പോലുള്ള ശ്വാസകോശ രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.
2. **ലിംഗസമത്വം:** പാചകവാതകത്തിന് വില കൂടുമ്പോൾ വിറക് ശേഖരിക്കാനും മറ്റുമുള്ള അന്യായ അധികഭാരം സ്ത്രീകളുടെ വന്നുചേരുന്നു. സ്ത്രീകളുടെ ആരോഗ്യ-ശാക്തീകരണ മേഖലകളിൽ വർഷങ്ങളായി നാം കൈവരിച്ച നേട്ടങ്ങളെ വിഫലമാക്കുന്നു.

കേരളത്തിലെ പാചക ഊർജ്ജ സംവിധാനത്തിന്റെ നട്ടെല്ലായ എൽ.പി.ജി, കുടുംബക്ഷേമം, പൊതുജനാരോഗ്യം, സ്ത്രീ ശാക്തീകരണം, സാമൂഹിക-സാമ്പത്തിക പുരോഗതി എന്നിവയിൽ നിർണ്ണായക പങ്കുവഹിക്കുന്നു. അതുകൊണ്ട് തന്നെ പാചകവാതകം എല്ലാവർക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നത് കേരളത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമായ ഒരു നയമായിരിക്കണം.

**ഇതിന്റെ ഗൗരവം മനസ്സിലാക്കി, എല്ലാ പാവപ്പെട്ട കുടുംബങ്ങൾക്കും വർഷത്തിൽ 2 സൗജന്യ എൽപിജി സിലിണ്ടറുകൾ ഓണം, ക്രിസ്തുമസ് അവസരങ്ങളിൽ ഓരോന്നായി നൽകും.**

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **കുടുംബച്ചെലവിൽ വലിയ കുറവ്:** പാചകവാതക ചെലവ് പകുതിയായി കുറയുന്നതോടെ ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മറ്റ് അവശ്യ കാര്യങ്ങൾക്കായി കൂടുതൽ തുക വിനിയോഗിക്കാൻ കുടുംബങ്ങൾക്ക് സാധിക്കും.
2. **പൊതുജനാരോഗ്യ മേഖലയിലെ കുതിപ്പ്:** സബ്സിഡിയോടെ പാചകവാതക ഉപയോഗം വർധിപ്പിച്ച് വീടിനുള്ളിലെ വായുമലിനീകരണം കുറച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യവും ജീവനും സംരക്ഷിക്കും.
4. **സ്ത്രീ ശാക്തീകരണവും സമയലാഭവും:** വിറക് ശേഖരണവും പാചകത്തിനുമുള്ള സമയം ലാഭിച്ച് സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും വരുമാന മാർഗ്ഗങ്ങളിലേക്കും കൂടുതൽ ശ്രദ്ധ നൽകാൻ കഴിയും.



# സൗജന്യ കുടിവെള്ളവും
# സമഗ്ര ജലസുരക്ഷയും

# 5. സൗജന്യ കുടിവെള്ളവും സമഗ്ര ജലസുരക്ഷയും

**വാഗ്ദാനം: കേരളത്തിലെ എല്ലാ വീടുകളിലും സൗജന്യ കുടിവെള്ളം ഉറപ്പാക്കും; സംസ്ഥാനത്തെ ജലാശയങ്ങളെ വീണ്ടെടുത്ത് സംരക്ഷിക്കും**

വർഷങ്ങളായുള്ള ജലവിഭവ കെടുകാര്യസ്ഥതയുടെ പ്രത്യാഘാതങ്ങളാണ് ഇന്ന് ഓരോ മലയാളിയും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മഴവെള്ള സംഭരണ സംവിധാനങ്ങൾ ഇന്നും ശൈശവാവസ്ഥയിലാണ്; പ്രളയ നിയന്ത്രണ സംവിധാനങ്ങളാകട്ടെ തീർത്തും അപര്യാപ്തവും. ജലാശയ സംരക്ഷണവും അവഗണിക്കപ്പെട്ടതോടെ ഏകദേശം 32 ലക്ഷം കുടുംബങ്ങൾക്കിപ്പോഴും സുരക്ഷിതമായ പൈപ്പ് വെള്ളം ലഭ്യമല്ല.

ഇടത്-വലത് മുന്നണികളുടെ ഈ ഭരണപരാജയം ഓരോ മലയാളിയുടെയും ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിൽ മാത്രം കേരളത്തിലെ ഗാർഹിക ജലനികുതിയിൽ 200 ശതമാനത്തിലധികം വർദ്ധനവാണുണ്ടായത്. നയപരമായ പിഴവുകൾ കാരണം 2011-ന് ശേഷം 10,000 ലിറ്റർ വരെയുള്ള മിനിമം ചാർജ് മൂന്നിരട്ടിയിലധികമായി വർദ്ധിച്ചു. കുടിവെള്ളം പോലൊരു അടിസ്ഥാന ആവശ്യം ഇന്ന് സാധാരണക്കാരുടെ മേൽ കനത്ത സാമ്പത്തിക ബാധ്യതയാണ് അടിച്ചേൽപ്പിക്കുന്നത്.

**പ്രധാന പദ്ധതികൾ:**

1. ഓരോ വീട്ടിലും **തടസ്സമില്ലാത്ത കുടിവെള്ളം ലഭ്യമാക്കും**.
2. കേരളത്തിലെ ഓരോ കുടുംബത്തിനും **പ്രതിമാസം 20,000 ലിറ്റർ വെള്ളം** സൗജന്യമായി നൽകും.
3. സംസ്ഥാനത്തിന്റെ **ജലസുരക്ഷ ഉറപ്പാക്കുന്നതിനായി ദീർഘകാല പദ്ധതികൾ** വിഭാവനം ചെയ്യും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **സമ്പൂർണ്ണ കുടിവെള്ള ലഭ്യത:** 'ജൽ ജീവൻ മിഷൻ' 100 ശതമാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ ഓരോ വീട്ടിലും പൈപ്പ് കണക്ഷൻ ഉറപ്പാക്കും. മികച്ച ശുചിത്വം ഉറപ്പുവരുത്തുന്നതിലൂടെ ഇത് പൊതുജനാരോഗ്യ നിലവാരം ഗണ്യമായി മെച്ചപ്പെടുത്തും.
2. **കുടുംബ ബജറ്റിൽ ആശ്വാസം**: ജലനികുതി കുറയുന്നതോടെ സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും സാമ്പത്തിക ലാഭം വർദ്ധിക്കും. ഈ തുക ഭക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ മറ്റ് അവശ്യ കാര്യങ്ങൾക്കായി അവർക്ക് വിനിയോഗിക്കാൻ സാധിക്കും.
3. **കാലാവസ്ഥാ പ്രതിരോധവും സുസ്ഥിരതയും:** ശാസ്ത്രീയമായ ജലസംരക്ഷണം വഴി ജലത്തിനായി ബാഹ്യ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയും. ഇത് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധികളെ നേരിടാനും കേരളത്തിന്റെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാനും സഹായിക്കും.

# ക്ഷേമ പെൻഷൻ വർദ്ധനവിലൂടെ സമഗ്ര വികസനം



# 6. ക്ഷേമ പെൻഷൻ വർദ്ധനവിലൂടെ സമഗ്ര വികസനം

**വാഗ്ദാനം: 70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കും, നിർദ്ധന കുടുംബങ്ങളിലെ ഗൃഹനാഥകൾക്കും, വിധവകൾക്കും പ്രതിമാസ ക്ഷേമ പെൻഷൻ ₹3,000 ആയി വർദ്ധിപ്പിച്ച് നൽകും.**

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളെ സഹായിക്കാൻ ലക്ഷ്യമിട്ടുള്ള കേരളത്തിലെ സാമൂഹിക സുരക്ഷാ പെൻഷൻ സംവിധാനം ഇന്ന് തികച്ചും അപര്യാപ്തമായി മാറിയിരിക്കുന്നു. കുതിച്ചുയരുന്ന ജീവിതച്ചെലവുകൾക്കിടയിൽ നിലവിൽ ലഭിക്കുന്ന **₹2,000 ഒന്നിനും തികയാത്ത അവസ്ഥയാണ്.** മാസങ്ങളോളം നീളുന്ന പെൻഷൻ വിതരണത്തിലെ കാലതാമസം പ്രതിസന്ധിയെ ഇരട്ടിയാക്കുന്നു. ഗുണഭോക്താക്കൾക്ക് ആറുമാസത്തിലധികം പെൻഷൻ വൈകുന്നത് പരാജയപ്പെട്ട സംവിധാനത്തിന്റെ തെളിവാണ്. സാമ്പത്തിക പ്രതിസന്ധി മൂലം ഗുണഭോക്താക്കൾക്ക് ജീവൻ ഒടുക്കേണ്ടി വരുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ കേരളത്തിന് തീരാകളങ്കമാണ്.

ഈ ഗുരുതരമായ സാഹചര്യം പരിഹരിക്കുന്നതിനായി, **70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കും, നിർദ്ധന കുടുംബങ്ങളിലെ ഗൃഹനാഥകൾക്കും, വിധവകൾക്കും പ്രതിമാസം ₹3,000 വീതം ഉറപ്പാക്കുന്ന** ശക്തമായൊരു ക്ഷേമ പെൻഷൻ പദ്ധതി ഞങ്ങൾ നടപ്പിലാക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു**: എല്ലാ മാസവും കൃത്യവും സ്ഥിരവുമായ വരുമാനം ലഭ്യമാക്കി ജീവിതച്ചെലവുകൾ നിയന്ത്രണ വിധേയമാക്കുന്നു.
2. **സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം:** നിർദ്ധന കുടുംബങ്ങളിലെ ഗൃഹനാഥകൾക്കും വിധവകൾക്കും നേരിട്ട് സാമ്പത്തിക സഹായം നൽകുന്നതിലൂടെ അവർക്ക് സാമ്പത്തിക സ്വാതന്ത്ര്യവും കുടുംബത്തിൽ തീരുമാനങ്ങളെടുക്കാനുള്ള ശേഷിയും വർദ്ധിപ്പിക്കുന്നു.
3. **മുതിർന്ന പൗരന്മാർക്ക് ശക്തമായ സുരക്ഷാ കവചം**: വാർദ്ധക്യകാല സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്ന വിശ്വസനീയമായ ഒരു ക്ഷേമ സംവിധാനം ഉറപ്പുനൽകുന്നു.

# വികസിത കേരള നിർമ്മിതിക്കായി

## അടിസ്ഥാന സൗകര്യവികസനം





# അതിവേഗ റെയിൽവേ ശൃംഖല



# 1. അതിവേഗ റെയിൽ ശൃംഖല

**വാഗ്ദാനം: തിരുവനന്തപുരം മുതൽ കണ്ണൂർ വരെ നീളുന്ന അതിവേഗ റെയിൽ പാത യാഥാർത്ഥ്യമാക്കും.**

കേരളത്തിലെ വാഹനപ്പെരുപ്പം കടുത്ത **ഗതാഗതക്കുരുക്കിന്** കാരണമാകുന്നു. റോഡ്-റെയിൽ യാത്രകളുടെ ശരാശരി വേഗതയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം രാജ്യത്ത് **ഏറ്റവും പിന്നിലാണ്.** വടക്ക്-തെക്ക് ദിശയിൽ 600 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കേരളത്തിന്റെ ഒരറ്റത്താണ് തലസ്ഥാനം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ, യാത്രക്കാർക്കായി ഒരു **അതിവേഗ റെയിൽ പാത അനിവാര്യമാണ്.**

**തിരുവനന്തപുരം മുതൽ കണ്ണൂർ വരെ** നീളുന്ന അതിവേഗ പാത വികസിപ്പിക്കും. ട്രെയിനുകൾക്ക് മണിക്കൂറിൽ പരമാവധി 200 കിലോമീറ്റർ വേഗതയുണ്ടാകും. കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടും വിധം **ഓരോ 20 മുതൽ 25 കിലോമീറ്ററിലും** സ്റ്റേഷനുകൾ സ്ഥാപിക്കും. ഭാരതത്തിലെ ആദ്യത്തെ സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ റെയിൽവേ പദ്ധതിയായിരിക്കും ഇത്.

പാതയുടെ 5-10% മാത്രം ഭൂമിയിലൂടെയും, ബാക്കി ഭാഗം ഉയരപ്പാതകളിലൂടെയോ തുരങ്കങ്ങളിലൂടെയോ കടന്ന് പോകുന്നതിനാൽ, കുറഞ്ഞ അളവിലുള്ള ഭൂമി ഏറ്റെടുക്കൽ മാത്രമേ ഈ പദ്ധതിക്ക് ആവശ്യമായി വരികയുള്ളു.

1. **അതിവേഗ റെയിൽ ശൃംഖലയുടെ ഉപശാഖകൾ:** ഈ പദ്ധതി താഴെ പറയുന്ന ഉപശാഖകളിലേക്ക് കൂടി വ്യാപിപ്പിക്കും:
   a. **കോഴിക്കോട് - കൽപ്പറ്റ:** 60 കി.മീ ദൂരം വെറും 30 മിനിറ്റിൽ.
   b. **തൃശ്ശൂർ - പാലക്കാട്:** 52 കി.മീ ദൂരം വെറും 25 മിനിറ്റിൽ.
   c. **ശബരിപാത ഉപശാഖ** (താഴെ പറയുന്ന രണ്ട് പാതകളിൽ ഒന്ന്):
      i. **ചെങ്ങന്നൂർ - പമ്പ** (40 മിനിറ്റ്).
      ii. **പത്തനംതിട്ട - പമ്പ** (20 മിനിറ്റ്).

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള യാത്രാസമയം വെറും 3 മണിക്കൂർ 15 മിനിറ്റായി കുറയും.
2. സംസ്ഥാനത്തെ റോഡുകളിലെ തിരക്കും മലിനീകരണവും വലിയ തോതിൽ കുറയ്ക്കാൻ സാധിക്കും. ഒപ്പം യാത്രക്കാരുടെ സുരക്ഷയും സൗകര്യവും വർദ്ധിക്കും.

# റെയിൽവേ വികസനം



# 2. റെയിൽവേ വികസനം

**വാഗ്ദാനം: നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പദ്ധതി പുനരുജ്ജീവിപ്പിക്കുകയും തൃശ്ശൂർ - ഗുരുവായൂർ പാത തിരൂരിലേക്ക് നീട്ടുകയും, ഇതിലൂടെ കേരളത്തിലെ വ്യാപാര-വിനോദസഞ്ചാര മേഖലകളുടെ വളർച്ച സാധ്യമാക്കും.**

കേരളത്തിലെ വാഹനപ്പെരുപ്പം കടുത്ത ഗതാഗതക്കുരുക്കിന് കാരണമാകുന്നു. റോഡ്-റെയിൽ യാത്രകളുടെ ശരാശരി വേഗതയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം രാജ്യത്ത് ഏറ്റവും പിന്നിലാണ്. വടക്ക്-തെക്ക് ദിശയിൽ 600 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കേരളത്തിന്റെ ഒരറ്റത്താണ് തലസ്ഥാനം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ, യാത്രക്കാർക്കായി ഒരു അതിവേഗ റെയിൽ പാത അനിവാര്യമാണ്.

വർഷങ്ങളായി **മാറിമാറി വന്ന യു.ഡി.എഫ്, എൽ.ഡി.എഫ് സർക്കാരുകൾ കേരളത്തിലെ റെയിൽ യാത്രക്കാരെ** വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രധാനപ്പെട്ട റെയിൽവേ ലിങ്കുകൾക്കായുള്ള വിശദമായ പദ്ധതിരേഖകൾ (DPR) തയ്യാറായിട്ടും, രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം മൂലം അവ പൊടിപിടിച്ചു കിടക്കുകയാണ്. ഈ അനാസ്ഥയ്ക്ക് **മലയാളികൾ വലിയ വില നൽകേണ്ടി വരുന്നു.** നിലമ്പൂരും ഗുരുവായൂരും ഇന്നും 'ഡെഡ് എൻഡ്' സ്റ്റേഷനുകളായി തുടരുന്നു. ഇത് വടക്കൻ കേരളത്തെ ഒറ്റപ്പെടുത്തുകയും, വടക്കോട്ട് യാത്ര ചെയ്യുന്നവരെ തമിഴ്നാട് വഴി പോകാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. കൂടാതെ, ഷൊർണ്ണൂർ ജംഗ്ഷനിലെ കടുത്ത തിരക്ക് സംസ്ഥാനത്തിനകത്തെ റെയിൽ യാത്രാ ദുരിതം വർദ്ധിപ്പിക്കുന്നു. ഈ പുതിയ പാതകൾ പൂർത്തിയാക്കുന്നതോടെ അന്തർസംസ്ഥാന വ്യാപാര പാതകൾ കൂട്ടിയിണക്കപ്പെടുകയും, കൊച്ചി - വിഴിഞ്ഞം തുറമുഖങ്ങളിലേക്കുള്ള ചരക്കുനീക്കം സുഗമമാവുകയും ചെയ്യും.

**വെറും വാഗ്ദാനങ്ങളല്ല, നടപ്പിലാക്കലാണ് ഞങ്ങളുടെ ലക്ഷ്യം:**

1. **നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പദ്ധതി** ഞങ്ങൾ പുനരുജ്ജീവിപ്പിക്കും. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതീവ പ്രാധാന്യത്തോടെ ഔദ്യോഗികമായി ആരംഭിക്കും.
2. **തൃശ്ശൂർ - ഗുരുവായൂർ പാത തിരൂരിലേക്ക് നീട്ടും.** ഇതിലൂടെ യാത്രാദൂരം 6 കിലോമീറ്റർ കുറയുകയും, വാണിജ്യ കേന്ദ്രങ്ങളെയും തീർത്ഥാടന കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്യും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. കേരളത്തിൽ നിന്നും മൈസൂരുവിലേക്കുള്ള റെയിൽ യാത്രാദൂരം ഗണ്യമായി കുറയും.
2. കടുത്ത ഗതാഗതക്കുരുക്കും തിരക്കും നേരിടുന്ന ഷൊർണ്ണൂർ ജംഗ്ഷനെ ആശ്രയിക്കാതെ തന്നെ യാത്രക്കാർക്ക് സുഗമമായി യാത്ര ചെയ്യാൻ സാധിക്കും.
3. പുതിയ പാതകൾ വരുന്നതോടെ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ വൻതോതിലുള്ള വികസനം ഉറപ്പാകും.

# വിഴിഞ്ഞം തുറമുഖാധിഷ്ഠിത വികസനം



# 3. വിഴിഞ്ഞം തുറമുഖാധിഷ്ഠിത വികസനം

**വാഗ്ദാനം: വിഴിഞ്ഞം തുറമുഖത്തിന് ചുറ്റും ലോകോത്തര നിലവാരത്തിലുള്ള വ്യാവസായിക-ചരക്കുനീക്ക സൗകര്യങ്ങൾ വികസിപ്പിച്ച്, തുറമുഖാധിഷ്ഠിത വികസനത്തിന്റെ പൂർണ്ണ ഗുണഫലങ്ങൾ കേരളത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കും.**

പതിറ്റാണ്ടുകളായി മാറിമാറി വന്ന എൽ.ഡി.എഫ് - യു.ഡി.എഫ് സർക്കാരുകൾ വെറുമൊരു ഫയലിൽ മാത്രം ഒതുക്കിയ ഒരു പദ്ധതിയായിരുന്നു വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ഭരണപരമായ അനാസ്ഥ കാരണം വലിയ സാധ്യതകളുള്ള ഈ പദ്ധതി യാഥാർത്ഥ്യമാകാതെ കിടന്നു. **എന്നാൽ 2014-ൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ജിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരിന്റെ സജീവമായ ഇടപെടലോടെയാണ് ഈ പദ്ധതിക്ക് ജീവൻ വെച്ചത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നത് ഇന്ത്യയുടെ സമുദ്ര വ്യാപാര ശേഷിയിലെ ഒരു ചരിത്ര നേട്ടമാണ്.** ലോകത്തിലെ അതിപ്രധാനമായ സമുദ്രപാതയോട് ചേർന്നുള്ള **ഇന്ത്യയിലെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്-ഷിപ്പ്മെന്റ് തുറമുഖമായ** വിഴിഞ്ഞത്തിന്റെ തന്ത്രപ്രധാന സ്ഥാനം സമാനതകളില്ലാത്ത വികസന സാധ്യതകളാണ് തുറന്നുനൽകുന്നത്.

ഇത് രാജ്യത്തിനും സംസ്ഥാനത്തിനും നൽകുന്ന സാമ്പത്തിക നേട്ടങ്ങൾ വളരെ വലുതാണ്. നിലവിൽ വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്ന **ഇന്ത്യയുടെ 75 ശതമാനത്തോളം കാർഗോ ട്രാൻസ്-ഷിപ്പ്മെന്റ് ബിസിനസ് കേരളത്തിലേക്ക് തിരികെ എത്തിക്കാൻ വിഴിഞ്ഞം സജ്ജമാണ്.** ഇത് വിദേശ രാജ്യങ്ങളോടുള്ള നമ്മുടെ ആശ്രിതത്വം അവസാനിപ്പിക്കുമെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാവിയെത്തന്നെ മാറ്റിമറിക്കുന്ന വൻ മുന്നേറ്റമായി മാറും. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനായി, വിഴിഞ്ഞത്തെ ഒരു പ്രധാന വ്യാവസായിക സമുച്ചയമാക്കി ഞങ്ങൾ മാറ്റും. അതിനായുള്ള പ്രധാന നടപടികൾ:

1. **ഇന്നൊവേഷൻ**: കേരളത്തെ മാരിടൈം അറ്റകുറ്റപ്പണികളുടെ ഒരു ഹബ്ബാക്കി മാറ്റുന്നതിനായി വിഴിഞ്ഞത്ത് ഒരു **'ഷിപ്പ് റിപ്പയർ & മറൈൻ എഞ്ചിനീയറിംഗ് ക്ലസ്റ്റർ'** സ്ഥാപിക്കും.
2. **അടിസ്ഥാന സൗകര്യം:** കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനായി, നേമം യാർഡിൽ നിന്ന് വിഴിഞ്ഞം തുറമുഖത്തേക്ക് **എലിവേറ്റഡ് ഡബിൾ റെയിൽ ലൈൻ** നിർമ്മിക്കും. ഇത് തടസ്സങ്ങളില്ലാത്ത കണ്ടെയ്നർ നീക്കം ഉറപ്പാക്കും.
3. **വിദ്യാഭ്യാസം:** സമുദ്രയാന മേഖലയിൽ അടുത്ത തലമുറയ്ക്ക് മികച്ച നേതൃപാടവം നൽകുന്നതിനായി **'കേരള മാരിടൈം യൂണിവേഴ്സിറ്റിയും', 'ഓഷ്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും'** സ്ഥാപിക്കും.
4. **നിക്ഷേപം:** ആഗോള നിർമ്മാണ യൂണിറ്റുകളെ ആകർഷിക്കുന്നതിനും ആയിരക്കണക്കിന് പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി തുറമുഖത്തിന് ചുറ്റും പ്രത്യേക **'വ്യാവസായിക ഇടനാഴി'** രൂപീകരിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. വിഴിഞ്ഞം വ്യാവസായിക ഇടനാഴി നമ്മുടെ യുവാക്കൾക്ക് ഉയർന്ന ശമ്പളമുള്ള തൊഴിലവസരങ്ങളിലൂടെ. കേരളത്തിൽ തന്നെ വിജയകരമായ ഒരു കരിയർ കെട്ടിപ്പടുക്കാൻ സഹായിക്കും.
2. കേരള മാരിടൈം യൂണിവേഴ്സിറ്റിയിലൂടെ, നമ്മുടെ വിദ്യാർത്ഥികളെ ഉയർന്ന പ്രാവീണ്യവും ആഗോള സർട്ടിഫിക്കേഷനുകളും ലഭ്യമാക്കി മാരിടൈം ലോകത്തെ ഭാവി വാഗ്ദാനങ്ങളായി ഉയർത്തും..
3. കേരളത്തെ കപ്പൽ അറ്റകുറ്റപ്പണികൾക്കും എഞ്ചിനീയറിംഗിനുമുള്ള ഒരു ആഗോള കേന്ദ്രമായി നമ്മൾ മാറ്റും.

# റോഡ് വികസനം



# 4. റോഡ് വികസനം

**വാഗ്ദാനം: സംസ്ഥാന, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് റോഡുകൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തും.**

കേരളത്തിൽ ഏകദേശം 3.31 ലക്ഷം കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ശൃംഖലയുണ്ട്. കേരളത്തിലെ റോഡ് ശൃംഖല വിപുലമാണെന്ന് തോന്നിപ്പിക്കുമെങ്കിലും, റോഡുകളുടെ ഗുണനിലവാരവും അലൈൻമെന്റും സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ തടസ്സമാകുന്നുണ്ട്. കൂടാതെ, ഓരോ വർഷവും 10% -11% വരെ ആശങ്കാജനകമായ രീതിയിൽ വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം റോഡ് ശൃംഖലയ്ക്ക് വലിയ സമ്മർദ്ദമുണ്ടാക്കുന്നു. റോഡ് ശൃംഖലകൾ കേരളത്തിന് എത്രത്തോളം നിർണ്ണായകമാണെന്നും അവയുടെ കൃത്യമായ പരിപാലനവും സംരക്ഷണവും എത്രത്തോളം പ്രാധാന്യമുള്ളതാണെന്നും ഇത് അടിവരയിടുന്നു.

സുരക്ഷിതവും സുഗമവുമായ യാത്ര ഉറപ്പാക്കുന്നതിനായി, സംസ്ഥാനത്തെ 3.31 ലക്ഷം കിലോമീറ്റർ റോഡുകളെയും ലോകോത്തര നിലവാരത്തിലേക്ക് പുനർനിർമ്മിക്കും.

**മുൻഗണനാക്രമം അനുസരിച്ച് ഘട്ടം ഘട്ടമായാണ് ഈ പദ്ധതി നടപ്പിലാക്കുക:**

1. **കാറ്റഗറി എ - ദേശീയപാതകൾ:** കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എല്ലാ ദേശീയപാതകളും 6 മുതൽ 8 വരി പാതകളായി മാറ്റിയെടുക്കും. .
2. **കാറ്റഗറി ബി - സംസ്ഥാന പാതകൾ:** കേന്ദ്ര സർക്കാരിന്റെ പിന്തുണയും സാങ്കേതിക-എഞ്ചിനീയറിംഗ് സഹായവും ഉപയോഗിച്ച് എല്ലാ സംസ്ഥാന പാതകളും നവീകരിക്കും.
3. **കാറ്റഗറി സി - ഉയർന്ന ഗതാഗത നിരക്കുള്ള ഗ്രാമീണ റോഡുകൾ:** പി.എം.എസ്.വൈ (PMSY) വിനിയോഗിച്ച് ഏറ്റവും ഉയർന്ന മുൻഗണനയിൽ നവീകരണം നടത്തും.
4. **കാറ്റഗറി ഡി - മിതമായ/കുറഞ്ഞ ഗതാഗതമുള്ള ഗ്രാമീണ റോഡുകൾ**: പി.എം.എസ്.വൈ (PMSY) വിനിയോഗിച്ച് മികച്ച നിലവാരത്തിലേക്ക് മാറ്റുന്നതിനുള്ള രണ്ടാം മുൻഗണനാ വിഭാഗം.
5. **കാറ്റഗറി ഇ - ഗ്രാമീണ മൺ റോഡുകൾ:** ഇവയുടെ അടിസ്ഥാന സൗകര്യ വികസനം.

യാത്രയും ചരക്കുനീക്കവും വേഗത്തിലും സുരക്ഷിതവുമാക്കുന്നതിലൂടെ കേരളത്തിന്റെ ദീർഘകാല വികസനത്തിന് ഈ പദ്ധതി കരുത്തുറ്റ അടിത്തറ പാകും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും:** മികച്ച റോഡുകൾ ഗതാഗത ചെലവ് കുറയ്ക്കുന്നതിലൂടെ വാണിജ്യ, വിനോദസഞ്ചാര, വ്യവസായ മേഖലകളിൽ ഗ്രാമ-നഗര ഭേദമന്യേ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു.
2. **യാത്രാ സുരക്ഷ:** കൃത്യമായ ദിശാസൂചകങ്ങൾ (സൈൻ ബോർഡുകൾ), സുഗമമായ ഡ്രെയിനേജ് സംവിധാനം, വഴിവിളക്കുകൾ എന്നിവയോടുകൂടിയ ഗുണനിലവാരമുള്ള റോഡുകൾ അപകടങ്ങൾ കുറയ്ക്കാനും ജീവൻ രക്ഷിക്കാനും സഹായിക്കുന്നു.
3. **സാമൂഹിക തുല്യതയും സമ്പർക്കവും:** വിദൂര-പിന്നാക്ക ഗോത്ര മേഖലകളിലുള്ളവർക്ക് മികച്ച ചികിത്സ, വിദ്യാഭ്യാസം, വിപണികൾ എന്നിവ എളുപ്പത്തിൽ പ്രാപ്യമാക്കുന്നു.
4. **ദുരന്ത പ്രതിരോധം:** പ്രതികൂല കാലാവസ്ഥകളെയും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ പോലുള്ള ദുരന്തങ്ങളെയും അതിജീവിച്ച് തടസ്സമില്ലാത്ത ഗതാഗതം ഉറപ്പാക്കുന്നു.
5. **പരിസ്ഥിതി സൗഹൃദം:** സുഗമമായ യാത്ര വാഹനങ്ങളുടെ തേയ്മാനം കുറയ്ക്കുകയും, ഇന്ധന ഉപയോഗവും പുകമലിനീകരണവും ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

# മെട്രോ ശൃംഖല



# 5. മെട്രോ ശൃംഖല

**വാഗ്ദാനം: കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും അതിവേഗ മെട്രോ കണക്റ്റിവിറ്റി ഉറപ്പാക്കും.**

കേരളത്തിലെ മെട്രോ ശൃംഖല ഇപ്പോഴും കൊച്ചിയിൽ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. നഗരങ്ങളിലെ പൊതുഗതാഗത വികസനത്തിൽ കേരളം എത്രത്തോളം പിന്നിലാണെന്ന് ഇത് വ്യക്തമാക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിൽ വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച വിരലിലെണ്ണാവുന്ന മെട്രോ പദ്ധതികൾ പോലും സർക്കാരിന്റെ അനാസ്ഥ, ഫണ്ടിന്റെ അപര്യാപ്തത, ഭൂമി ഏറ്റെടുക്കലിലെ വെല്ലുവിളികൾ എന്നിവ കാരണം ഒരു ദശാബ്ദത്തിലേറെയായി സ്തംഭിച്ചു കിടക്കുകയാണ്. ഇന്ത്യയിലെ മറ്റ് പല പ്രധാന നഗരങ്ങളിലും ഒന്നിലധികം മെട്രോ ലൈനുകൾ അതിവേഗം പൂർത്തിയാക്കി സർവീസ് നടത്തുമ്പോൾ, ആധുനികവും കാര്യക്ഷമവുമായ പൊതുഗതാഗത സംവിധാനങ്ങൾ നിർമ്മിക്കുന്നതിൽ കേരളം ഇപ്പോഴും ഏറെ പിന്നിലാണ്.

**പ്രധാന കർമ്മപദ്ധതികൾ:**

കൊച്ചി മെട്രോയുടെ നിർമ്മാണത്തിലിരിക്കുന്ന ഫേസുകൾ സമയബന്ധിതമായി പൂർത്തിയാക്കും. ഇതിനൊപ്പം തന്നെ **കോഴിക്കോട് , തിരുവനന്തപുരം** നഗരങ്ങളിൽ **മെട്രോ സർവീസുകൾ ആരംഭിക്കും.** നഗരങ്ങളിലെ **രൂക്ഷമായ ഗതാഗതക്കുരുക്ക്** കുറയ്ക്കാനും, ദൈനംദിന **യാത്രകൾ സുഗമമാക്കാനും,** സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ജനങ്ങൾക്ക് സുരക്ഷിതവും വിശ്വസനീയവും താങ്ങാനാവുന്നതുമായ യാത്രാസൗകര്യം ഒരുക്കാനും ഇതിലൂടെ സാധിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. പ്രധാന നഗരപ്രദേശങ്ങളിലെ ഗതാഗതക്കുരുക്കും യാത്രാസമയവും വലിയ തോതിൽ കുറയ്ക്കും.
2. പ്രധാന വാണിജ്യ-നഗര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അതിവേഗവും വിശ്വസനീയവുമായ പൊതുഗതാഗത സംവിധാനം ലഭ്യമാക്കും.
3. വാണിജ്യ-വിനോദസഞ്ചാര മേഖലകളെ അഭിവൃദ്ധിപ്പെടുത്തുകയും നഗരങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.
4. സുസ്ഥിര ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിലൂടെ നഗരങ്ങളിലെ വായുമലിനീകരണം ഇല്ലാതാക്കും.

# തെരുവുവിളക്കുകളുടെ നവീകരണം



# 6. തെരുവുവിളക്കുകളുടെ നവീകരണം

**വാഗ്ദാനം: കേരളത്തിലെ മുഴുവൻ തെരുവുവിളക്കുകളും എൽ.ഇ.ഡി (LED) ആക്കി മാറ്റി സ്ഥാപിക്കും.**

2025-ലെ കണക്കനുസരിച്ച് കേരളത്തിൽ ഏകദേശം 10.5 ലക്ഷം തെരുവുവിളക്കുകളുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രധാന നഗര-റോഡ് ഇടനാഴികളുടെയും കീഴിലുള്ള വിളക്കുകൾ ഇതിൽ ഉൾപ്പെടുന്നു. നഗരങ്ങളിലെയും പ്രധാന ഗ്രാമീണ പാതകളിലെയും ഭൂരിഭാഗം തെരുവുവിളക്കുകളും എൽ.ഇ.ഡിയിലേക്ക് മാറിയിട്ടുണ്ടെങ്കിലും (ഏകദേശം 70-80%), ചില ഗ്രാമീണ-തദ്ദേശ ഭരണ പ്രദേശങ്ങളിൽ ഇത് ഇനിയും പൂർണ്ണമായിട്ടില്ല.

പരമ്പരാഗത തെരുവുവിളക്കുകൾ എൽ.ഇ.ഡി സാങ്കേതികവിദ്യയിലേക്ക് മാറ്റുന്നത് കേരളത്തിന്റെ നഗര-ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിലെ നിർണായകമായ ഒരു ചുവടുവെപ്പാണ്. സാമ്പത്തിക, പാരിസ്ഥിതിക, സാമൂഹിക തലങ്ങളിൽ ഇത് വലിയ നേട്ടങ്ങൾ കൊണ്ടുവരും. കേവലം ബൾബുകൾ മാറ്റുക മാത്രമല്ല ഈ പദ്ധതിയുടെ ലക്ഷ്യം; മറിച്ച് ഭാവിയിലേക്കായി കൂടുതൽ **സുരക്ഷിതവും, ഊർജ്ജക്ഷമതയുള്ളതുമായ ഒരു കേരളം കെട്ടിപ്പടുക്കുക എന്നതാണ്.**

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. **വൻതോതിലുള്ള ഊർജ്ജ ലാഭം:** പരമ്പരാഗത സോഡിയം വേപ്പർ അല്ലെങ്കിൽ ഹാലൊജൻ ബൾബുകളെ അപേക്ഷിച്ച് എൽ.ഇ.ഡി ബൾബുകൾ 50-70% വരെ കുറഞ്ഞ വൈദ്യുതി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. വൈദ്യുതിക്കായി ബാഹ്യ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കാനും മികച്ച ഊർജ്ജ സുരക്ഷ ഉറപ്പാക്കാനും ഇത് കേരളത്തെ സഹായിക്കും.

2. **തദ്ദേശ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ലാഭം:** വൈദ്യുതി ഉപയോഗം ഗണ്യമായി കുറയുന്നത് വഴി മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും വൈദ്യുതി ബില്ലുകളിൽ വലിയ കുറവുണ്ടാകുകയും സാമ്പത്തിക ലാഭം ഉറപ്പാക്കുകയും ചെയ്യും.

3. **മെച്ചപ്പെട്ട പൊതുസുരക്ഷയും വ്യക്തതയും:** എൽ.ഇ.ഡി ബൾബുകൾ രാത്രികാലങ്ങളിൽ കൂടുതൽ തെളിമയാർന്ന വെളിച്ചം നൽകുന്നു. വ്യക്തമായ കാഴ്ച ലഭിക്കുന്നത് വാഹനാപകടങ്ങൾ കുറയ്ക്കാനും, രാത്രികാല കുറ്റകൃത്യങ്ങൾ തടയാനും സഹായിക്കും.

4. **കുറഞ്ഞ അറ്റകുറ്റപ്പണി ചെലവ്:** പരമ്പരാഗത ബൾബുകളെ അപേക്ഷിച്ച് എൽ.ഇ.ഡി ബൾബുകൾക്ക് കൂടുതൽ ആയുസ്സുണ്ട് (50,000 മണിക്കൂറോ അതിൽ കൂടുതലോ). ഇത് ഇടയ്ക്കിടെ ബൾബ് മാറ്റേണ്ട അവസ്ഥ ഒഴിവാക്കുകയും, തദ്ദേശ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി-തൊഴിൽ ചെലവുകൾ വലിയ തോതിൽ കുറയ്ക്കുകയും ചെയ്യുന്നു.

# നിക്ഷേപ - തൊഴിൽ വിപ്ലവം





# തൊഴിലധിഷ്ഠിത വ്യവസായ-വാണിജ്യ പുനരുജ്ജീവനം

പ്രവാസി ധനത്തെയും സേവനമേഖലയെയും ആശ്രയിച്ചുനിൽക്കുന്ന കേരളത്തിന്റെ സാമ്പത്തിക മാതൃകയെ മാറ്റിക്കൊണ്ട്, ഉൽപ്പാദനം, ടൂറിസം, കൃഷി, ഭക്ഷ്യസംസ്കരണം, ഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളെ പുനരുജ്ജീവിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന **ഒരു കരുത്തുറ്റ സാമ്പത്തിക വ്യവസ്ഥയായി മാറ്റിയെടുക്കും.**



# 1. തൊഴിലധിഷ്ഠിത വ്യവസായ-വാണിജ്യ പുനരുജ്ജീവനം

**വാഗ്ദാനം: തൊഴിലധിഷ്ഠിത സാമ്പത്തിക സഹായങ്ങളിലൂടെ ഉയർന്ന വളർച്ചാ സാധ്യതയുള്ള മേഖലകളെ പുനരുജ്ജീവിപ്പിക്കുകയും, തൊഴിലില്ലായ്മ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യും.**

നിലവിൽ കേരളത്തിന്റെ വ്യാവസായിക അടിത്തറ വളരെ ദുർബലമാണ്. വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികളുടെ ആഗ്രഹങ്ങൾക്കൊത്ത തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുന്നില്ല. സേവന മേഖലയ്ക്ക് അമിത പ്രാധാന്യമുള്ള നമ്മുടെ സമ്പദ് വ്യവസ്ഥയിൽ, ഉൽപ്പാദന മേഖലയുടെ (Manufacturing) വളർച്ച ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ്. കൃഷിയും വ്യവസായവും ചേർന്ന് സംസ്ഥാനത്തെ പകുതിയിൽ താഴെ ആളുകൾക്ക് മാത്രമാണ് തൊഴിൽ നൽകുന്നത്. പ്രവാസി വരുമാനത്തെയും സേവന മേഖലയെയും അമിതമായി ആശ്രയിക്കുന്ന ഈ അസന്തുലിതാവസ്ഥ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെയും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെയും സാരമായി തടസ്സപ്പെടുത്തുന്നു.

**എന്തുകൊണ്ട് വ്യവസായ പുനരുജ്ജീവനം അനിവാര്യം:**

1. **സമ്പദ്‌വ്യവസ്ഥയുടെ പരിവർത്തനം**: വൈവിധ്യമാർന്ന വ്യവസായ അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് കേരളത്തെ നയിക്കാൻ നിലവിലെ സംരംഭങ്ങളുടെ പുനരുജ്ജീവനം അത്യാവശ്യമാണ്.
2. **കാലഹരണപ്പെട്ട വ്യവസായങ്ങൾ:** പല ചെറുകിട-ഇടത്തരം സംരംഭങ്ങളും (MSME) പഴയ സാങ്കേതികവിദ്യയിലാണ് പ്രവർത്തിക്കുന്നത്. ഇത് അവരുടെ ഉൽപ്പാദനക്ഷമതയും വിപണിയിലെ മത്സരശേഷിയും ഗണ്യമായി കുറയ്ക്കുന്നു.
3. **പുതിയ സംരംഭങ്ങളുടെ കുറവ്:** വ്യവസായം തുടങ്ങാനുള്ള ഉയർന്ന ചിലവ്, കടുത്ത നിയന്ത്രണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് എന്നിവ പുതിയ നിക്ഷേപങ്ങളെ, പ്രത്യേകിച്ച് വൻകിട വ്യവസായങ്ങളെ കേരളത്തിൽ നിന്നും അകറ്റുന്നു.
4. **പ്രതിഭകളുടെ പലായനം:** നാട്ടിൽ മികച്ച തൊഴിലവസരങ്ങളുടെ അഭാവം മൂലം നമ്മുടെ നൈപുണ്യമുള്ള യുവാക്കൾ തൊഴിൽ തേടി സംസ്ഥാനത്തിന് പുറത്തേക്ക് പോകാൻ നിർബന്ധിതരാകുന്നു. ഇത് കേരളത്തിന്റെ സാമ്പത്തിക ശേഷിയെ ദുർബലപ്പെടുത്തുന്നു.

**പ്രധാന പദ്ധതികൾ:**

വ്യവസായ മേഖലയിൽ **വിപ്ലവകരമായ മാറ്റം** കൊണ്ടുവരുന്നതിനും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി, കേരളത്തിലെ നിവാസികൾക്ക് നൽകുന്ന ഓരോ പുതിയ തൊഴിലിനും സംരംഭകർക്ക് **₹1 ലക്ഷം രൂപ** വീതം കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ ആയി നൽകും. **ഉത്പ്പാദനം, ടൂറിസം, കൃഷി-ഭക്ഷ്യ സംസ്കരണം, ഫാർമസ്യൂട്ടിക്കൽസ്, സ്പോർട്സ്** തുടങ്ങിയ എല്ലാ മേഖലകളിലെയും സംരംഭങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. സംസ്ഥാനത്ത് 10 ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ തൊഴിലില്ലായ്മ പൂർണ്ണമായും ഇല്ലാതാക്കും.
2. ഉയർന്ന സാധ്യതകളുള്ള മേഖലകളിൽ പുതിയ സംരംഭങ്ങളും വ്യവസായ വൈവിധ്യവൽക്കരണവും അതിവേഗത്തിലാക്കും.
3. പ്രാദേശിക വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുകയും സംസ്ഥാനത്തെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുകയും ചെയ്യും.
4. നാട്ടിൽ തന്നെ മികച്ച ജോലി ലഭിക്കുന്നതോടെ യുവാക്കളുടെ വിദേശത്തേക്കുള്ള കുടിയേറ്റം കുറയുകയും, കൂടുതൽ സാമൂഹിക-സാമ്പത്തിക സ്ഥിരത കൈവരിക്കുകയും ചെയ്യും.
5. പ്രവാസ സമ്പദ് വ്യവസ്ഥയിലൂന്നിയ കേരളത്തിന്റെ ധനസ്ഥിതി വൈവിധ്യവൽക്കരണത്തിലൂടെ മെച്ചപ്പെടുത്തും.

# സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഇലക്ട്രോണിക്സ് വ്യവസായ വിപ്ലവം



# 2. സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഇലക്ട്രോണിക്സ് വ്യവസായ വിപ്ലവം

**വാഗ്ദാനം: കേരളത്തിലെ ടെക്നോളജി, ഇന്നൊവേഷൻ, ഇലക്ട്രോണിക്സ് മേഖലകൾ വിപുലീകരിച്ചുകൊണ്ട് അഭ്യസ്തവിദ്യരായ മലയാളി യുവാക്കൾക്കായിതൊഴിൽ വിപ്ലവം സൃഷ്ടിക്കും.**

ഇന്ന് കേരളത്തിലെ **യുവജന തൊഴിലില്ലായ്മ നിരക്ക് 30 ശതമാനത്തോളമാണ്** — ഇത് ഇന്ത്യയിൽ തന്നെ ഏറ്റവും ഉയർന്ന നിരക്കുകളിൽ ഒന്നാണ്. **ഉപരിപഠനത്തിനായുള്ള വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റം 2018-ലെ 1.3 ലക്ഷത്തിൽ നിന്ന് 2023-ൽ 2.5 ലക്ഷമായി ഇരട്ടിച്ചു.** കൂടാതെ, **21 ലക്ഷത്തിലധികം മലയാളികൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്** (അവരിൽ ഭൂരിഭാഗവും ഗൾഫ് രാജ്യങ്ങളിലാണ്). ഇവരിൽ പലരും നാട്ടിൽ **ഉചിതമായ ജോലി കണ്ടെത്താൻ കഴിയാത്ത ബിരുദധാരികളാണ്.** കേരളത്തിനകത്ത് തന്നെ മികച്ച അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പുതിയ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലൂടെ മാത്രമേ ഈ പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കൂ.

നിർമ്മിത ബുദ്ധി (Artificial Intelligence), ബയോടെക്നോളജി, ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ, സെമികണ്ടക്ടർ ഡിസൈൻ, പുനരുപയോഗ ഊർജ്ജം (Renewable Energy), എ.വി.ജി.സി (AVGC അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്) തുടങ്ങിയ വളർന്നുവരുന്ന **സൺറൈസ് വ്യവസായങ്ങളെ (Sunrise industries)** പ്രോത്സാഹിപ്പിച്ചുകൊണ്ട് **ടെക്നോളജി, ഇന്നൊവേഷൻ, ഇലക്ട്രോണിക്സ് മേഖലകളിൽ ഞങ്ങൾ വൻ വ്യവസായ വിപ്ലവത്തിന് നേതൃത്വം നൽകും**. മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യവസായ പങ്കാളിത്തവുമുള്ള ഒരു കരുത്തുറ്റ നൂതനാശയ ആവാസവ്യവസ്ഥ (Ecosystem) കെട്ടിപ്പടുക്കുന്നതിലൂടെ, ഉയർന്ന വളർച്ചാ സാധ്യതയുള്ള ഈ മേഖലകളിൽ നൈപുണ്യമുള്ള മലയാളി യുവാക്കൾക്ക് ഭാവിക്ക് അനുയോജ്യമായ, ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ ഞങ്ങൾ ഉറപ്പാക്കും.

**പ്രധാന പദ്ധതികൾ:**

1. വേണ്ടത്ര പ്രയോജനപ്പെടുത്താതെ കിടക്കുന്ന സർക്കാർ ഭൂമികളിൽ പുതിയ വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കും. അവയിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:
    a. **കളമശ്ശേരി എച്ച്.എം.ടി (HMT) കാമ്പസ്** (~100 ഏക്കർ)
    b. **കോഴിക്കോട് മാവൂർ റയോൺസ് ഫാക്ടറി ഭൂമി** (~300 ഏക്കർ)
    c. **കാസർകോട് ലഭ്യമായ ഏകദേശം 100 ഏക്കർ ഭൂമി**
2. സാങ്കേതിക-നൂതന മേഖലകളിലെ സൺറൈസ് വ്യവസായങ്ങളിൽ നിന്ന് പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സംസ്ഥാനതലത്തിൽ **പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (PLI)** പദ്ധതി .

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. യുവാക്കൾക്കായി ലക്ഷക്കണക്കിന് നേരിട്ടുള്ള പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ യുവജനതയ്ക്കിടയിലെ തൊഴിലില്ലായ്മ ഗണ്യമായി ഇല്ലാതാക്കും.
2. സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഇലക്ട്രോണിക്സ് വ്യവസായങ്ങൾ എന്നിവയിൽ ഇന്ത്യയിലെ തന്നെ മുൻനിര ഹബ്ബായി കേരളത്തെ മാറ്റും.
3. പ്രവാസി വരുമാനത്തെ അമിതമായി ആശ്രയിക്കുന്ന അവസ്ഥയിൽ നിന്ന് കേരളത്തിന്റെ സമ്പദ് മോചിപ്പിക്കുകയും വൈവിധ്യവൽക്കരിക്കുകയും ചെയ്യും.

# നമ്മുടെ
# യുവതയുടെ ഭാവി




INNOVATION LAB & RESEARCH CENTER

# 12-ാം ക്ലാസ് വരെ
# സൗജന്യ ഐച്ഛിക ഇംഗ്ലീഷ്
# മീഡിയം വിദ്യാഭ്യാസം



# 1. 12-ാം ക്ലാസ് വരെ സൗജന്യ ഐച്ഛിക ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം

**വാഗ്ദാനം: താല്പര്യമുള്ളവർക്ക് ഇംഗ്ലീഷ് മീഡിയം തിരഞ്ഞെടുക്കാനുള്ള സൗകര്യത്തോടെ (Optional), 12-ാം ക്ലാസ് വരെ സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും ഉറപ്പാക്കും.**

കേരളത്തിലെ 12,981 വിദ്യാലയങ്ങളിൽ വളരെ കുറഞ്ഞ ശതമാനം സ്കൂളുകളിൽ മാത്രമാണ് ഹയർ സെക്കൻഡറി വിദ്യാഭ്യാസ സൗകര്യമുള്ളത്. സംസ്ഥാനത്തുള്ള 2,790 ഹൈസ്കൂളുകളിൽ ഭൂരിഭാഗവും പന്ത്രണ്ടാം ക്ലാസ് വരെ നീളുന്നില്ല. സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നത് 41% ആൺകുട്ടികൾക്കും 49% പെൺകുട്ടികൾക്കും മാത്രമാണ് ഹയർ സെക്കൻഡറി വിദ്യാഭ്യാസം ലഭിക്കുന്നത് എന്നാണ്. **അതായത്, പത്താം ക്ലാസ് പൂർത്തിയാക്കുന്ന ഏകദേശം 60% വിദ്യാർത്ഥികൾക്കും തങ്ങളുടെ പ്രാദേശിക സ്കൂളുകളിൽ 11, 12 ക്ലാസ്സുകളിലേക്ക് നേരിട്ട് തുടർപഠനത്തിന് അവസരം ലഭിക്കുന്നില്ല.** ഗ്രാമ-നഗര മേഖലകൾക്കിടയിൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ എണ്ണം തികച്ചും അസന്തുലിതമാണ്. പല ഗ്രാമപഞ്ചായത്തുകളിലും ഹയർ സെക്കൻഡറി സൗകര്യങ്ങൾ തീരെയില്ലാത്തതിനാൽ വിദൂര പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ ഏറെ ദൂരം യാത്ര ചെയ്യുകയോ താമസം മാറുകയോ ചെയ്യേണ്ടി വരുന്നു.

കൂടാതെ, 2022-2024 കാലഘട്ടത്തിൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികളുടെ പ്രവേശനത്തിൽ 20% ഇടിവാണ് (64.5%-ൽ നിന്ന് 44.5% ആയി) ഉണ്ടായിട്ടുള്ളത്. സ്വകാര്യ സ്കൂളുകളിലേക്കുള്ള ഈ കൊഴിഞ്ഞുപോക്ക്, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിലുള്ള ജനവിശ്വാസം നഷ്ടപ്പെടുന്നതിന്റെ വ്യക്തമായ സൂചനയാണ്.

**പ്രധാന കർമ്മപദ്ധതികൾ:**

1. ഓരോ തദ്ദേശ സ്ഥാപനത്തിലും (ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) 12-ാം ക്ലാസ് വരെ സൗജന്യ വിദ്യാഭ്യാസം നൽകുന്ന കുറഞ്ഞത് ഒരു സർക്കാർ സ്കൂളെങ്കിലും ഉണ്ടെന്ന് ഉറപ്പാക്കും.
2. **സർക്കാർ സ്കൂൾ വിദ്യാർത്ഥികളെ സ്വകാര്യ സ്കൂൾ വിദ്യാർത്ഥികൾക്കൊപ്പം ഉന്നതപഠനത്തിനും തൊഴിലിനും പ്രാപ്തരാക്കുന്നതിനായി, അടുത്ത 5 വർഷത്തിനുള്ളിൽ ഐച്ഛികമായി (Optional) ഇംഗ്ലീഷ് മീഡിയം തിരഞ്ഞെടുക്കാനുള്ള സൗകര്യം ഒരുക്കും.** ഇത് വിദ്യാഭ്യാസത്തിൽ തുല്യതയും വികസനവും ഉറപ്പാക്കും.
3. നിലവിലുള്ള **സ്കൂളുകളെ സംയോജിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യും.** 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് മികച്ച പഠനസൗകര്യങ്ങൾ ലഭ്യമാക്കാൻ അധ്യാപകരെ ശാസ്ത്രീയമായി വിന്യസിക്കും.
4. പഠിച്ചിറങ്ങുമ്പോൾ തന്നെ **തൊഴിൽ സാധ്യതകൾ** ഉറപ്പാക്കുന്നതിനായി ഹയർ സെക്കൻഡറി തലത്തിൽ തൊഴിലധിഷ്ഠിത പരിശീലനം ഉറപ്പാക്കും

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. സാർവത്രിക 12-ാം ക്ലാസ് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലൂടെ, നൈപുണ്യമുള്ള ഒരു പുതിയ യുവതലമുറയെ സൃഷ്ടിക്കാനും പ്രവാസി വരുമാനത്തെ ആശ്രയിക്കുന്ന കേരളത്തെ **നൂതനാശയ-സാങ്കേതിക സമ്പദ്‌വ്യവസ്ഥയായി** മാറ്റാനും സാധിക്കും.
2. ഗ്രാമപഞ്ചായത്തുകൾ വഴി 12-ാം ക്ലാസ് വരെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമാക്കുന്നതിലൂടെ **ദൂരക്കൂടുതലും സാമൂഹിക പിന്നോക്കാവസ്ഥയും മൂലമുള്ള വിദ്യാഭ്യാസ അസമത്വം പൂർണ്ണമായി ഇല്ലാതാക്കാം.**
3. സമ്പൂർണ്ണ ഹയർ സെക്കൻഡറി വിദ്യാഭ്യാസമുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റും. ഇതിലൂടെ **വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാനും തൊഴിലിനായുള്ള വിദേശ കുടിയേറ്റം ഗണ്യമായി കുറയ്ക്കാനും സാധിക്കും.**
4. നിലവിലെ സാമ്പത്തിക-ജനസംഖ്യാ വെല്ലുവിളികളെ അതിജീവിച്ച്, **മാനവ വികസനത്തിൽ കേരളത്തെ ഒരു മുൻനിര സംസ്ഥാനമായി** ഉയർത്തും.

# വ്യവസായ അധിഷ്ഠിത ഉന്നതവിദ്യാഭ്യാസം

**പ്രതിഭയുള്ളിടത്തേക്ക് നിക്ഷേപമെത്തുന്നു; അവസരങ്ങളുള്ളിടത്തേക്ക് പ്രതിഭകളും**



## 2. വ്യവസായ അധിഷ്ഠിത ഉന്നതവിദ്യാഭ്യാസം

**വാഗ്ദാനം: കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ, വ്യവസായ പങ്കാളിത്തം ആകർഷിക്കുന്ന നൈപുണ്യ-മികവിന്റെ (Talent hub) കേന്ദ്രങ്ങളാക്കി മാറ്റും.**

2018 മുതൽ 2023 വരെയുള്ള കാലയളവിൽ വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് ഇരട്ടിയായതോടെ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായം സമാനതകളില്ലാത്ത പ്രതിസന്ധിയിലാണ്. 2024-ൽ കേരള അക്കാദമി ഓഫ് സയൻസസ് പ്രസിദ്ധീകരിച്ച പഠനറിപ്പോർട്ട് പ്രകാരം, ഉന്നതപഠനത്തിനായി **സംസ്ഥാനത്തിന് പുറത്തേക്ക് പോയ പത്തിൽ ഏഴ് വിദ്യാർത്ഥികളും തിരികെ വരാൻ ആഗ്രഹിക്കുന്നില്ല** എന്നാണ് കണ്ടെത്തിയത്. 2025 മെയ് മാസത്തിലെ കണക്കുകൾ പ്രകാരം പോലും കേരളത്തിലെ കോളേജുകളിൽ ആയിരക്കണക്കിന് സീറ്റുകളാണ് വിദ്യാർത്ഥികളില്ലാതെ ഒഴിഞ്ഞുകിടക്കുന്നത്.

രാഷ്ട്രീയ പ്രേരിതമായ നിയമനങ്ങളും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഫണ്ടിന്റെ വലിയ അപര്യാപ്തതയും കാരണം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഉണ്ടാകുന്ന വിട്ടുവീഴ്ചകളാണ് ഈ വെല്ലുവിളികളെ കൂടുതൽ രൂക്ഷമാക്കുന്നത്. ലോകം അതിവേഗം മുന്നോട്ട് കുതിക്കുമ്പോഴും, സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **10 ശതമാനത്തിൽ താഴെ മാത്രമാണ് ശാസ്ത്ര-സാങ്കേതിക (STEM) അധിഷ്ഠിതമായ തൊഴിൽധിഷ്ഠിത പ്രോഗ്രാമുകൾ നൽകുന്നത്.** ചുരുക്കത്തിൽ, അതിവേഗം മാറുന്ന ലോകത്തിനൊപ്പം സഞ്ചരിക്കാൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തിന് സാധിക്കാതെ വരികയും അതിന്റെ പ്രസക്തി അതിവേഗം നഷ്ടപ്പെടുകയുമാണ്.

**പ്രധാന കർമ്മപദ്ധതികൾ**

1. **വ്യവസായ മേഖലയുമായി നേരിട്ട് ബന്ധിപ്പിച്ച് സബ്സിഡിയോട് കൂടിയ ഇന്റേൺഷിപ്പുകളും, അപ്രന്റീസ്ഷിപ്പ് പരിശീലനങ്ങളും നൈപുണ്യ വികസന പ്രോഗ്രാമുകളും** നൽകുന്നതിലൂടെ, **കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികച്ച തൊഴിൽ നൈപുണ്യമുള്ളവരുടെ കേന്ദ്രങ്ങളാക്കി മാറ്റും.** ഇതിലൂടെ നമ്മുടെ യുവാക്കളെ തൊഴിലിന് പ്രാപ്തരാക്കും.
2. പ്രതിഭകളുള്ള ഇടത്തേക്ക് നിക്ഷേപങ്ങളും, അവസരങ്ങളുള്ള ഇടത്തേക്ക് പ്രതിഭകളും ഒഴുകിയെത്തും. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലേക്ക് പുതിയ **വൻകിട നിക്ഷേപങ്ങളെ ആകർഷിക്കാൻ സംസ്ഥാനത്തെ ഈ പുതിയ നൈപുണ്യശേഷിയെ (Talent base) നമ്മൾ ഉപയോഗപ്പെടുത്തും.**

### പദ്ധതിയുടെ ഗുണഫലങ്ങൾ

1. **യുവജനങ്ങൾക്ക് ആധുനിക നൈപുണ്യ പരിശീലനം** നൽകി അവരെ തൊഴിലിന് സജ്ജരാക്കും. സംസ്ഥാനത്തെ രൂക്ഷമായ യുവജന തൊഴിലില്ലായ്മക്കും വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് മൂലമുണ്ടാകുന്ന പ്രതിഭാചോർച്ചയ്ക്കും (Brain-drain) ഇതിലൂടെ ശാശ്വത പരിഹാരം കാണും.
2. പുതിയ നിക്ഷേപങ്ങൾ കേരളത്തിലേക്ക് എത്തുന്നതോടെ സംസ്ഥാനത്ത് വലിയ തോതിൽ പുതിയ **തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.** ഇത് വരുംതലമുറകളുടെ അഭിലാഷങ്ങൾക്കനുസരിച്ചുള്ള പുതിയ അവസരങ്ങൾ അവർക്കായി തുറന്നിടും.


സ്വച്ഛ
കേരളം
Dry


TODAT'S WASTE COLLIZSTED:
1.2 TOBE.
SEBREAATIOA BATE: 94%
5 7088

# മാലിന്യ
# സംസ്കരണം



# 1. മാലിന്യ സംസ്കരണം

**വാഗ്ദാനം: പൊതുശുചിത്വം ഉറപ്പാക്കുകയും ആരോഗ്യച്ചെലവ് കുറയ്ക്കുകയും ചെയ്യുന്ന സമഗ്ര മാലിന്യ നിയന്ത്രണം.**

കേരളത്തിൽ പ്രതിദിനം ഏകദേശം 11,450 ടൺ ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നു. 75 ശതമാനത്തിലധികം മാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കപ്പെടാതെയോ അലക്ഷ്യമായോ കിടക്കുന്നു. 'സീറോ വേസ്റ്റ്' പോലുള്ള പദ്ധതികൾ പ്രഖ്യാപിച്ചെങ്കിലും, മാലിന്യത്തിന്റെ അളവിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടു. ഇത് ആവർത്തിച്ചുള്ള പാരിസ്ഥിതിക, പൊതുജനാരോഗ്യ പ്രതിസന്ധികൾക്ക് കാരണമാകുന്നു.

**ഈ പ്രതിസന്ധിയുടെ പ്രധാന കാരണങ്ങൾ:**

1. കേരളത്തിലെ **അതിവേഗ നഗരവത്ക്കരണവും** മാറുന്ന ഉപഭോഗരീതികളും.
2. **അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ:** സംസ്ഥാനത്തെ പകുതിയിലധികം വീടുകളിൽ ഉറവിടത്തിൽ വെച്ച് തന്നെ മാലിന്യം തരംതിരിക്കുന്നില്ല. പ്രതിദിന മാലിന്യത്തിന്റെ വെറും 25 ശതമാനം മാത്രമാണ് ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നത്. ശേഷിക്കുന്ന ഭൂരിഭാഗം മാലിന്യവും ലാൻഡ്ഫില്ലുകളിലേക്കോ, തുറസ്സായ സ്ഥലങ്ങളിലേക്കോ തള്ളപ്പെടുന്നു.
3. **സ്ഥലപരിമിതിയും മാലിന്യക്കൂമ്പാരങ്ങളും:** കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ലഭ്യതക്കുറവും പുതിയ മാലിന്യനിക്ഷേപ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തടസ്സമാകുന്നു.
4. **ഡാറ്റയുടെ അഭാവവും ഘടനാപരമായ പിഴവുകളും:** മാലിന്യത്തിന്റെ അളവും ഘടനയും സംബന്ധിച്ച കൃത്യമായ **ഡാറ്റയുടെ അഭാവവും** അനുയോജ്യമായ സാങ്കേതികവിദ്യ തെരഞ്ഞെടുപ്പിനെയും നിക്ഷേപ പദ്ധതികളെയും ബാധിക്കുന്നതായി ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (CAG) ചൂണ്ടിക്കാട്ടിയിട്ടുണ്ട്..

പുതിയ മാലിന്യ സംസ്കരണ നയം ഈ **രംഗത്ത് ശാസ്ത്രീയവും വികേന്ദ്രീകൃതവും പ്രൊഫഷണലുമായ** ഒരു മാറ്റത്തിനാണ് തുടക്കം കുറിക്കുന്നത്. ഉറവിടം മുതൽ സംസ്കരണം വരെയുള്ള ഓരോ ഘട്ടത്തിലെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ, കൂടുതൽ ശുചിയും സുസ്ഥിരവുമായ ഒരു കേരളത്തിന് അടിത്തറ പാകും.

**മാലിന്യ സംസ്കരണത്തിന്റെ സ്വകാര്യവൽക്കരണം, ഉറവിട മാലിന്യ സംസ്കരണം,** പ്രാദേശിക ലാൻഡ്ഫില്ലുകൾ, ട്രാൻസ്ഫർ സ്റ്റേഷനുകൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ, വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ, യന്ത്രവൽകൃത തെരുവ് ശുചീകരണം തുടങ്ങിയ പ്രധാന പദ്ധതികളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കും. പതിറ്റാണ്ടുകളായി ജനങ്ങളെ വലയ്ക്കുന്ന **തുറസ്സായ സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം, അശാസ്ത്രീയമായ ലാൻഡ്ഫില്ലുകൾ,** എന്നിവ പൂർണ്ണമായും ഇതിലൂടെ ഇല്ലാതാക്കും.

കർശനമായ നിരീക്ഷണത്തിന്റെ പിൻബലത്തോടെ **വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണവും, പരിസര ശുചിത്വത്തിലെ ജനകീയപങ്കാളിത്തം എന്നിവ ഉറപ്പാക്കും.** പുനരുപയോഗപ്രദമായ മാലിന്യങ്ങളിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് 'സർക്കുലർ ഇക്കണോമി' മാതൃക പ്രോത്സാഹിപ്പിക്കും. ഒരു പ്രൊഫഷണൽ ചട്ടക്കൂട് ക്രമബദ്ധമായ രൂപകൽപ്പനയും തത്സമയ നിരീക്ഷണവും ഡാറ്റ അധിഷ്ഠിത തീരുമാനമെടുപ്പും പൊതുജന വിശ്വാസവും ഉറപ്പാക്കുന്നു. കൂടാതെ, സാങ്കേതിക വിദഗ്ധതയും സ്വകാര്യ പങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കി ദീർഘകാല വിജയത്തിന് വഴിയൊരുക്കുന്നു.

**സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകില്ല, എന്നുമാത്രമല്ല സർക്കാരിന് ഇതൊരു വരുമാന മാർഗ്ഗമായി മാറുകയും ചെയ്യും.**

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. തികച്ചും പ്രൊഫഷണലും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ.
2. 100% മാലിന്യ ശേഖരണവും ശാസ്ത്രീയമായ തരംതിരിക്കലും.
3. മികച്ച പൊതുജനാരോഗ്യവും സമഗ്ര ശുചിത്വവും.
4. മാലിന്യമുക്തമായ തെരുവുകളും പൊതു ഇടങ്ങളും.
5. തുറസ്സായ സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതും കത്തിക്കുന്നതും പൂർണ്ണമായും ഇല്ലാതാകുന്നതിലൂടെ
6. വായു-ജല മലിനീകരണംകുറയുന്നു.


തുല്യനീതി,
സമത്വം,
ജനകീയ ഭരണം



# വിശ്വാസ സംരക്ഷണവും ആരാധനാലയങ്ങളുടെ പരിപാലനവും



# 1. വിശ്വാസ സംരക്ഷണവും ആരാധനാലയങ്ങളുടെ പരിപാലനവും

**വാഗ്ദാനം: അഴിമതിയും ആചാരങ്ങളിലെ സർക്കാർ ഇടപെടലുകളും അവസാനിപ്പിച്ചുകൊണ്ട് ശബരിമലയും ഗുരുവായൂരും ഉൾപ്പെടെയുള്ള എല്ലാ ആരാധനാലയങ്ങളെയും ഞങ്ങൾ സംരക്ഷിക്കും. ക്ഷേത്രഭരണം പൂർണ്ണമായും ഭക്തർക്ക് കൈമാറുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു.**

ശബരിമല വിഷയം എന്നത് ഒറ്റപ്പെട്ട ഒരു വിവാദമല്ല, മറിച്ച് കേരളത്തിലുടനീളമുള്ള ആരാധനാലയങ്ങൾ നേരിടുന്ന വഞ്ചനയുടെയും കടന്നാക്രമണങ്ങളുടെയും ഭാഗമാണ്. എൽ.ഡി.എഫ് നിയന്ത്രിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ അയ്യപ്പ സ്വാമിയുടെ പൂങ്കാവനം കൊള്ളയുടെ വേദിയായി മാറി. സ്വർണ്ണ മോഷണ വിവാദം ദേവസ്വം മന്ത്രിയുടെയും ഭരണം നിയന്ത്രിക്കുന്ന എൽ.ഡി.എഫ് നോമിനികളുടെയും പങ്കിനെക്കുറിച്ച് ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തുന്നു. വിഷയത്തിൽ കോൺഗ്രസ് നേതൃത്വവുമായി ബന്ധപ്പെട്ട ഞെട്ടിപ്പിക്കുന്ന വിവരങ്ങളും പുറത്തുവന്നു. സർക്കാർ ഒത്താശയോടെയും പോലീസ് സംരക്ഷണത്തോടെയും യുവതികളെ സന്നിധാനത്ത് പ്രവേശിപ്പിച്ചുകൊണ്ട് ആചാരലംഘനം നടത്തി ഭക്തരെ ആഴത്തിൽ മുറിവേൽപ്പിച്ചു. ഇത്രയൊക്കെയായിട്ടും, തങ്ങളുടെ സത്യവാങ്മൂലത്തിൽ തിരുത്തലുകൾ വരുത്താതെ സർക്കാർ ഇപ്പോഴും കോടതിയിൽ തന്ത്രങ്ങൾ പയറ്റുകയാണ്. ഇത് വിശ്വാസ സംരക്ഷണം ഉറപ്പാക്കുന്നതിൽ സർക്കാരിനുള്ള ആത്മാർത്ഥതയില്ലായ്മയെയാണ് കാണിക്കുന്നത്.

**ഈ അഴിമതിയും രാഷ്ട്രീയ ഇടപെടലുകളും അവസാനിപ്പിക്കുന്നതിനായി താഴെ പറയുന്ന തിരുത്തൽ നടപടികൾ ഞങ്ങൾ നടപ്പിലാക്കും:**

**പ്രധാന പദ്ധതികൾ**

1. കേരളത്തിലുടനീളമുള്ള ക്ഷേത്രഭരണത്തിൽ ഭക്തരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി **ദേവസ്വം ബോർഡുകൾ പൂർണ്ണമായും ഉടച്ചുവാർക്കും.**
2. ശബരിമലയിലെ സ്വർണ്ണ കൊള്ളയിൽ ഉൾപ്പെട്ട എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനുമായി **സമയബന്ധിതമായ സി.ബി.ഐ അന്വേഷണം പ്രഖ്യാപിക്കും.**
3. കഴിഞ്ഞ **30 വർഷത്തെ ക്ഷേത്ര ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും,** ക്ഷേത്ര സ്വത്തുക്കൾ തിട്ടപ്പെടുത്തുന്നതിനും, അധികാര ദുർവിനിയോഗം നടത്തിയവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുമായി **ഒരു സ്പെഷ്യൽ കമ്മീഷനെ നിയോഗിക്കും.**
4. **"ശബരിമല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് മിഷൻ"** വഴി ഭക്തർക്ക് മുൻഗണന നൽകിക്കൊണ്ടുള്ള വൻകിട വികസന പദ്ധതികൾ നടപ്പിലാക്കുകയും **'ശബരി റെയിൽ' പദ്ധതിയുടെ അതിവേഗത്തിലുള്ള പൂർത്തീകരണവും** ഉറപ്പുവരുത്തും .

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. ആരാധനാലയങ്ങളുടെ സമ്പത്തും ആസ്തികളും കൊള്ളയിൽ നിന്നും രാഷ്ട്രീയ ദുരുപയോഗത്തിൽ നിന്നും സംരക്ഷിക്കപ്പെടും.
2. ഭക്തർ നയിക്കുന്ന ഭരണസംവിധാനത്തിലൂടെയും സുതാര്യമായ ഓഡിറ്റിംഗിലൂടെയും വിശ്വാസികൾക്ക് ക്ഷേത്ര ഭരണത്തിലുള്ള വിശ്വാസം തിരിച്ചുകിട്ടും.
3. ക്ഷേത്ര ആചാരങ്ങളും പാരമ്പര്യങ്ങളും ലംഘിക്കപ്പെടാതെ അന്തസ്സോടെ കാത്തുസൂക്ഷിക്കപ്പെടും.

# സാമുദായിക മൈത്രി



# 2. സാമുദായിക മൈത്രി

**വാഗ്ദാനം: അചഞ്ചലമായ മതനിരപേക്ഷത, ഏവരെയും ഉൾക്കൊള്ളുന്ന വികസനം, സുദൃഢവും സുസ്ഥിരവുമായ സാമുദായിക സൗഹാർദ്ദം.**

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക-മത പാരമ്പര്യം ചരിത്രപരമായി തന്നെ സംസ്ഥാനത്തിന്റെ മതനിരപേക്ഷതയും സാമൂഹിക ഐക്യവും ഉയർത്തിപ്പിടിക്കുന്നതാണ്. എന്നാൽ, നിലവിലെ ചില സാമൂഹിക-രാഷ്ട്രീയ വെല്ലുവിളികൾ സാമുദായിക സൗഹാർദ്ദം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു:

1. നയരൂപീകരണ ചർച്ചകളിൽ അതിന്യൂനപക്ഷ (Micro-minority) വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുന്നില്ല.

അതിന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണത്തിനായി അടുത്തിടെ ഉയരുന്ന ആവശ്യങ്ങൾ, നിലവിലെ സംവിധാനങ്ങളിലെ പോരായ്മകളിലേക്കും കൂടുതൽ സൂക്ഷ്മമായ നിയമപരിരക്ഷയുടെ ആവശ്യകതയിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യം നിലനിർത്തുന്നതിനപ്പുറം, അവ ആർജ്ജവത്തോടെ സംരക്ഷിച്ച് 'നാനാത്വത്തിൽ ഏകത്വം' പ്രയോഗ തലത്തിനുപരിയായി ഏവർക്കും അനുഭവവേദ്യമാക്കി നാം മാറ്റും

**നിർദ്ദിഷ്ട പദ്ധതികളും ലക്ഷ്യങ്ങളും:**

1. **അതിന്യൂനപക്ഷങ്ങൾക്ക് (Micro-Minorities) പ്രത്യേക നിയമ പരിരക്ഷ:**

a. വിവേചനം ഒഴിവാക്കി **അർഹമായ പ്രാതിനിധ്യവും സംരക്ഷണവും** ഉറപ്പാക്കാനും **'അതിന്യൂനപക്ഷ വിഭാഗങ്ങളെ'** നിയമപരമായി നിർവ്വചിക്കും.

b. ഈ വിഭാഗങ്ങൾക്ക് **ക്ഷേമപദ്ധതികളിലും സ്കോളർഷിപ്പുകളിലും, മറ്റ് ആനുകൂല്യങ്ങളിലും** തുല്യ അവകാശം ഉറപ്പാക്കും

**ലക്ഷ്യം:**

നിയമനിർമ്മാണത്തിലൂടെ അതിന്യൂനപക്ഷങ്ങളെ കേരളത്തിന്റെ മുഖ്യധാരയിൽ ഉൾപ്പെടുത്തി, അവരെ സാമൂഹികവും രാഷ്ട്രീയവുമായ പാർശ്വവത്ക്കരണത്തിൽ നിന്ന് സംരക്ഷിക്കും.

# പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ശാക്തീകരണം



# 3. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ശാക്തീകരണം

**വാഗ്ദാനം: വ്യക്തവും ലക്ഷ്യാധിഷ്ഠിതവുമായ നടപടികളിലൂടെ പട്ടികജാതി (SC), പട്ടികവർഗ്ഗ (ST), പിന്നാക്ക (OBC) വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണം ഞങ്ങൾ ഉറപ്പാക്കും.**

എസ്.സി, എസ്.ടി, ഒ.ബി.സി വിഭാഗങ്ങൾക്ക് അവരുടെ സ്വതസിദ്ധമായ കഴിവുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി വ്യക്തിപരവും സാമൂഹികവുമായ പുരോഗതി കൈവരിക്കാൻ അവസരങ്ങൾ ഉറപ്പാക്കുമ്പോഴാണ് യഥാർത്ഥ നീതിയും സമത്വവും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനവും പൂർണ്ണമാകുന്നത്. അവരുടെ വികസന സ്വപ്നങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യുന്ന വ്യക്തമായ പദ്ധതികൾ ഞങ്ങൾ നടപ്പിലാക്കും.

**പട്ടികജാതി, പട്ടികവർഗ്ഗ ശാക്തീകരണം:**

1. **പട്ടികവർഗ്ഗ** വിഭാഗങ്ങളിലെ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി, കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ പുതിയ **ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ** സ്ഥാപിക്കും.
2. **പട്ടികജാതി, പട്ടികവർഗ്ഗ** വിഭാഗങ്ങളിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനം ഉറപ്പാക്കുന്നതിനായി:

a. നിലവിലെ ഭവന പദ്ധതികളിലെ എല്ലാ തടസ്സങ്ങളും നീക്കി, **പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ നിർമ്മാണവും വിതരണവും ഉറപ്പാക്കും.**

b. അതിദുർബല ഗോത്രവർഗ്ഗ (PVTG) സമൂഹങ്ങൾക്ക് പ്രധാനമന്ത്രി ജൻമൻ (PM JANMAN) പദ്ധതി പ്രയോജനപ്പെടുത്തി വീടുകൾ നൽകും.

3. അർഹരായ എല്ലാ **ഗോത്രജനങ്ങൾക്കും സർക്കാർ വക ഭൂമിയും ഭൂ ഉടമസ്ഥാവകാശ രേഖകളും** നൽകും.
4. സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്ന എല്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളിലും ഇൻക്യുബേഷൻ കേന്ദ്രങ്ങളിലും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് **തുല്യ പ്രാതിനിധ്യം ഉറപ്പാക്കും.**
5. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേകമായി മാറ്റിവെക്കുന്ന ഫണ്ടുകൾ ലാപ്സ് ആവാതെ സംരക്ഷിക്കും.
6. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി **'അയ്യങ്കാളി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി'** രൂപീകരിക്കുന്നതിന് പൂർണ്ണ പിന്തുണ

**ഒ.ബി.സി ശാക്തീകരണം:**

1. പിന്നാക്ക വിഭാഗങ്ങൾക്ക് മതിയായ വിഭവങ്ങളും അവസരങ്ങളും ലഭ്യമാക്കുന്നതിനായി, **കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനെ ഞങ്ങൾ ഉടച്ചുവാർത്ത്** പൂർണ്ണമായി ശാക്തീകരിക്കും.
2. പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതിക്കായി പ്രത്യേകമായി വിഭാവനം ചെയ്തിട്ടുള്ള എല്ലാ പദ്ധതികൾക്കുമുള്ള ഫണ്ടുകൾ ലാപ്സ് ആവാതെ സംരക്ഷിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. വിദ്യാഭ്യാസത്തിലും തൊഴിലിലും എല്ലാ ഒ.ബി.സി വിഭാഗങ്ങൾക്കും നീതി ഉറപ്പാക്കും.
2. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ടുകൾ വകമാറ്റാതെ ആ വിഭാഗങ്ങൾക്ക് തന്നെ ലഭ്യമാക്കും.
3. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ കേവലം തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളായി മാറുന്നതിലൂടെ അവരുടെ യഥാർത്ഥ സാമൂഹിക-സാമ്പത്തിക ശാക്തീകരണം സാധ്യമാക്കും.
4. മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തൊഴിലാളികൾക്കും മികച്ച സുരക്ഷാ വലയം ഒരുക്കുന്നതിനായി അപകട ഇൻഷുറൻസും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കും.

# AI കരുത്തിൽ അഴിമതിമുക്ത ജനകീയ ഭരണം







# 4. AI കരുത്തിൽ അഴിമതിമുക്ത ജനകീയ ഭരണം

**വാഗ്ദാനം: എല്ലാ സർക്കാർ സേവനങ്ങളും വിവരങ്ങളും തികച്ചും സുതാര്യവും കാര്യക്ഷമവുമായി ലഭ്യമാക്കിക്കൊണ്ട്, ഒരു എ.ഐ (AI) അധിഷ്ഠിത, അഴിമതിമുക്തവും ജനകീയവുമായ ഭരണസംവിധാനം ഓരോ മലയാളിക്കും ഞങ്ങൾ ഉറപ്പുനൽകുന്നു.**

കെട്ടിക്കിടക്കുന്ന ഫയലുകളും നീണ്ട ക്യൂവുമാണ് ഇന്നത്തെ കേരളത്തിന്റെ നേർചിത്രം. സെക്രട്ടേറിയറ്റിൽ മാത്രം 3.18 ലക്ഷം ഫയലുകളാണ് തീർപ്പാകാതെ കിടക്കുന്നത്. ഈ ഭരണസ്തംഭനം സാധാരണക്കാരനെയും വ്യവസായികളെയും ഒരുപോലെ ദുരിതത്തിലാക്കുന്നു. സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭിക്കാൻ അഴിമതിക്കും കൈക്കൂലിക്കും കൂട്ടുനിൽക്കേണ്ടി വരികയും, സ്വന്തം ധാർമ്മികത അടിയറവുവെക്കേണ്ടി വരികയും ചെയ്യുന്ന ഗതികേടിലാണ് കേരളത്തിലെ ജനത.

കാര്യക്ഷമവും അഴിമതിരഹിതവും ജനകേന്ദ്രീകൃതവുമായ ഭരണനിർവ്വഹണത്തിനായി, വളർന്നുവരുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാങ്കേതികവിദ്യയുടെ പിൻബലത്തോടെ ഞങ്ങൾ **'കേരളം അഡ്മിനിസ്ട്രേറ്റീവ് മോഡേണൈസേഷൻ പ്രോഗ്രാമിന്'** തുടക്കം കുറിക്കും.

**പ്രധാന പദ്ധതികൾ:**

1. **ഡിജിറ്റൽ കേരളം:** കേരളത്തിന്റെ ഭരണനിർവ്വഹണത്തിനായി തികച്ചും സുരക്ഷിതമായ ഒരു ഡിജിറ്റൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്. വ്യക്തിവിവരങ്ങൾ, ഡാറ്റ, പണമിടപാടുകൾ, സർക്കാർ സേവനങ്ങൾ എന്നിവയെല്ലാം ഒറ്റ കുടക്കീഴിൽ സംയോജിപ്പിക്കുന്ന ഈ സംവിധാനത്തിലൂടെ, വിവിധ വകുപ്പുകളിലെ സേവനങ്ങളും വിവരങ്ങളും യാതൊരു തടസ്സവുമില്ലാതെ ഒരൊറ്റ പ്ലാറ്റ് ഫോമിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കും.
2. **ബ്ലോക്ക്ചെയിൻ അധിഷ്ഠിത ഭൂമി രജിസ്ട്രേഷൻ:** ഭൂരേഖകൾ തികച്ചും സുരക്ഷിതവും സുതാര്യവും വികേന്ദ്രീകൃതവുമായി സൂക്ഷിക്കാൻ ബ്ലോക്ക്ചെയിൻ (Blockchain) സാങ്കേതികവിദ്യ നടപ്പിലാക്കും. ഭൂരേഖകളിൽ കൃത്രിമം കാണിക്കുന്നത് പൂർണ്ണമായും തടയുന്ന ഈ സംവിധാനം, നിലവിലെ ഭൂമി തർക്കങ്ങൾ പരിഹരിക്കാനും ഭാവിയിലെ തർക്കങ്ങൾ ഒഴിവാക്കാനും അടിസ്ഥാനമൊരുക്കും.
3. **എ.ഐ (AI) സിറ്റിസൺ സർവീസ് പോർട്ടൽ:** എല്ലാ സർക്കാർ സേവനങ്ങൾക്കും ഒറ്റ ഡിജിറ്റൽ സംവിധാനം (One-Stop Interactive App). മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാകുന്ന ഈ ആപ്പിലൂടെ സർക്കാർ സേവനങ്ങൾ ഓരോ മലയാളിയുടെയും വിരൽത്തുമ്പിലെത്തും. എ.ഐയുടെ സഹായത്തോടെ 'അന്ത്യോദയ' എന്ന മഹത്തായ ലക്ഷ്യമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അപേക്ഷകൾ പൂരിപ്പിക്കാനും ക്യൂ നിൽക്കാനുമുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഇതോടെ എന്നെന്നേക്കുമായി അവസാനിക്കും.
4. **തത്സമയ ബജറ്റ് - അടിസ്ഥാനസൗകര്യ ഡാഷ്ബോർഡ്:** ബജറ്റ് തുകയുടെ വിനിയോഗവും അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ പുരോഗതിയും ജനങ്ങൾക്ക് അപ്പപ്പോൾ പരിശോധിക്കാൻ കഴിയുന്ന തത്സമയ ഡാഷ്ബോർഡ് സംവിധാനം നടപ്പിലാക്കും. അപാകതകൾ ചൂണ്ടിക്കാണിക്കാനും ശാശ്വത പരിഹാരം ഉറപ്പാക്കാനും ജനങ്ങൾക്ക് അവസരം നൽകിക്കൊണ്ട് സർക്കാരിനെ പൂർണ്ണമായും സുതാര്യവും ജനാധിപത്യപരവുമാക്കും.
5. **സമയബന്ധിത സേവനാവകാശ നിയമം 2.0:** കാലോചിതമായ സാങ്കേതിക മാറ്റങ്ങൾ ഉൾക്കൊണ്ട് നിലവിലെ നിയമങ്ങൾ നവീകരിക്കും. എ.ഐ (AI) സംവിധാനങ്ങളിലൂടെ സാധ്യമാകുന്ന അതിവേഗ സേവന ലഭ്യത ഉറപ്പാക്കി, ജനങ്ങളോടുള്ള സർക്കാരിന്റെ ഉത്തരവാദിത്തം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ പുതിയ നിയമം.
6. **ഇരകൾക്ക് നീതി:** സഹകരണ ബാങ്ക് തട്ടിപ്പുകളെക്കുറിച്ച് സമഗ്രമായ അന്വേഷണം ഉറപ്പാക്കുകയും ഇരകൾക്ക് നീതി ലഭ്യമാക്കുകയും ചെയ്യും.
7. **സുതാര്യത:** സഹകരണ ബാങ്കുകളുടെയും സഹകരണ സംഘം രജിസ്ട്രാറുടെയും പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും കൊണ്ടുവരുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കും


## പദ്ധതിയുടെ ഗുണഫലങ്ങൾ

1. ഉദ്യോഗസ്ഥതലത്തിലെ കാലതാമസവും ഒഴിവാക്കി ജനങ്ങളുടെ വിലപ്പെട്ട സമയം ലാഭിക്കുന്നു. സർക്കാരുമായുള്ള പൊതുജനങ്ങളുടെ ഓരോ ഇടപെടലും കൂടുതൽ ലളിതവും സുഗമവുമാക്കുന്നു.
2. സർക്കാർ രേഖകളിൽ പൂർണ്ണ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നു. ഇതിലൂടെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും തർക്കങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നു.
3. പൊതുപണത്തിന്റെ വിനിയോഗവും വികസന പദ്ധതികളുടെ പുരോഗതിയും തത്സമയം നിരീക്ഷിക്കാൻ ജനങ്ങളെ പ്രാപ്തരാക്കി ശക്തമായ നിയമപരിരക്ഷയിലൂടെ ഉത്തരവാദിത്ത ഭരണം ഉറപ്പാക്കുന്നു.


ആധുനിക നഗരങ്ങൾ,
ആധുനിക
ഗ്രാമങ്ങൾ
Infopark



# വികസിത കോർപ്പറേഷൻ - 10 വർഷ കർമ്മപദ്ധതി



# 1. വികസിത കോർപ്പറേഷൻ' - 10 വർഷ കർമ്മപദ്ധതി

**വാഗ്ദാനം:** കേരളത്തിലെ 6 മുനിസിപ്പൽ കോർപ്പറേഷനുകളെയും രാജ്യത്തെ തന്നെ മുൻനിര നഗരങ്ങളാക്കി മാറ്റുന്നതിനും, മികച്ച ജീവിതനിലവാരവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്ന നിക്ഷേപ കേന്ദ്രങ്ങളാക്കി അവയെ വികസിപ്പിക്കുന്നതിനുമായി 10 വർഷത്തെ **'വികസിത കോർപ്പറേഷൻ കർമ്മപദ്ധതി'** ഞങ്ങൾ നടപ്പിലാക്കും.

മാറിമാറി വന്ന എൽ.ഡി.എഫ് - യു.ഡി.എഫ് സർക്കാരുകളുടെ വർഷങ്ങൾ നീണ്ട അവഗണന, കേരളത്തിലെ നഗരങ്ങളെ തകർച്ചയിലെത്തിച്ചിരിക്കുന്നു. ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ട് കേരളത്തിലെ കോർപ്പറേഷൻ പ്രദേശങ്ങളെ പൂർണ്ണമായി പരിവർത്തനം ചെയ്യുന്നതിനായി

**10 വർഷത്തെ 'വികസിത കോർപ്പറേഷൻ കർമ്മപദ്ധതി' ഞങ്ങൾ നടപ്പിലാക്കും.**

1. **കോഴിക്കോടും തിരുവനന്തപുരത്തും മെട്രോ** കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലെ മെട്രോ പദ്ധതികൾ പൂർത്തിയാക്കും.
2. **കോർപ്പറേഷനുകൾ സാമ്പത്തിക വളർച്ചയുടെ ചാലകശക്തി:** കോർപ്പറേഷനുകളുടെ തനത് സാധ്യതകൾ ഉൾക്കൊണ്ട്, അവയ്ക്ക് ഏറ്റവും അനുയോജ്യമായ സാമ്പത്തിക നയം നടപ്പിലാക്കി നമ്മുടെ നഗരങ്ങളെ സവിശേഷ സാമ്പത്തിക ചാലകശക്തികളായി വികസിപ്പിക്കും

   **തിരുവനന്തപുരം:** ഐ.ടി (IT) - ഇന്നൊവേഷൻ തലസ്ഥാനം
   **കൊച്ചി:** ഇന്ത്യയുടെ കപ്പൽനിർമ്മാണ തലസ്ഥാനം
   **കോഴിക്കോട്:** ആരോഗ്യ - മെഡിക്കൽ ഇന്നൊവേഷൻ ഹബ്ബ്
   **തൃശ്ശൂർ:** കേരളത്തിന്റെ സാംസ്കാരിക ടൂറിസം തലസ്ഥാനം
   **കൊല്ലം:** സമുദ്രോത്പന്ന കയറ്റുമതിക്ക് ഊന്നൽ നൽകുന്ന അന്താരാഷ്ട്ര ബ്ലൂ ഇക്കോണമി ക്ലസ്റ്റർ
   **കണ്ണൂർ:** ഡിഫൻസ് ഇന്നൊവേഷൻ ഹബ്ബ്
3. **സമഗ്ര നഗരഗതാഗത വികസനം:** ദീർഘദൂര ചരക്കുവാഹനങ്ങൾ വഴിതിരിച്ചുവിടുന്നതിനായി 6-8 വരികളുള്ള വിശാല ഹൈവേ ബൈപ്പാസുകളും, നഗരങ്ങളിലെ പ്രധാന ബ്ലോക്കുകൾ ഒഴിവാക്കാൻ പുതിയ ഫ്ലൈഓവറുകളും യാഥാർത്ഥ്യമാക്കും. നഗരങ്ങളിലെ ഗതാഗതക്കുരുക്ക് എന്നെന്നേക്കുമായി പരിഹരിക്കാനും വേഗത്തിലുള്ള യാത്രകൾ ഉറപ്പാക്കാനും ഈ പദ്ധതിയിലൂടെ കഴിയും.
4. **റെയിൽ അധിഷ്ഠിത മാലിന്യസംസ്കരണം:** റെയിൽവേ സൈഡിംഗുകൾക്ക് സമീപം പ്രത്യേക മാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിലൂടെ നഗരങ്ങളിലെ മാലിന്യം, ട്രെയിനുകൾ വഴി ഏറ്റവും അടുത്തുള്ള ജില്ലാതല മാലിന്യ സംസ്കരണ കേന്ദ്രങ്ങളിലേക്ക് വേഗത്തിൽ എത്തിക്കാൻ സാധിക്കും.
5. **അടിസ്ഥാനസൗകര്യ പരിപാലനം:** അറ്റകുറ്റപ്പണികൾക്കായി റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാൻ എല്ലാവിധ കേബിളുകളും, കുടിവെള്ള-മലിനജല പൈപ്പ്ലൈനുകളും പൂർണ്ണമായും പ്രത്യേക ഭൂഗർഭ അറകളിലൂടെയാക്കും.
6. **100% എൽ.ഇ.ഡി (LED) തെരുവുവിളക്കുകൾ:** നഗരങ്ങളിലെ തെരുവുവിളക്കുകൾ ആധുനിക എൽ.ഇ.ഡി ലൈറ്റുകളാക്കി പരിവർത്തനം ചെയ്ത് ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. നഗരങ്ങളിലെ യാത്രാസമയത്തിൽ 20-30% വരെ കുറവും ഇന്ധനച്ചെലവിൽ 5-10% വരെ ലാഭവും.
2. മികച്ച റോഡ് സുരക്ഷയും യാത്രാസൗകര്യങ്ങളും ഉറപ്പാക്കി, ചരക്കുനീക്കം കൂടുതൽ കാര്യക്ഷമമാക്കും, കേരളത്തിലെ വ്യവസായ-സേവന മേഖലകളിലേക്ക് വൻകിട നിക്ഷേപങ്ങളെ ആകർഷിക്കാനും സാധിക്കും.
3. ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം, അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയും.
4. ടൂറിസം വികസനവും പ്രാദേശിക സംയോജനവും.

# ആത്മനിർഭർ ഗ്രാമങ്ങൾ



# 2. ആത്മനിർഭർ ഗ്രാമങ്ങൾ

**വാഗ്ദാനം : കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളെ സംരംഭകത്വത്തിലൂടെയും തൊഴിലവസരങ്ങളിലൂടെയും സ്വയംപര്യാപ്തമായ സാമ്പത്തിക കേന്ദ്രങ്ങളായി നമ്മൾ പരിവർത്തനം ചെയ്യും.**

കേരളത്തിന്റെ വികസന ചരിത്രത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട നമ്മുടെ ഗ്രാമങ്ങളെ മികച്ച നിക്ഷേപ സൗഹൃദ കേന്ദ്രങ്ങളായി ഞങ്ങൾ പരിവർത്തനം ചെയ്യും.

## കൃഷിക്കുള്ള സാമ്പത്തിക പിന്തുണ

1. **റബ്ബർ:** താങ്ങുവില 250 രൂപയായ് വർധിപ്പിച്ച് 5% വാർഷിക വർദ്ധനവ് ഉറപ്പുവരുത്തും.
2. **കശുവണ്ടി:** ആധുനിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ₹50 ലക്ഷം വരെ പലിശ രഹിത ലോൺ ഉറപ്പാക്കും. തൈ നടീൽ സബ്സിഡി ചെടി ഒന്നിന് ₹100 എന്നതിൽ നിന്ന് ₹150 ആയി ഉയർത്തും.
3. **വാഴ:** ടിഷ്യൂ കൾച്ചർ തൈകൾക്കും കൃഷി അനുബന്ധ സൗകര്യങ്ങൾക്കും ഓരോ 10 ചെടിക്കും ₹150 വരെ ധനസഹായം നൽകും
4. **കാപ്പി കൃഷി വികസനത്തിന് 40% സബ്സിഡി:**
   a. ജലലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾക്ക് ₹2.5 ലക്ഷം വരെ.
   b. സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ₹15 ലക്ഷം വരെ.
5. റവന്യൂ-വനം നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് തോട്ടം ഭൂമികളിൽ **മിശ്രവിള കൃഷിയും ഉയർന്ന മൂല്യമുള്ള മരത്തടികളുടെ കൃഷിയും പ്രോത്സാഹിപ്പിക്കും.**
6. റബ്ബർ കൃഷിയിൽ നിന്ന് ഘട്ടം ഘട്ടമായി ഉഷ്ണമേഖലാ പഴവർഗ്ഗ കൃഷിയിലേക്ക് മാറാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി **'ട്രോപ്പിക്കൽ ഫ്രൂട്ട് മിഷൻ' ആരംഭിക്കും.**

## ആത്മനിർഭർ ഗ്രാമങ്ങൾ

1. ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് 1994-ലെ കേരള പഞ്ചായത്തീരാജ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തും.
2. കൃഷി, ഉദ്യാനകൃഷി, തീരദേശ മേഖലകളിലെ ഗുണഭോക്താക്കളെയും സംരംഭകരെയും ഏകോപിപ്പിച്ചുകൊണ്ട് ഓരോ ഗ്രാമത്തിനും പ്രത്യേകം വെബ്സൈറ്റുകൾ നിലവിൽ വരും.
3. എല്ലാ ഗ്രാമങ്ങളിലെയും തെരുവുവിളക്കുകൾ 100% ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ലൈറ്റുകളായി നവീകരിക്കും.

## പ്രാദേശിക വ്യവസായ-കരകൗശല മേഖലയുടെ പ്രോത്സാഹനം

1. **ആത്മനിർഭർ ഗ്രാമീണ തൊഴിൽ പദ്ധതി:** പ്രാദേശികവാസികൾക്ക് തുടർച്ചയായി 12 മാസം ജോലി നൽകുന്ന സംരംഭകർക്ക് പ്രതിമാസം ₹7,000 വരെ വേതന സബ്സിഡി നൽകും.
2. **ഒരു ക്ലസ്റ്റർ ഒരു ഉൽപ്പന്നം:** ഓരോ പ്രദേശത്തെയും തനതായ ഉൽപ്പന്നങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ കണ്ടെത്തി അവയുടെ ആഗോള കയറ്റുമതി സുഗമമാക്കും.
3. ഭൗമ സൂചിക പദവി നേടിയ ഗ്രാമീണ ഉത്പന്നങ്ങളെയും കരകൗശല വസ്തുക്കളെയും പുനരുജ്ജീവിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും കയറ്റുമതി ചെയ്യാനുമായി പ്രത്യേക **'വിശ്വകർമ്മ ഗ്രാമങ്ങൾ'** സ്ഥാപിക്കും.

## തീരദേശ മേഖലയ്ക്കുള്ള പിന്തുണ

1. **പഞ്ഞമാസ ആനുകൂല്യം വർധിപ്പിക്കും:** മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള പഞ്ഞമാസ ആനുകൂല്യം (Lean-period allowance) പ്രതിമാസം ₹6,000 ആയി വർദ്ധിപ്പിക്കും.
2. എഞ്ചിൻ നവീകരണത്തിന് സബ്സിഡി: മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി **ആധുനികവും ഇന്ധനക്ഷമതയുള്ളതുമായ എഞ്ചിനുകൾ സ്ഥാപിക്കുന്നതിന് 75% വരെ സബ്സിഡി** നൽകും.
3. **നിത്യേനയുള്ള മത്സ്യലഭ്യതയ്ക്ക് താങ്ങുവില ഉറപ്പാക്കും.**
4. പി.എം. മത്സ്യസമ്പദ യോജനയുടെ (PMMSY) കീഴിൽ:
   a. ആധുനിക ശീതീകരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് ചെലവിന്റെ 60% വരെ സബ്സിഡി നൽകും.
   b. അക്വാകൾച്ചർ മൂല്യശൃംഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള അക്വാ പാർക്കുകൾ സ്ഥാപിക്കും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. ഓരോ ഗ്രാമവും പുനരുജ്ജീവിപ്പിക്കപ്പെട്ട പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ ഗുണഭോക്താക്കളാകും. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ ഉപജീവന സാധ്യതകൾ മെച്ചപ്പെടുത്തിക്കൊണ്ട് നൂറു ശതമാനം സ്വയംപര്യാപ്തമായ സാമ്പത്തിക കേന്ദ്രങ്ങളാക്കി ഞങ്ങൾ മാറ്റും.

# വ്യക്തി സുരക്ഷ




COMMUNITY
AWARENESS POSTER

# ലഹരിമുക്ത കേരളം & ലഹരിമുക്ത കാമ്പസുകൾ



## 1. ലഹരിമുക്ത കേരളം & ലഹരിമുക്ത കാമ്പസുകൾ

**വാഗ്ദാനം: കേരളത്തെ പൂർണ്ണമായും ലഹരിമുക്ത സംസ്ഥാനമാക്കി മാറ്റും.**

ഇന്ത്യയിൽ ലഹരിമരുന്ന് കേസുകളിൽ ഒന്നാമതായി നിൽക്കുന്ന കേരളം അത്യന്തം അപകടകരമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ഒരു ലക്ഷം പേരിൽ 78 പേർക്കെതിരെ സംസ്ഥാനത്ത് മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും കഴിഞ്ഞ വർഷം 500 ൽ അധികം ലഹരി കേസുകൾ വീതം രേഖപ്പെടുത്തി. ഏകദേശം 7.5 ലക്ഷം യുവാക്കളും 75,000 കുട്ടികളും (10-17 വയസ്സ്) ലഹരി ഉപയോഗിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വിദ്യാലയങ്ങളും കലാലയങ്ങളും കേന്ദ്രീകരിച്ച്, ലഹരി വസ്തുക്കളിലൂടെ കുട്ടികളെയും യുവാക്കളെയും ലക്ഷ്യം വെക്കുന്ന മാഫിയകൾ സംസ്ഥാനത്ത് സജീവമാണ്.

കുറ്റകൃത്യങ്ങളിലെ വൻ വർദ്ധനവ് (2025 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നടന്ന 63 കൊലപാതകങ്ങളിൽ 30 എണ്ണവും ലഹരിമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ടതാണ്), വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ, രൂക്ഷമാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ, കൂടാതെ സാമൂഹികമായ അരക്ഷിതാവസ്ഥ തുടങ്ങിയ ഗുരുതര പ്രത്യാഘാതങ്ങൾക്ക് ലഹരി കാരണമാകുന്നു. ലഹരിവിമുക്ത (ഡി-അഡിക്ഷൻ) കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ വലിയ കുതിച്ചുചാട്ടമാണുണ്ടായിരിക്കുന്നത്: 2024-ൽ 18 വയസ്സിന് താഴെയുള്ള 2,880 പേരാണ് ചികിത്സ തേടിയെത്തിയത് (മുൻവർഷത്തെ അപേക്ഷിച്ച് 45 ശതമാനത്തിന്റെ വർദ്ധനവ്). 2025-ലെ ആദ്യ രണ്ട് മാസങ്ങളിൽ മാത്രം 588 കുട്ടികൾ കൂടി പുതുതായി ഈ കേന്ദ്രങ്ങളിൽ എത്തിയിട്ടുണ്ട്.

**കേരളത്തിൽ ലഹരി ഉപഭോഗം വർദ്ധിക്കുന്നത് എന്തുകൊണ്ട്?**

1. സിന്തറ്റിക് ലഹരിമരുന്നുകളുടെയും നൂതന ലഹരിവസ്തുക്കളുടെയും അനായാസ ലഭ്യത
2. കേരളത്തിന്റെ കടൽത്തീരം ദുരുപയോഗം ചെയ്യുന്ന മയക്കുമരുന്ന് കടത്ത് ശൃംഖലകൾ
3. സാമൂഹികവും കുടുംബപരവുമായ ഘടകങ്ങൾ
4. യുവജന സംസ്കാരത്തിലുണ്ടാകുന്ന മാറ്റങ്ങൾ
5. നിരീക്ഷണ സംവിധാനങ്ങളിലും നിയമപാലനത്തിലുമുള്ള പോരായ്മകൾ
6. പ്രതിരോധ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി.

**പ്രധാന കർമ്മപദ്ധതികൾ**

ലഹരി വിപത്തിനെതിരെ **നിയമപാലനം, പുനരധിവാസം, ബോധവൽക്കരണം, ജനകീയ പങ്കാളിത്തം എന്നിവ കോർത്തിണക്കിയുള്ള സമഗ്രമായ കർമ്മപദ്ധതി** നടപ്പിലാക്കും. ഇതിന്റെ ഭാഗമായി, വിദ്യാലയങ്ങളിൽ ലഹരി വിൽപ്പന തടയാൻ അഞ്ചംഗ സന്നദ്ധ പ്രവർത്തകർ നയിക്കുന്ന **'ക്യാമ്പസ് നാർക്കോ-വാച്ച്'** പദ്ധതിക്ക് രൂപം നൽകും.

### പദ്ധതിയുടെ ഗുണഫലങ്ങൾ:

1. ആരോഗ്യകരമായ യുവത്വവും കരുത്തുറ്റ കുടുംബങ്ങളും ക്യാമ്പസുകളും
2. കുറ്റകൃത്യ നിയന്ത്രണവും സുരക്ഷിത സമൂഹവും
3. ഉൽപ്പാദനക്ഷമത വർദ്ധനവും സാമ്പത്തിക നേട്ടങ്ങളും
4. ആരോഗ്യ പരിരക്ഷാ ചെലവിൽ ഗണ്യമായ കുറവ്
5. ഇരകളുടെ പുനരധിവാസവും സമൂഹത്തിലേക്കുള്ള തിരിച്ചുവരവും .
6. മെച്ചപ്പെട്ട സാമൂഹിക സൗഹാർദ്ദം

# കുറ്റകൃത്യങ്ങളുടെ നിരക്ക് കുറയ്ക്കൽ



# 2. കുറ്റകൃത്യങ്ങളുടെ നിരക്ക് കുറയ്ക്കൽ

**വാഗ്ദാനം : കുറ്റകൃത്യങ്ങളുടെ നിരക്കിൽ 50 ശതമാനം കുറവ് വരുത്തും.**

ഇന്ത്യയിൽ കുറ്റകൃത്യങ്ങളുടെ നിരക്കിൽ രണ്ടാം സ്ഥാനത്തുള്ള കേരളത്തിൽ, ദക്ഷിണേന്ത്യൻ ശരാശരിയേക്കാൾ മൂന്നിരട്ടി കുറ്റകൃത്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 2024-ൽ വഞ്ചന, മോഷണം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയിൽ വലിയ വർദ്ധനവുണ്ടായി. എൽ.ഡി.എഫ് സർക്കാരിന്റെ ഭരണത്തിന് കീഴിൽ ആൾക്കൂട്ട കൊലപാതകങ്ങൾ (Lynchings) വർദ്ധിച്ചുവരികയാണ്, ഇത് നിരപരാധികളായ മനുഷ്യർ കൊല്ലപ്പെടുന്ന സാഹചര്യമുണ്ടാകുന്നു. മാറിമാറി വന്ന എൽ.ഡി.എഫ് - യു.ഡി.എഫ് സർക്കാരുകൾക്ക് കീഴിൽ ജനവിശ്വാസം ആർജിക്കുന്നതിന് പകരം ക്രൂരതയുടെയും ഭയത്തിന്റെയും പ്രതീകമായാണ് പോലീസ് മാറിയത്.

**ആരോഗ്യപരവും ക്രിയാത്മകവുമായ  പോലീസിങ്ങിനായി ഭരണപരിഷ്കാരം.**

**പ്രധാന പദ്ധതികൾ:**

1. **മികവ് മാനദണ്ഡമാക്കിയ** പോലീസ് മാനേജ്മെന്റ്.
2. പോലീസ്, നീതിന്യായവ്യവസ്ഥ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻജിഒകൾ എന്നിവയെ ഉൾപ്പെടുത്തി **മാസാന്ത്യ ടാസ്ക് ഫോഴ്സ് യോഗങ്ങൾ**
3. ജില്ലാതലത്തിൽ ക്രമസമാധാന നടപടികൾ  സംബന്ധിച്ച **പൊതു ഡാഷ്ബോർഡുകൾ.**
4. പോലീസിനെ  **രാഷ്ട്രീയ ഇടപെടലിൽ നിന്നും മുക്തമാക്കും.**
5. **പ്രൊഫഷണലും ഇന്റലിജന്റുമായ പോലീസിങ്** പരിശീലനം.
6. പൊതുഇടങ്ങളിലെ സുരക്ഷ ശക്തമാക്കുന്നതിനായി **ആധുനിക എ.ഐ (AI) ക്യാമറ നിരീക്ഷണം** നടപ്പിലാക്കും. കൂടാതെ, റോഡഭിമുഖമായി **സി.സി.ടി.വി (CCTV) ക്യാമറകൾ** സ്ഥാപിക്കുന്ന **വ്യാപാര സ്ഥാപനങ്ങൾക്കും വീടുകൾക്കും** പ്രത്യേക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കും

**സുതാര്യവും ഉത്തരവാദിത്ത പൂർണ്ണവുമായ ജനസൗഹൃദ പൊലീസിങ് രീതികളിലേക്ക് സമഗ്രമായ പരിഷ്കരണം. പോലീസ് സേനയെ അധികാര രൂപമെന്നതിലുപരി ഒരു പൊതുജന സുരക്ഷാ വിഭാഗമായി ഞങ്ങൾ പുനഃസംഘടിപ്പിക്കും.**

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. സുരക്ഷിതമായ സമൂഹവും പൊതുസ്ഥലങ്ങളും
2. യഥാർത്ഥ ജന മൈത്രി പൊലീസിങ്.
3. ശക്തമായ സാമ്പത്തിക-നിക്ഷേപ സൗഹൃദ അന്തരീക്ഷം
4. കോടതികളുടെയും ജയിലുകളുടെയും അമിതഭാരം കുറയുന്നു
5. ശാക്തീകരിക്കപ്പെട്ട മാതൃകാ പോലീസ് സേന
6. എല്ലാവർക്കും മെച്ചപ്പെട്ട ജീവിതനിലവാരം




# തെരുവുനായ ശല്യത്തിന് അന്ത്യം



# 3. തെരുവുനായ ശല്യത്തിന് അന്ത്യം

**വാഗ്ദാനം : പൊതുജനസുരക്ഷക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് ഫലപ്രദമായ സമീപനങ്ങളിലൂടെ തെരുവുനായ ശല്യത്തിന് ശാശ്വത പരിഹാരം.**

ഇന്ന് കേരളത്തിലെ തെരുവുകളിൽ 9 ലക്ഷത്തിലധികം തെരുവുനായ്ക്കളാണ് അലഞ്ഞുതിരിയുന്നത്; ഇത് 2022-ലെ എണ്ണത്തിന്റെ ഏകദേശം മൂന്നിരട്ടിയാണ്. 2021-നും 2025-നും ഇടയിൽ 15.02 ലക്ഷത്തിലധികം ആളുകൾക്ക് തെരുവുനായ്ക്കളുടെ കടിയേറ്റു. 2025-ൽ മാത്രം 3.69 ലക്ഷം പേർക്ക് കടിയേറ്റു, അതായത് ശരാശരി പ്രതിദിനം 1000-ത്തിലധികം പേർക്ക് കടിയേൽക്കുന്ന സ്ഥിതിയാണിന്നുള്ളത്.

തെരുവുനായ പ്രതിസന്ധി പരിഹരിക്കുന്നതിൽ എൽ.ഡി.എഫ് സർക്കാർ സമ്പൂർണ്ണ പരാജയമാണ്. വന്ധ്യംകരണ പദ്ധതികളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ ഈ പരാജയം കൂടുതൽ വ്യക്തമാകുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള കണക്കുകൾ പ്രകാരം 2024-25 കാലയളവിൽ നാല് ജില്ലകളിൽ ഒരൊറ്റ വന്ധ്യംകരണം പോലും രേഖപ്പെടുത്തിയിട്ടില്ല. 2026 ജനുവരി വരെയും വിവിധ എ.ബി.സി (ABC) സെന്ററുകളിൽ വന്ധ്യംകരണം കാര്യക്ഷമമല്ലെന്നാണ് റിപ്പോർട്ട്. തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിലും നഗരങ്ങളിലും ഗ്രാമങ്ങളിലും ജനജീവിതം സുരക്ഷിതമാക്കുന്നതിലും എൽ.ഡി.എഫ് സർക്കാർ പരാജയപ്പെട്ടിരിക്കുന്നു.

**കേരളത്തിൽ തെരുവുനായ ശല്യം വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ:**

1. **വന്ധ്യംകരണത്തിലെയും വാക്സിനേഷനിലെയും പോരായ്മകൾ** : തെരുവുനായ്ക്കളുടെ പെരുപ്പം തടയുന്നതിനുള്ള വന്ധ്യംകരണ പദ്ധതികൾ (Animal Birth Control) പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഒരൊറ്റ വന്ധ്യംകരണം പോലും നടത്താത്ത എ.ബി.സി സെന്ററുകൾ സർക്കാരിന്റെ അനാസ്ഥയുടെ സ്മാരകങ്ങളായി മാറിയിരിക്കുന്നു.
2. **മാലിന്യ സംസ്കരണത്തിലെ പരാജയം** : ഭക്ഷണശാലകളിൽ നിന്നും അറവുശാലകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുന്നത് തെരുവുനായകൾ ജനവാസ മേഖലകളിൽ പെരുകാൻ കാരണമാകുന്നു.
3. **വളർത്തുമൃഗങ്ങളെ ഉപേക്ഷിക്കൽ** : കോവിഡ് കാലത്ത് വളർത്തിയിരുന്ന നായകളെ പിന്നീട് തെരുവിൽ ഉപേക്ഷിച്ചതുമൂലം, അക്രമാസക്തരായ വിദേശയിനം നായകൾ ഉൾപ്പെടെ തെരുവുനായക്കൂട്ടങ്ങളിൽ വർദ്ധിച്ചു.

കേരളത്തിലെ തെരുവുനായകളെ റോഡുകളിൽ നിന്ന് നീക്കം ചെയ്യൽ, വന്ധ്യംകരണ പ്രവർത്തനങ്ങൾ, ഫലപ്രദമായ മാലിന്യ സംസ്കരണം, ഹോട്ട്സ്പോട്ട് മാപ്പിംഗ്, ബോധവൽക്കരണ ക്യാമ്പെയ്നുകൾ, നിയമപരമായ പിന്തുണയ്ക്കായി കേന്ദ്ര സർക്കാരുമായി ഏകോപനം എന്നിവ ഉൾക്കൊള്ളുന്ന **സമഗ്രമായ സമീപനം സ്വീകരിക്കും.** ഈ പദ്ധതിയുടെ പരമാവധി ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി **കേന്ദ്ര സർക്കാരുമായി സഹകരിച്ചും ചർച്ച ചെയ്തും രൂപകൽപ്പന ചെയ്യും.**

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. മെച്ചപ്പെട്ട പൊതുജനസുരക്ഷ.
2. മെച്ചപ്പെട്ട പൊതുജനാരോഗ്യം.
3. കൂടുതൽ വൃത്തിയുള്ളതും താമസയോഗ്യവുമായ നഗരങ്ങൾ.
4. വിനോദസഞ്ചാര മേഖലയ്ക്കും സംസ്ഥാനത്തിന്റെ പ്രതിച്ഛായയ്ക്കും ലഭിക്കുന്ന ഉണർവ്.
5. മെച്ചപ്പെട്ട മൃഗക്ഷേമം.

# സ്ത്രീ സുരക്ഷ



# 4. നാരി സുരക്ഷ

**വാഗ്ദാനം:** കേരളത്തെ ഇന്ത്യയിലെ ഏറ്റവും സുരക്ഷിത വനിതാ സൗഹൃദ സംസ്ഥാനമാക്കും. മാറിമാറി വന്ന എൽ.ഡി.എഫ്-യു.ഡി.എഫ് സർക്കാരുകൾ കേരളത്തെ സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ പിന്നിലാക്കിയിരിക്കുകയാണ്. യു.ഡി.എഫ് ഭരണകാലത്ത് 2011-ൽ 1,132 ആയിരുന്ന ബലാത്സംഗക്കേസുകൾ 2016 ആയപ്പോഴേക്കും ഇരട്ടിയിലധികം വർദ്ധിച്ച് 2,568-ൽ എത്തി. എൽ.ഡി.എഫ് സർക്കാറിനു കീഴിൽ 2025-ഓടെ ബലാത്സംഗക്കേസുകളുടെ എണ്ണം 2,952 ആയി ഉയരുകയും സ്ത്രീകൾക്കെതിരെയുള്ള ആകെ കുറ്റകൃത്യങ്ങളിൽ വർദ്ധനവ് (18,035 കേസുകൾ) രേഖപ്പെടുത്തുകയും ചെയ്തു. ഇരു മുന്നണികളിലെയും നേതാക്കൾ തന്നെ നേരിട്ട് ഇത്തരം അതിക്രമങ്ങളിൽ പ്രതികളാകുന്നത് സ്ത്രീ വിരുദ്ധതയെ ഒരു സ്വാഭാവിക കാര്യമായി കാണാൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നു. ഈ ക്രമസമാധാന തകർച്ചയ്ക്ക് ഞങ്ങൾ അറുതി വരുത്തും. നിയമവാഴ്ചയിൽ 'സീറോ ടോളറൻസ്' (Zero-tolerance) നയം നടപ്പിലാക്കി കുറ്റവാളികൾക്ക് കനത്ത ശിക്ഷ ഉറപ്പാക്കുന്ന ഒരു ഭരണസംവിധാനം ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**പ്രധാന പദ്ധതികൾ**

1. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ 78 താലൂക്കുകളിലും **വനിതാ പോലീസ് സ്റ്റേഷനുകളുടെ** ശൃംഖല വ്യാപിപ്പിക്കും. ഇതിലൂടെ സ്ത്രീകൾക്ക് തങ്ങളുടെ പരാതികൾ ബോധിപ്പിക്കാനും, പ്രാദേശികമായിത്തന്നെ സുരക്ഷ ഉറപ്പാക്കും കഴിയുന്നു.
2. പോലീസ് സേനയിൽ **30 ശതമാനം വനിതാ സംവരണം.**
3. എല്ലാ സ്കൂളുകളിലും കോളേജുകളിലും **ഷീ സ്ട്രോങ് സെല്ലുകളിലൂടെ** അംഗീകൃത പരിശീലകർ വഴി **കളരി മുറകൾ** ഉൾപ്പെടുത്തി സ്വയം പ്രതിരോധ ക്ലാസുകൾ നടപ്പിലാക്കും.
4. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ കർശന നിയമനിർമ്മാണം.

| കുറ്റകൃത്യം | നിലവിലെ ശിക്ഷ | നിർദ്ദേശിത ശിക്ഷാ നടപടികൾ |
|---|---|---|
| ബലാത്സംഗം / കൂട്ടബലാത്സംഗം | 20 വർഷം കഠിനതടവ് / ജീവപര്യന്തം/വധശിക്ഷ | ജീവപര്യന്തം/വധശിക്ഷ |
| ലൈംഗികാതിക്രമം | 3 വർഷം കഠിനതടവ്, പിഴ, രണ്ടും | 7 വർഷം കഠിനതടവ്/പിഴ/രണ്ടും |
| കുട്ടികളെ ഉപയോഗിച്ചുള്ള വ്യഭിചാരം | 10 വർഷം തടവും പിഴയും | 20 വർഷം തടവും പിഴയും |
| സ്ത്രീധന മരണം | 7 വർഷം തടവ് മുതൽ ജീവപര്യന്തം വരെ | 10 വർഷം വരെ തടവ് |
| ഗാർഹിക പീഡനം | 3 വർഷം തടവും പിഴയും | 5 വർഷം തടവും പിഴയും |

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. സ്ത്രീസുരക്ഷിത കേരളം
2. പോലീസിൽ ഉയർന്ന സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തി സ്ത്രീകൾക്ക് നീതി ഉറപ്പാക്കും.

# ജനസുരക്ഷയും പാരിസ്ഥിതിക പ്രതിരോധശേഷിയും




WARNING
WILDLIFE
PRESENCE

# മുല്ലപ്പെരിയാർ അണക്കെട്ട്

# കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം



# 1. മുല്ലപ്പെരിയാർ അണക്കെട്ട്: കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം

**വാഗ്ദാനം : കേരളത്തിന് സുരക്ഷയും, തമിഴ്നാടിന് ജലവും ഉറപ്പുവരുത്തും**

130 വർഷം പഴക്കമുള്ള കല്ലും കുമ്മായവും (masonry gravity) ഉപയോഗിച്ചുള്ള നിർമ്മിതിയാണ് മുല്ലപ്പെരിയാർ അണക്കെട്ട്. ആദ്യകാല എഞ്ചിനീയറിംഗ് മാനദണ്ഡങ്ങൾ പ്രകാരം (1887-1895) ഇത് 50 വർഷത്തെ കാലാവധി ലക്ഷ്യമിട്ടാണ് രൂപകൽപ്പന ചെയ്തത്. കൃത്യമായ അറ്റകുറ്റപ്പണികൾ നടത്തുന്ന കോൺക്രീറ്റ്/മസോണറി ഡാമുകൾക്ക് 75 മുതൽ 100 വർഷം വരെ നിലനിൽക്കാൻ സാധിക്കുമെങ്കിലും, 50 വർഷത്തിന് ശേഷം സാധാരണയായി വാർദ്ധക്യത്തിന്റെ ലക്ഷണങ്ങൾ (ചോർച്ച, വിള്ളലുകൾ, രാസമാറ്റങ്ങൾ) പ്രകടമാകാറുണ്ട്, ഇത് പിന്നീട് വലിയ അപകടസാധ്യതകളിലേക്ക് നയിക്കുന്നു. ഭൂകമ്പ സാധ്യതയുള്ള സീസ്മിക് സോൺ III-ൽ സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാറിൽ 1979-ലും 2011-ലും ഭൂചലനം മൂലം വിള്ളലുകൾ ഉണ്ടായിരുന്നു.

ഈ അപകടസാധ്യത കേവലം സങ്കൽപ്പമല്ല, മറിച്ച് ഏതുനിമിഷവും സംഭവിക്കാവുന്ന വലിയൊരു ദുരന്തത്തിന്റെ മുന്നറിയിപ്പാണ്. അണക്കെട്ടിന്റെ തകർച്ചയോ ചെറിയൊരു വിള്ളലോ പോലും കേരളത്തിൽ വിനാശകരമായ പ്രളയത്തിന് കാരണമായേക്കാം. അഞ്ച് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഒരു കോടിയിലധികം മനുഷ്യജീവനുകളാണ് ഇന്ന് മുൾമുനയിലുള്ളത്. അത്തരമൊരു ദുരന്തമുണ്ടായാൽ ഈ ജില്ലകളിലെ ജനസംഖ്യയുടെ മൂന്നിലൊന്നിനെ അത് തുടച്ചുനീക്കിയേക്കാം എന്ന ഭയാനകമായ വസ്തുത നാം തിരിച്ചറിയണം.

**പ്രധാന കർമ്മപദ്ധതികൾ**

1. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, കേരള-തമിഴ്നാട് സർക്കാരുകളുടെ പൂർണ്ണ സമ്മതത്തോടും സഹകരണത്തോടും കൂടി, കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് **സൗഹാർദ്ദപരവും ഉഭയസമ്മതപ്രകാരവുമുള്ള ഒരു പരിഹാരം** നടപ്പിലാക്കുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. വിട്ടുവീഴ്ചയില്ലാത്ത പൊതുജന സുരക്ഷ.
2. പാരിസ്ഥിതിക അതിജീവനശേഷിയും ദുരന്ത പ്രതിരോധവും.
3. തമിഴ്നാടിനുള്ള ജലസുരക്ഷ.
4. മെച്ചപ്പെട്ട അന്തർസംസ്ഥാന ബന്ധങ്ങളും നിയമപരമായ വ്യക്തതയും.
5. നിവാസികൾക്കുള്ള മാനസികമായ ഉറപ്പ്.



# തീരദേശ സംരക്ഷണം

## 2. തീരദേശ സംരക്ഷണം

**വാഗ്ദാനം : കേരളത്തിന്റെ മുഴുവൻ തീരപ്രദേശവും അവിടത്തെ നിവാസികൾക്കായി സുരക്ഷിതമാക്കും.**

കേരളത്തിന് 590 കിലോമീറ്റർ തീരപ്രദേശമുണ്ട്. ആകെയുള്ള 14 ജില്ലകളിൽ 9 എണ്ണം തീരദേശ ജില്ലകളാണ് (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്). നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) എന്നിവയുടെ സമീപകാല പഠനങ്ങൾ പ്രകാരം കേരളത്തിന്റെ 590 കിലോമീറ്റർ തീരപ്രദേശത്തിന്റെ **55 % ഇന്ന് "കടൽക്ഷോഭ ഭീഷണി നേരിടുന്നവ"** ആയി തരംതിരിക്കപ്പെട്ടിട്ടുണ്ട്. ഒമ്പത് തീരദേശ ജില്ലകളിലായി 222 മത്സ്യബന്ധന ഗ്രാമങ്ങളും ഏകദേശം 93 ലക്ഷം ആളുകളും താമസിക്കുന്നുണ്ട്. തീരശോഷണം, കടലാക്രമണം, മറ്റ് കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയുടെ ഭീതിയിലാണ് ഈ പൗരന്മാർ ജീവിക്കുന്നത്. ഇത് അവരെ മാറ്റിപ്പാർപ്പിക്കുന്നതിനും സ്വത്ത് നഷ്ടപ്പെടുന്നതിനും മാനസികാഘാതത്തിനും കാരണമാകുന്നു.

**ജനങ്ങളുടെ ജീവനും ഉപജീവനമാർഗ്ഗവും ഭൗതിക സുരക്ഷയും സംരക്ഷിക്കുന്നതിനായി തീരദേശവാസികളുമായി വിശദമായ കൂടിയാലോചനകൾ നടത്തിയ ശേഷം ബഹുതല ആശയങ്ങൾ രൂപീകരിക്കും.**

1. **തീരസംരക്ഷണവും അടിസ്ഥാന സൗകര്യ വികസനവും :**
   a. **കടൽഭിത്തികളും പുലിമുട്ടുകളും:** കടൽക്ഷോഭ സാധ്യതയുള്ള പ്രദേശങ്ങളിൽ കരിങ്കല്ല്/കോൺക്രീറ്റ് കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യും.
   b. **കൃത്രിമ പവിഴപ്പുറ്റുകളും തീരം വീണ്ടെടുക്കലും :** തിരമാലകളുടെ ആഘാതം കുറയ്ക്കാൻ കൃത്രിമ പവിഴപ്പുറ്റുകൾ സ്ഥാപിക്കുകയും സാൻഡ് നൗറിഷ്മെന്റ് വഴി നഷ്ടപ്പെട്ട തീരങ്ങൾ ശാസ്ത്രീയമായി വീണ്ടെടുക്കുകയും ചെയ്യും.
2. **മുൻകൂർ മുന്നറിയിപ്പ് സംവിധാനവും ദുരന്തനിവാരണവും**:
   a. **സംയോജിത മുന്നറിയിപ്പ് സംവിധാനം:** സുനാമി, കടൽക്ഷോഭ മുന്നറിയിപ്പ് ശൃംഖലകൾ ആധുനികവൽക്കരിച്ച് തത്സമയ സമുദ്രനിരീക്ഷണ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കും.
   b. **കമ്മ്യൂണിറ്റി ദുരന്തനിവാരണ പരിശീലനം:** തീരദേശ പഞ്ചായത്തുകളിൽ സന്നദ്ധ ദുരന്തനിവാരണ സേനകൾക്ക് പരിശീലനവും രക്ഷാബോട്ടുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും നൽകും.
3. **പരിസ്ഥിതി അധിഷ്ഠിത സുരക്ഷാ നടപടികൾ:**
   a. **സോണിംഗ്, ബിൽഡിംഗ് കോഡുകൾ:** തീരദേശ നിയന്ത്രണ നിയമങ്ങൾ കർശനമായി നടപ്പാക്കി അപകടസാധ്യതയുള്ള മേഖലകളിൽ നിർമ്മാണ നിയന്ത്രണവും ഹരിത ഇടനാഴികളും ബഫർ പാർക്കുകളും പ്രോത്സാഹിപ്പിക്കും.
4. മത്സ്യബന്ധനത്തിന് ഉപയോഗിക്കാത്ത കേരളത്തിലെ എല്ലാ കടൽതീരങ്ങളെയും അന്താരാഷ്ട്ര നിലവാരത്തിലുള്ള **'ബ്ലൂ ഫ്ലാഗ്' (Blue Flag)** ബീച്ചുകളായി മാറ്റും.

### പദ്ധതിയുടെ ഗുണഫലങ്ങൾ

1. തീരദേശ ജനതയുടെയും അവരുടെ ജീവന്റെയും സംരക്ഷണം.
2. ഉപജീവനമാർഗ്ഗങ്ങളുടെ സുരക്ഷിതത്വം.
3. അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണവും ദുരന്ത സാധ്യതകളുടെ ലഘൂകരണവും.

# വന്യജീവി ആക്രമണം



# 3. വന്യജീവി ആക്രമണം

**വാഗ്ദാനം : ജനങ്ങൾക്കും വന്യജീവികൾക്കും ഒരുപോലെ സുരക്ഷ ഉറപ്പാക്കുന്ന സുസ്ഥിരമായ ബഹുതല പരിഹാരങ്ങൾ നടപ്പിലാക്കും.**

കേരളത്തിലെ വനാതിർത്തികളിൽ വന്യജീവികളുടെ അതിക്രമം ഗുരുതരവും വർദ്ധിച്ചുവരുന്നതുമായ ഒരു പ്രതിസന്ധിയാണ്. 2016 ഏപ്രിൽ മുതൽ 2024 നവംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്തുടനീളം വന്യജീവി ആക്രമണങ്ങളിൽ 940 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 7,917 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഇന്ന് സർവ്വസാധാരണമാണ്; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇത്തരം സംഭവങ്ങൾ ഏകദേശം ഇരട്ടിയായി വർദ്ധിച്ചു. മരണകാരണങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നത് ആനകളാണെങ്കിലും, പാമ്പുകടി, കാട്ടുപന്നി, കടുവ എന്നിവയുടെ ആക്രമണങ്ങളും ഗണ്യമായ തോതിലുണ്ട്.

കേരളത്തിലെ വനാതിർത്തി ഗ്രാമങ്ങളിലായി ഏകദേശം 5 ലക്ഷം പേരെ വന്യജീവികളുടെ കടന്നുകയറ്റം നേരിട്ട് ബാധിക്കുന്നു. ഇത് ജനങ്ങളുടെ ജീവനും കൃഷിക്കും വരുമാനത്തിനും വലിയ ഭീഷണിയാണ് ഉയർത്തുന്നത്. സംസ്ഥാനത്തെ ആകെ 941 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 273 എണ്ണവും വന്യജീവി സംഘർഷ മേഖലകളായി (Hotspots) അടയാളപ്പെടുത്തിയിട്ടുണ്ട്. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇത്തരം സംഭവങ്ങൾ ഏറ്റവും തീവ്രമാണ്. ആകെ 15.25 ലക്ഷം ജനങ്ങൾ വന്യജീവി ആക്രമണ ഭീഷണിയിലാണ് ജീവിക്കുന്നത്. മനുഷ്യജീവനുകൾക്കും വന്യജീവികൾക്കും ഒരുപോലെ സുരക്ഷിതമായ സാഹചര്യം ഒരുക്കുന്നതിന് താഴെ പറയുന്ന ബഹുതല പരിഹാരങ്ങൾ നടപ്പിലാക്കും:

1. **വനത്തിനുള്ളിലെ ജലലഭ്യതയും തീറ്റയും വർദ്ധിപ്പിക്കുക :**
    a. മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് വന്യമൃഗങ്ങളുടെ പരമ്പരാഗത മേച്ചിൽപ്പുറങ്ങളിൽ അനുഭവപ്പെടുന്ന ജലത്തിന്റെയും തീറ്റയുടെയും ക്ഷാമമാണ്. വനത്തിനുള്ളിൽ തന്നെ ആവശ്യത്തിന് വെള്ളവും തീറ്റയും ലഭ്യമാണെന്ന് ഉറപ്പാക്കിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുക എന്നതാണ് ഞങ്ങളുടെ നയം.

2. **ഭൗതിക പ്രതിരോധ സംവിധാനങ്ങൾ :**
    a. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതിസോളാർ പവർ ഇലക്ട്രിക് വേലികൾ.
    b. ആനകളെ അകറ്റി നിർത്തുന്നതിനായി 20–30 മീറ്റർ ഇടവിട്ട് സ്ഥാപിക്കുന്ന ബീഹൈവ് (ജൈവ) വേലികൾ.
    c. റെയിൽ-ഫെൻസ് പ്രതിരോധ സംവിധാനങ്ങൾ.
    d. ക്രാഷ്-ഗാർഡ് സ്റ്റീൽ-റോപ്പ് വേലികളും ആനകളെ പ്രതിരോധിക്കുന്ന ട്രഞ്ചുകളും.

3. **മുൻകൂർ മുന്നറിയിപ്പും ദ്രുത പ്രതികരണവും :**
    a. എസ്.എം.എസ്/വാട്സ്ആപ്പ് അലേർട്ട് ശൃംഖലകൾ.
    b. എഐ (AI) അധിഷ്ഠിത ക്യാമറ ട്രാപ്പുകളും അക്കോസ്റ്റിക് സെൻസറുകളും.
    c. വന്യജീവികളെ തുരത്താൻ ഡ്രോണുകൾ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ.
    d. വന്യജീവി സംഘർഷത്തിൽ ജനകീയ പ്രതിരോധം.

3. **നഷ്ടപരിഹാരവും ഇൻഷുറൻസും :**
    a. വിളകൾക്കും കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ.
    b. എക്സ്-ഗ്രേഷ്യ പേയ്മെന്റുകളും ലൈഫ് ഇൻഷുറൻസും.

## പദ്ധതിയുടെ ഗുണഫലങ്ങൾ

1. മലയോര നിവാസികളുടെയും കർഷകരുടെയും ജീവനും സുരക്ഷയും ഉറപ്പാക്കുന്നു.
2. ഉപജീവനമാർഗ്ഗങ്ങളുടെയും കൃഷിയുടെയും സംരക്ഷണം.
3. അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണവും വന്യജീവി ആക്രമണ ഭീഷണിയും തോതുകുറക്കും.


മറ്റു


ദാനങ്ങൾ

## മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ, താങ്ങാനാവുന്ന ജീവിതച്ചെലവ്

a. കേരളത്തിന്റെ കാർഷിക മേഖല നവീകരിച്ച് ജൈവ ഉത്പന്നങ്ങൾക്ക് പ്രാധാന്യം നൽകും. **കീടനാശിനികളും രാസവളങ്ങളും** ഘട്ടം ഘട്ടമായി ഒഴിവാക്കി മണ്ണിനെയും ജലത്തെയും സംരക്ഷിച്ചുകൊണ്ടുള്ള **സുസ്ഥിര ജൈവകൃഷി** പ്രോത്സാഹിപ്പിക്കും.

b. **പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, മുഖ്യധാരയിലേക്കുള്ള തിരിച്ചുവരവ്** എന്നിവ ഉറപ്പാക്കുന്നതിനായി ഓരോ പഞ്ചായത്തിലും **പ്രവാസി സർവീസ് സെന്ററുകൾ** സ്ഥാപിക്കും. ഇതിലൂടെ തൊഴിലവസരങ്ങൾ, സംരംഭകത്വ പിന്തുണ, നിയമസഹായം, സാമൂഹിക സുരക്ഷാ സേവനങ്ങൾ ലഭ്യമാക്കും.

c. ഭരണം മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികളുടെ സുരക്ഷയും സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനുമായി **കേരളത്തിലെ അതിഥി തൊഴിലാളികൾക്കായി നിർബന്ധിത രജിസ്ട്രേഷനും തിരിച്ചറിയൽ സംവിധാനവും നടപ്പിലാക്കും.**

## വികസിത കേരള നിർമ്മിതിക്കായി അടിസ്ഥാന സൗകര്യവികസനം

a. എൽഡിഎഫ് സർക്കാർ സൃഷ്ടിച്ച എല്ലാ തടസ്സങ്ങളും നീക്കി, കേരളത്തിൽ വേഗവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കാൻ ദേശീയപാത 66 വികസന പദ്ധതി പൂർത്തിയാക്കും.

b. കേരളത്തെ **ഊർജ്ജ ശ്രീ** മിഷനിലൂടെ ഒരു **ഊർജ്ജ മിച്ച സംസ്ഥാനമാക്കി** മാറ്റും.

c. നാളികേരാധിഷ്ഠിതമായ ഭക്ഷ്യ സംസ്കരണം, സൗന്ദര്യവർദ്ധക വസ്തുക്കൾ, ജൈവ ഉത്പ്പന്നങ്ങൾ തുടങ്ങിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, **നാളികേര-മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾക്ക്** മാത്രമായി പ്രത്യേക **വ്യവസായ പാർക്കുകൾ** സ്ഥാപിക്കും.

d. കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രകൃതിദത്തമായ മാർഗങ്ങളിലൂടെ മഴവെള്ളം ആഗിരണം ചെയ്യാനും, സംഭരിക്കാനും, ശുദ്ധീകരിച്ച് പുനരുപയോഗിക്കാനും സഹായിക്കുന്ന 'കേരള സ്പോഞ്ച് സിറ്റി വികസന പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കും.

e. ടൂറിസം, ഗതാഗതം, ചരക്ക് ഗതാഗതം എന്നിവയ്ക്കുള്ള ഉൾനാടൻ ജലപാതകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേരളത്തിന്റെ **അഞ്ച് ദേശീയ ജലപാതകളിലും** അത്യാധുനിക **വന്ദേ ഭാരത് വാട്ടർ മെട്രോ സേവനങ്ങളും ലൈറ്റ് കാർഗോ ഷിപ്പ്മെന്റ്** സൗകര്യങ്ങളും നടപ്പിലാക്കും.



# നിക്ഷേപ കുതിപ്പും തൊഴിൽ വിപ്ലവവും

a. പ്രത്യേക ഫാർമ പാർക്കുകൾ സ്ഥാപിച്ച്; മരുന്ന് നിർമ്മാണം, ബയോടെക്നോളജി എന്നീ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിലൂടെ കേരളത്തെ ഒരു **ഫാർമസ്യൂട്ടിക്കൽ-ലൈഫ് സയൻസസ് ഹബ്ബായി** വികസിപ്പിക്കും.

b. അന്താരാഷ്ട്ര-ആഭ്യന്തര വിപണികളിലെ **ഗെയിമിംഗ്, അനിമേഷൻ, ഡിജിറ്റൽ ആർട്ട്, കോഡിങ്** സേവനങ്ങൾക്കുതകുന്ന രീതിയിൽ കേരളത്തെ ഇന്ത്യയുടെ **AVGC പവർ ഹൗസാക്കി** മാറ്റും.

c. നിലവിൽ സേവനമനുഷ്ഠിക്കുന്ന **പി.ടി.എ (PTA) നിയമിതരായ പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും** പ്രതിമാസ **ഓണറേറിയം വർദ്ധിപ്പിച്ചു നൽകും.**

d. തോട്ടം തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി **ദിവസ വേതനം** ഉയർത്തുകയും, ലയങ്ങൾ നവീകരിച്ച് അവർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യും.

e. **സ്വദേശത്തും വിദേശത്തും** മികച്ച തൊഴിലവസരങ്ങൾ നേടിയെടുക്കാൻ നഴ്സിംഗ് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി **'സമഗ്ര ആരോഗ്യപ്രവർത്തക നൈപുണ്യ വികസന പദ്ധതി'** ആവിഷ്കരിക്കും. പദ്ധതിയിലൂടെ നൈപുണ്യ പരിശീലനത്തിനായി പ്രത്യേക ആനുകൂല്യങ്ങൾ ഉറപ്പാക്കും.

f. കേരളത്തിന്റെ **'ഗോൾഡൻ ഫൈബർ'** പാരമ്പര്യത്തിന് പുതുജീവൻ പകരുവാൻ **കയർ ഉത്പന്നങ്ങളുടെ സംസ്കരണം, രൂപകല്പന, ബ്രാൻഡിംഗ്** എന്നിവ പൂർണ്ണമായും സംസ്ഥാനത്തിനകത്ത് തന്നെ നിർവ്വഹിച്ചുകൊണ്ട്, മൂല്യവർദ്ധിത വരുമാനം കേരളത്തിന് തന്നെ ലഭ്യമാക്കുന്ന രീതിയിൽ ഒരു തന്ത്രപരമായ മാറ്റം കൊണ്ടുവരും. ഇതിലൂടെ കേരളത്തിലെ കയറിനെ ലോകോത്തര നിലവാരമുള്ള ഒരു 'ഹെറിറ്റേജ് ലക്ഷ്വറി ബ്രാൻഡായി' (Heritage Luxury Brand) മാറ്റിയെടുക്കും.

# നമ്മുടെ യുവതയുടെ ഭാവി

a. പോലീസിങ് സംബന്ധമായ വിഷയങ്ങളിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി **'പോലീസ് സർവകലാശാല'** സ്ഥാപിക്കും. യുവതലമുറയ്ക്ക് ഈ മേഖലയിൽ ബിരുദ/ബിരുദാനന്തര ബിരുദങ്ങൾ നേടാൻ അവസരമൊരുക്കുന്നതിനൊപ്പം, സേവനത്തിലിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇൻ-സർവീസ് പരിശീലന കോഴ്സുകളും പി.എച്ച്.ഡി ഉൾപ്പെടെയുള്ള ഉന്നത പഠന സൗകര്യങ്ങളും ഇവിടെ ഉറപ്പാക്കും.

b. കായികതാരങ്ങൾക്കും പരിശീലകർക്കും സ്പോർട്സ് പ്രൊഫഷണലുകൾക്കുമായി ലോകോത്തര സംവിധാനങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ **മലപ്പുറത്ത് കേരള സ്പോർട്സ് സർവകലാശാല** സ്ഥാപിക്കും.

c. സംസ്ഥാനത്തെ ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലെ **മെഡിക്കൽ കോളേജുകളുടെ എണ്ണം വർദ്ധിപ്പിക്കും.**

d. സംസ്ഥാനത്തെ യുവജനങ്ങളെ **യുവശക്തി സ്വയം ശാക്തീകരണ** മിഷനിലൂടെ സ്വയം സഹായ സംഘങ്ങളായി പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കും. പദ്ധതിക്കായി **₹300 കോടി രൂപയുടെ വാർഷിക സാമ്പത്തിക സഹായവും** ബാങ്ക്-മൈക്രോഫിനാൻസ് സേവനങ്ങളും **നൈപുണ്യ പരിശീലനവും** ഉറപ്പുവരുത്തും



# നീതി, സമത്വം, ജനകീയ ഭരണം

a. **അയ്യാ വൈകുണ്ഠ സ്വാമി സ്പെഷ്യലൈസ്ഡ് കോച്ചിംഗ് സെന്ററുകൾ** സ്ഥാപിച്ച് **പട്ടിക ജാതി, പട്ടിക വർഗ്ഗ, ഒബിസി വിദ്യാർത്ഥികൾക്ക്** മത്സര പരീക്ഷകളും ഉന്നത വിദ്യാഭ്യാസ അവസരങ്ങൾക്കും തയ്യാറെടുക്കാൻ പിന്തുണ നൽകും.

b. **പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ** എന്നിവർക്കുള്ള **സ്കോളർഷിപ്പുകളും ക്ഷേമ ആനുകൂല്യങ്ങളും** ഡയറക്റ്റ് ബാങ്ക് ട്രാൻസ്ഫറുകളിലൂടെ കൃത്യസമയത്ത് ലഭ്യമാക്കും.

c. കേരളത്തിലെ **മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ (EWS)** വരുമാന പരിധി കേന്ദ്ര സർക്കാരിന്റെ നിലവാരങ്ങളോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുനഃപരിശോധിച്ച്, നിലവിലെ ₹4 ലക്ഷം വാർഷിക കുടുംബവരുമാന പരിധി ₹8 ലക്ഷമായി ഉയർത്തും.

d. കേരളത്തിൽ എയ്ഡഡ് സ്കൂളുകളും കോളേജുകളും സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും, **കരകൗശല സമൂഹത്തിലെ വിദ്യാർത്ഥികൾക്ക് പലിശ ഇളവുള്ള വിദ്യാഭ്യാസ വായ്പകൾ നൽകി** ഉയർന്ന വിദ്യാഭ്യാസത്തിലും നൈപുണ്യ വികസനത്തിലും പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.

e. **കരകൗശല വിദഗ്ധരുടെ പരമ്പരാഗത വിജ്ഞാന രീതികളെ വികസിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും** ചെയ്യുന്നതിനായി **'വിശ്വകർമ്മ റിസർച്ച് സെന്റർ ഫോർ ട്രഡീഷണൽ സയൻസ് ആൻഡ് ടെക്നോളജി'** സ്ഥാപിക്കും. പരമ്പരാഗത കരകൗശല വിദ്യകളിലും സാങ്കേതികവിദ്യകളിലും ശാസ്ത്രീയ ഗവേഷണം നടത്തുന്നതിനും കരകൗശല സമൂഹങ്ങളുടെ സംഭാവനകൾ രേഖപ്പെടുത്തുന്നതിനും ഈ കേന്ദ്രം നേതൃത്വം നൽകും.

f. **ലേബർ കോഡുകൾ (Labour Codes) കേരളത്തിൽ പൂർണ്ണമായി നടപ്പിലാക്കുന്നതിലൂടെ** തൊഴിലാളി ക്ഷേമവും സുരക്ഷയും ഉറപ്പാക്കും.

g. വ്യവസായ വിരുദ്ധവും കാലഹരണപ്പെട്ടതുമായ നിയമങ്ങൾ റദ്ദാക്കി കേരളത്തെ **നിക്ഷേപ സൗഹാർദമാക്കിക്കൊണ്ട്,** ബിസിനസ് അനുമതികൾ അതിവേഗം ലഭ്യമാക്കുന്ന **ദക്ഷിണേഷ്യയിലെ മുൻനിര സംസ്ഥാനമായി മാറ്റിയെടുക്കും.**

h. **"നോക്കുകൂലി" "അട്ടിമറിക്കൂലി"** പോലുള്ള അനധികൃത രീതികൾ തടയാൻ കേരള ഹൈക്കോടതിയുടെ ഉത്തരവുകൾ കർശനമായി നടപ്പാക്കും.

i. **ഉദ്യോഗസ്ഥ നൂലാമാലകൾ** ഒഴിവാക്കി **വീടുകൾക്ക് ഒരു ദിവസത്തിലും, വാണിജ്യ കെട്ടിടങ്ങൾക്ക് ഒരാഴ്ചയിലും** നിർമ്മാണാനുമതി നൽകി കേരളത്തെ ജനസൗഹൃദവും ബിസിനസ്സ് സൗഹൃദവുമാക്കി മാറ്റും.

j. മിഷൻ കർമശ്രീ ആരംഭിച്ച് സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വീട്ടുവാതിൽക്കൽ എത്തിക്കും.

k. പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിനും പൊതു സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി 1988-90 കാലഘട്ടത്തിലെ മാതൃകയിൽ പഞ്ചായത്തുകളിൽ **ജനസമ്പർക്ക പദ്ധതികൾ** നടപ്പിലാക്കി സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വീട്ട് പടിക്കൽ നേരിട്ടെത്തിക്കും



# പൊതുജന സുരക്ഷയും പാരിസ്ഥിതിക അതിജീവനവും

a. സംസ്ഥാന സർക്കാർ കേരളത്തിലെ പ്രധാന നദികളായ **പെരിയാറിനെയും ഭാരതപ്പുഴയെയും പുനരുജ്ജീവിപ്പിച്ച് കാര്യക്ഷമമായി പരിപാലിക്കും.**

b. വേമ്പനാട്, അഷ്ടമുടി, പൂക്കോട് തടാകം തുടങ്ങിയ സുപ്രധാന ആവാസവ്യവസ്ഥകളുടെ ശോഷണം തടയുന്നതിനും, **കേരളത്തിലെ കായലുകളെ വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനുമായി 'കായൽ കവചം'** എന്ന സമഗ്ര **സംരക്ഷണ പദ്ധതി** ആവിഷ്കരിക്കും.

c. കാലാവസ്ഥാ-പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി **'കേരള ക്ലൈമറ്റ് റെസിലിയൻസ് മിഷൻ'** ആവിഷ്കരിക്കും. ഇതിന്റെ ഭാഗമായി **AI അധിഷ്ഠിത പ്രളയ മുന്നറിയിപ്പ് സംവിധാനം, പശ്ചിമഘട്ട ഉരുൾപൊട്ടൽ സാധ്യത മാപ്പിംഗ്, കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കേഷൻ ഏജൻസി, ഗ്രീൻ ഹൈഡ്രജൻ പൈലറ്റ് ക്ലസ്റ്ററുകൾ** എന്നിവ നടപ്പിലാക്കും.

d. പശ്ചിമഘട്ട മേഖലയിലെ ഗവേഷണം, സംരക്ഷണം, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാനുള്ള തന്ത്രങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുന്നതിനായി **'വെസ്റ്റേൺ ഘാട്ട്സ് ക്ലൈമറ്റ് ആൻഡ് ബയോഡൈവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്'** സ്ഥാപിക്കും

e. കയ്യേറ്റം മൂലവും പരിസ്ഥിതി നാശം മൂലവും ജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിലെ 44 നദികളെയും വീണ്ടെടുക്കുന്നതിനായി സമഗ്രമായ **'കേരളം നദി പുനരുജ്ജീവന മിഷൻ'** ആരംഭിക്കും.

f. **ഉയർന്ന ജലഗുണനിലവാരം, വെള്ളപ്പൊക്ക നിയന്ത്രണം,** മലിനീകാരികളുടെ നിയന്ത്രണം എന്നിവ ഉറപ്പാക്കുന്നതിനായി ലോകപ്രശസ്തമായ **'മിൽവാക്കി യൂണിവേഴ്സിറ്റി റിവർ വാട്ടർ മാനേജ്മെന്റ്'** മാതൃകയിലുള്ള മികച്ച ആഗോള രീതികൾ നടപ്പിലാക്കും.

g. ആനകളുടെ ഉടമസ്ഥാവകാശ കൈമാറ്റം അനുവദിക്കുന്നതിനായി **'ഗജരക്ഷാ മിഷൻ'** ആവിഷ്കരിക്കുകയും, കേരളത്തിലെ നാട്ടാനകളുടെ സംരക്ഷണത്തിനായി **3 അത്യാധുനിക ആന ആശുപത്രികൾ** സ്ഥാപിക്കുകയും ചെയ്യും; ഇത് വഴി **പൂരങ്ങളിലും ക്ഷേത്രോത്സവങ്ങളിലും** ആനകളുടെ സുരക്ഷിതവും സുഗമവും പ്രൗഢവുമായ ഉപയോഗം ഉറപ്പുവരുത്തും.

# സാംസ്കാരിക-പൈതൃക സംരക്ഷണം

a. മലയാള ഭാഷയ്ക്ക് അമൂല്യ സംഭാവന നൽകിയ **ഭാഷാ പിതാവ് തുഞ്ചത്ത് എഴുത്തച്ഛന്റെ** സ്മരണയ്ക്കായി **125 അടി ഉയരമുള്ള** ഒരു **സ്മാരക പ്രതിമ** നിർമ്മിക്കും

b. **സംസ്കൃത ഭാഷയുടെ സംരക്ഷണത്തിനും, ഗവേഷണത്തിനും, ആഗോള തലത്തിലുള്ള പ്രോത്സാഹനത്തിനുമായി കാലടി സംസ്കൃത സർവകലാശാലയെ** ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തും.

c. **പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ** കൈകാര്യം ചെയ്യുന്ന **ക്ഷേത്രങ്ങൾക്കും 'കളരി കാവുകൾക്കും'** പ്രത്യേക **ഗ്രാന്റുകൾ ഉറപ്പാക്കും.**

d. അമ്പലപ്പുഴ, തകഴി, ചക്കുളത്തുകാവ് എന്നീ പ്രശസ്തമായ പുണ്യക്ഷേത്രങ്ങളെയും നിരണം, ചമ്പക്കുളം, എടത്വ, പുളിങ്കുന്ന് എന്നീ ചരിത്രപ്രസിദ്ധമായ ക്രൈസ്തവ ദേവാലയങ്ങളെയും കോർത്തിണക്കി ഒരു പ്രത്യേക **'കുട്ടനാട് ആത്മീയ-പൈതൃക ടൂറിസം സർക്യൂട്ട്'** യാഥാർത്ഥ്യമാക്കും.




MSME


COMMUNITY WELLNESS CLINIC
MSME

# യഥാർത്ഥ ദാരിദ്ര്യ നിർമ്മാർജ്ജനം



# 1. യഥാർത്ഥ ദാരിദ്ര്യ നിർമ്മാർജ്ജനം

കേരളത്തിന്റെ യഥാർത്ഥ ദാരിദ്ര്യ നിർമ്മാർജ്ജനത്തിലേക്കുള്ള യാത്രയ്ക്ക് താൽക്കാലികമായ സഹായങ്ങളേക്കാൾ ഉപരിയായി, **അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും അവസരസമത്വം ഉറപ്പാക്കിയും ഘടനാപരമായ മാറ്റം** അത്യാവശ്യമാണ്. കേരളം "അതിദാരിദ്ര്യ" വിമുക്തമായെന്ന് എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും, സംസ്ഥാനത്തെ 42 ലക്ഷം കുടുംബങ്ങൾ (കേരളത്തിലെ ആകെ കുടുംബങ്ങളുടെ ഏകദേശം 44%) ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത് എന്നത് നാം തിരിച്ചറിയേണ്ടതുണ്ട്.

**കേരളം സമ്പൂർണ്ണ ദാരിദ്ര്യമുക്തമായിട്ടില്ല.**

നമ്മുടെ പ്രകടനപത്രിക ഈ വിഷയത്തെ സമഗ്രമായി അഭിസംബോധന ചെയ്യുന്നു. ഇതിൽ നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ യഥാർത്ഥ ദാരിദ്ര്യ നിർമ്മാർജ്ജനത്തിലേക്കും, ഓരോ മലയാളിക്കും സമാധാനവും ആരോഗ്യവും സന്തോഷവും കൈവരുന്നതിലേക്കുമുള്ള കൃത്യമായ പാതയൊരുക്കുന്നു. ആരെയും പിന്നിലാക്കാതെ, **'അന്ത്യോദയ'** എന്ന **മഹത്തായ ദർശനത്തിലൂന്നിയുള്ള** ബഹുതല സ്പർശിയായായ പദ്ധതികൾ ദാരിദ്ര്യത്തെ വേരോടെ പിഴുതെറിയുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു.

**33 പരിവർത്തന പദ്ധതികളടങ്ങുന്ന** ഈ സമഗ്ര പാക്കേജ്, ഓരോ പൗരനും അന്തസ്സും അവസരങ്ങളും സുരക്ഷിതത്വവും ആസ്വദിക്കുന്ന ഒരു ഭാവി സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. ആവശ്യങ്ങൾ പരിഹരിച്ചും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, സാമൂഹികക്ഷേമം ഉറപ്പാക്കിയും, ഈ നടപടികൾ കേരളത്തെ സുസ്ഥിരമായ മാനവവികസനത്തിന്റെ ആഗോള മാതൃകയായി പുനർനിർമ്മിക്കും.

**1. മെച്ചപ്പെട്ടതും താങ്ങാനാവുന്നതുമായ ജീവിത നിലവാരംമെച്ചപ്പെട്ടതും താങ്ങാനാവുന്നതുമായ ജീവിത നിലവാരം**

a. **സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടു വന്ന് കേരളത്തെ ഭക്ഷ്യ മിച്ചമുള്ള സംസ്ഥാനമാക്കി മാറ്റും.** പ്രാദേശിക നിർമിതി വർദ്ധിക്കുന്നതോടെ പുതിയതും ഗുണമേന്മയുള്ളതുമായ ഭക്ഷണം ഓരോ മലയാളിക്കും എളുപ്പത്തിൽ ലഭ്യമാകും. ഇതിലൂടെ മെച്ചപ്പെട്ട ആരോഗ്യസ്ഥിതി സ്വാഭാവിക ഫലമായി കേരളം കൈവരുംകയും ചെയ്യും .

b. **ആയുഷ്മാൻ ഭാരത് (PM-JAY) പദ്ധതി** വ്യാപിപ്പിച്ചുകൊണ്ട് ഓരോ മലയാളിക്കും സമഗ്രമായ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും. ഇതിലൂടെ ഗുണമേന്മയുള്ള ചികിത്സ മിതമായ നിരക്കിൽ ലഭ്യമാക്കി ആരോഗ്യപ്രതിസന്ധികൾ മൂലം ഉണ്ടാകുന്ന സാമ്പത്തിക തകർച്ചയിൽ നിന്ന് കുടുംബങ്ങളെ കരകയറ്റും. കേരളത്തിൽ എയിംസ് (AIIMS) സ്ഥാപിക്കുന്നതിലൂടെ അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഓരോ മലയാളിക്കും കൈയെത്തും ദൂരത്ത് ലഭ്യമാക്കും.

c. പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് **'ഭക്ഷ്യ-ആരോഗ്യ സുരക്ഷാ കാർഡുകൾ'** നൽകുന്നതിലൂടെ വലിയൊരു മാറ്റത്തിന് തുടക്കമിടും. നിത്യഭക്ഷണത്തിനും ചികിത്സയ്ക്കും **പണമില്ലെന്ന ആശങ്ക ഒഴിവാക്കി, കുടുംബത്തെ നയിക്കാൻ ഇത് സ്ത്രീകളെ പ്രാപ്തരാക്കും**

d. ഓരോ വീടിനും **സൗജന്യ കുടിവെള്ളം,** തടസ്സമില്ലാത്തതും **കുറഞ്ഞ നിരക്കിലുള്ളതുമായ വൈദ്യുതി,** വർഷത്തിൽ **2 സൗജന്യ എൽ.പി.ജി (LPG) സിലിണ്ടറുകൾ** എന്നിവ ഞങ്ങൾ ഉറപ്പാക്കും. ഇതിനോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള **(BPL) കുടുംബങ്ങളിലെ നാഥമാരായ സ്ത്രീകൾക്കും വിധവകൾക്കും നൽകുന്ന ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കും.** മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യകാലത്ത് സുരക്ഷിതമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിലൂടെ അടിസ്ഥാന സേവനങ്ങളുടെ ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ഇത് കുടുംബങ്ങൾക്ക് വലിയ തോതിൽ സാമ്പത്തിക ലാഭമുണ്ടാക്കാനും, ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും, പാവപ്പെട്ടവരെ അതിജീവനത്തിനായുള്ള നെട്ടോട്ടത്തിൽ നിന്ന് മോചിപ്പിച്ച് മാന്യമായ ജീവിതത്തിലേക്ക് നയിക്കാനും സഹായിക്കും.



# സമാധാനവും ആരോഗ്യവും സന്തോഷവും









# 2. സമാധാനവും ആരോഗ്യവും സന്തോഷവും

**1. വികസിത കേരളത്തിനായി ആധുനിക നഗരങ്ങളും ഗ്രാമങ്ങളും ഒപ്പം മികച്ച അടിസ്ഥാന സൗകര്യങ്ങളും.**

a **10 വർഷത്തെ വികസിത കോർപ്പറേഷൻ മാസ്റ്റർ പ്ലാൻ, ആത്മനിർഭർ ഗ്രാമങ്ങൾ** തുടങ്ങിയ പദ്ധതികൾ ഓരോ നഗരത്തെയും ഗ്രാമത്തെയും മികച്ച ജീവിതസൗകര്യങ്ങളുള്ള സാമ്പത്തിക കേന്ദ്രങ്ങളാക്കി മാറ്റും. എല്ലാവർക്കും അനുയോജ്യമായ അവസരങ്ങൾ ഒരുക്കുന്നതിലൂടെ ഇത് ഒരു 'വികസിത കേരള'ത്തിന് അടിത്തറ പാകും.

b **വികസിത കേരളത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനം** കേരളത്തിന്റെ എല്ലാ കോണുകളിലേക്കും, കേരളത്തിൽ നിന്ന് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വേഗതയേറിയതും സുരക്ഷിതവും വിശ്വസനീയവുമായ കണക്റ്റിവിറ്റി ഉറപ്പാക്കും. ഇത് ടൂറിസത്തിനും വ്യാപാരത്തിനും വലിയ മുന്നേറ്റം നൽകും.

**2. പ്രതിഭകളെ സൃഷ്ടിക്കലും നിലനിർത്തലും: നമ്മുടെ യുവാക്കളുടെ ഭാവി**

a. **പന്ത്രണ്ടാം ക്ലാസ് വരെ സൗജന്യവും ഐച്ഛികവുമായ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം,** അതോടൊപ്പം കേരളത്തിൽ തന്നെ **വ്യവസായ മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ** എന്നിവ വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള കുടിയേറ്റം കുറയ്ക്കും. ഇത് മലയാളി പ്രതിഭകളെ കേരളത്തിൽ തന്നെ നിലനിർത്താൻ സഹായിക്കും.

**3. സാമ്പത്തിക വളർച്ച, എല്ലാവർക്കും തൊഴിൽ, സമൃദ്ധമായ കേരളം**

a. **നിക്ഷേപങ്ങളിലും തൊഴിലവസരങ്ങളിലും** ഞങ്ങൾ കൊണ്ടുവരുന്ന വിപ്ലവകരമായ മാറ്റങ്ങൾ കേരളത്തിലെ പ്രധാന മേഖലകളെ **സാമ്പത്തിക വളർച്ചയുടെയും തൊഴിൽ സൃഷ്ടിയുടെയും കരുത്തുറ്റ യന്ത്രങ്ങളായി മാറ്റും.** ഇത് ഓരോ വ്യക്തിയുടെയും സാമ്പത്തിക അഭിവൃദ്ധി ഉറപ്പാക്കുകയും, ആത്യന്തികമായി കേരളത്തെ ഒരു വികസിത സംസ്ഥാനമാക്കി മാറ്റുകയും

**4. സുരക്ഷിതവും സുദൃഢവും നീതിയുക്തവുമായ കേരളം**

a. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിപ്ലവകരമായ നടപടികൾ ഞങ്ങൾ സ്വീകരിക്കും. **ലഹരിമുക്ത കേരളം, ലഹരിമുക്ത ക്യാമ്പസുകൾ** എന്നിവ യാഥാർത്ഥ്യമാക്കുന്നതിനൊപ്പം സംസ്ഥാനത്തെ **കുറ്റകൃത്യങ്ങളുടെ നിരക്ക് 50% കുറയ്ക്കുക** എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കുന്ന പ്രത്യേക നടപടികൾ വഴി ഓരോ പൗരനും ഭയരഹിതമായി ജീവിക്കാൻ കഴിയുന്ന സുരക്ഷിതമായ ഒരു കേരളം ഞങ്ങൾ കെട്ടിപ്പടുക്കും.

b. **സാമൂഹിക നീതിയും, തുല്യതയും, ജനകീയ ഭരണവും** ഉറപ്പാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കും. രാഷ്ട്രീയ സ്വാധീനങ്ങളിൽ നിന്നും പക്ഷപാതങ്ങളിൽ നിന്നും വിവേചനങ്ങളിൽ നിന്നും മുക്തമായ ഒരു സമൂഹത്തെ ഇത് കെട്ടിപ്പടുക്കും. സ്വതന്ത്രവും നീതിയുക്തവുമായ ഭരണത്തിന്റെ ഗുണഫലങ്ങൾ എല്ലാ പൗരന്മാർക്കും ഒരുപോലെ ലഭ്യമാകുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു

**5. ശുചിത്വപൂർണ്ണവും സുസ്ഥിരവുമായ കേരളം**

a. ഫലപ്രദമായ **മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ** കേരളത്തിന്റെ സ്വാഭാവിക സൗന്ദര്യം ഞങ്ങൾ നിലനിർത്തും. അതോടൊപ്പം, **തീരദേശ സംരക്ഷണം, വന്യജീവി ആക്രമണങ്ങൾ തടയൽ** എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ജനങ്ങളുടെ ജീവനും ഉപജീവനമാർഗ്ഗങ്ങൾക്കും പൂർണ്ണ സംരക്ഷണം ഉറപ്പാക്കും.

b. **കേരളത്തിന്റെ സുരക്ഷയും തമിഴ്നാടിന്റെ ജലലഭ്യതയും** ഉറപ്പാക്കിക്കൊണ്ട് **മുല്ലപ്പെരിയാർ അണക്കെട്ട്** എന്ന സങ്കീർണ്ണമായ വിഷയം ഞങ്ങൾ പരിഹരിക്കും. **അന്തർസംസ്ഥാന നദീജല പങ്കുവെക്കലിൽ** ജനങ്ങളുടെ സുരക്ഷയ്ക്കും സൗഹൃദത്തിനുമാണ് മുൻഗണന നൽകേണ്ടതെന്ന് തെളിയിക്കുന്ന ഒരു പുതിയ മാതൃക ഇതിലൂടെ ഞങ്ങൾ സൃഷ്ടിക്കും.

ഈ പദ്ധതികൾ കേരളത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള **സാമൂഹിക-സാമ്പത്തിക പരിവർത്തനം** സാധ്യമാക്കും. ദാരിദ്ര്യത്തിന്റെ ദുരിതം മാന്യമായ ജീവിതസാഹചര്യങ്ങൾ കൊണ്ട് മാറ്റിമറിക്കുന്നതിലൂടെ ഓരോ മലയാളിക്കും **ശാന്തിയും ആരോഗ്യവും സന്തോഷവും** ഞങ്ങൾ ഉറപ്പാക്കുന്നു. കേവലം ദാരിദ്ര്യ ലഘൂകരണമല്ല, **പൂർണ്ണമായ ദാരിദ്ര്യ നിർമ്മാർജ്ജനം** ഈ നടപടികൾ ഉറപ്പുവരുത്തും.

# സാമ്പത്തിക സ്വയംപര്യാപ്തതയുള്ള സംസ്ഥാനം



# സാമ്പത്തിക സ്വയംപര്യാപ്തതയുള്ള സംസ്ഥാനം

**വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവുകൾ ക്രമീകരിക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ**

**1. വരുമാന വർദ്ധനവിനായുള്ള മാർഗ്ഗങ്ങൾ**

**a.** ജി.എസ്.ടി (GST), വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ കൃത്യത ഉറപ്പാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തും. ഇത് നികുതി വെട്ടിപ്പ് തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും സഹായിക്കും.

**b.** സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ സുതാര്യത ഉറപ്പാക്കാൻ ക്യു.ആർ കോഡ് അധിഷ്ഠിത ട്രാക്കിംഗ് നടപ്പിലാക്കും. ഇത് സാധനങ്ങൾ വഴിതിരിച്ചുവിടുന്നത് തടയുകയും അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യും. ഇതിലൂടെ ലാഭിക്കുന്ന അധികഭക്ഷ്യധാന്യങ്ങൾ ലേലം ചെയ്ത് വരുമാനം കണ്ടെത്താം.

**c.** വിദൂര സംവേദനം (GIS) ഉപയോഗിച്ച് സംസ്ഥാനത്തെ കെട്ടിടങ്ങളും വസ്തുക്കളും കൃത്യമായി മാപ്പ് ചെയ്യും. ഇതുവഴി നികുതി ശൃംഖലയ്ക്ക് പുറത്തുള്ള ആയിരക്കണക്കിന് പുതിയ വസ്തുക്കളെ നികുതി പരിധിയിൽ കൊണ്ടുവരാൻ സാധിക്കും.

**d.** സർക്കാരിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും വാടകയ്ക്ക് നൽകിയോ മറ്റ് വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയോ വരുമാനം വർദ്ധിപ്പിക്കും.

**e.** തൊഴിലുറപ്പ് പദ്ധതികളിലും മറ്റും വ്യാജ പേരുകൾ ചേർക്കുന്നത് തടയാൻ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. ഇത് കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ യഥാർത്ഥ തൊഴിലാളികളിലേക്ക് എത്തുന്നുവെന്ന് ഉറപ്പാക്കും.

**2. സർക്കാർ ചെലവുകൾ കുറയ്ക്കുന്നതിനുള്ള കർമ്മപദ്ധതികൾ**

**a.** VB-G RAM G പദ്ധതികളിൽ സോഷ്യൽ ഓഡിറ്റിംഗ് ശക്തമാക്കും. ഡിജിറ്റൽ പേറോൾ, മെച്ചപ്പെട്ട ഓഡിറ്റിംഗ് സംവിധാനങ്ങൾ എന്നിവ വഴി വ്യാജ തൊഴിലാളികളെ ഒഴിവാക്കുകയും അർഹരായവർക്ക് മാത്രം വേതനം ലഭിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യും. ഇതുവഴി വ്യാജമായി പണം തട്ടിയെടുക്കുന്നത് പൂർണ്ണമായും തടയും.

**b.** സർക്കാർ സാധനസാമഗ്രികൾ വാങ്ങുന്നതിന് ഏകീകൃത ഇ-ടെൻഡർ സംവിധാനവും പൊതു ആസ്തി രജിസ്റ്ററും നടപ്പിലാക്കും. ഇത് അനാവശ്യമായ കമ്മീഷനുകളും ഇരട്ടിപ്പും ഒഴിവാക്കും. മൂലധനച്ചെലവിലെ അമിതമായ് പാഴാവുന്നത് ഇതിലൂടെ നിയന്ത്രിക്കാം.

**c.** എല്ലാ സർക്കാർ വകുപ്പുകളിലും ഓഫീസുകളിലും ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗരോർജ്ജം പ്രയോജനപ്പെടുത്തുകയും ചെയ്യും. ഇത് സർക്കാരിന്റെ പ്രതിമാസ വൈദ്യുതി ബില്ലുകളിൽ വൻതോതിലുള്ള കുറവുണ്ടാക്കും.

**3. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

**a. കെ.എസ്.ആർ.ടി.സി (KSRTC), വാട്ടർ അതോറിറ്റി (KWA), കെ.എസ്.ഇ.ബി (KSEB)** തുടങ്ങിയ നിർണ്ണായകമായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി **'പ്രത്യേക സാമ്പത്തിക പാക്കേജുകൾ'** നടപ്പിലാക്കും. ഈ സ്ഥാപനങ്ങളിൽ ദീർഘകാല ലാഭക്ഷമത ഉറപ്പാക്കുന്നതിന് കർശനമായ തിരുത്തൽ നടപടികളും പ്രവർത്തനപരമായ പുനഃക്രമീകരണവും നടപ്പിലാക്കി, ഏറ്റവും കുറഞ്ഞ നിരക്കിൽ മികച്ച സേവനങ്ങൾ ഓരോ മലയാളിക്കും ലഭ്യമാക്കുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു.

**4. സാമ്പത്തിക അച്ചടക്കവും ചെലവ് ചുരുക്കലും**

**a.** യാതൊരു പ്രയോജനവുമില്ലാത്തതും അനാവശ്യവുമായ ചെലവ് ഇനങ്ങളെ (Redundant and non-value adding expense heads) പൂർണ്ണമായും ഒഴിവാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ **വാർഷിക ചെലവിൽ കുറഞ്ഞത് മൂന്നിലൊന്ന് ലാഭിക്കാൻ സാധിക്കും.** ഇത് കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ ഗണ്യമായി മെച്ചപ്പെടുത്തും.

# സാമ്പത്തിക സ്വയംപര്യാപ്തതയുള്ള സംസ്ഥാനം

ഈ നടപടികളിലൂടെ സമാഹരിക്കുന്ന വൻതുക, പ്രകടനപത്രികയിൽ വിഭാവനം ചെയ്തിട്ടുള്ള അധിക നിക്ഷേപങ്ങൾക്കും, ദൈനംദിന വികസന പ്രവർത്തനങ്ങൾക്കും, സംസ്ഥാനത്തിന്റെ നിലവിലുള്ള കടബാധ്യതകൾ തീർക്കുന്നതിനും വിനിയോഗിക്കാൻ സാധിക്കും.

**5. കടബാധ്യതയില്ലാത്ത കേരളം**

**a.** കഴിഞ്ഞ പത്ത് വർഷമായി കേരളത്തിന്റെ സാമ്പത്തിക അടിത്തറയും വികസന സാധ്യതകളും തുടർച്ചയായി തകർന്നുകൊണ്ടിരിക്കുകയാണ്. ഏകദേശം ₹1.52 ലക്ഷം കോടി മാത്രം റവന്യൂ വരുമാനമുള്ള കേരളം, അതിന്റെ 70 ശതമാനത്തോളം (₹1.05 ലക്ഷം കോടി) ശമ്പളം, പെൻഷൻ, വർദ്ധിച്ചുവരുന്ന പലിശ തിരിച്ചടവ് എന്നിവയ്ക്കായി മാത്രം ചിലവാക്കുന്നു. ഇതിന്റെ ഫലമായി 2026–27 സാമ്പത്തിക വർഷത്തിൽ മൂലധന വികസനത്തിനായി (Capital Expenditure) വെറും 12.9 ശതമാനം തുക മാത്രമേ ബാക്കിയാകുന്നുള്ളൂ. ഈ അശാസ്ത്രീയമായ ധനനയം വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും സംസ്ഥാനത്തെ അമിതമായ കടബാധ്യതയിലേക്ക് തള്ളിയിടുകയും ചെയ്തിരിക്കുന്നു..

**b.** കടബാധ്യത "ഇരട്ടിയായില്ല" എന്ന എൽ.ഡി.എഫിന്റെ അവകാശവാദം വെറും കണക്കിലെ കളി മാത്രമാണെന്ന് യാഥാർത്ഥ്യങ്ങൾ പരിശോധിച്ചാൽ വ്യക്തമാകും. 2016-ൽ ₹1.57 ലക്ഷം കോടി ആയിരുന്ന കേരളത്തിന്റെ പൊതു കടം 2025–26 കാലയളവിൽ ₹4.88 ലക്ഷം കോടിയായി കുതിച്ചുയർന്നു. ഇത് വായ്പ നിയന്ത്രണത്തിൽ സർക്കാർ പരാജയപ്പെട്ടതിന്റെ തെളിവാണ്. 2016-17 മുതൽ സംസ്ഥാനത്തിന് ₹1.73 ലക്ഷം കോടി റവന്യൂ കമ്മി ഉണ്ടാവുകയും, ധനക്കമ്മി ₹3.43 ലക്ഷം കോടിയായി വർദ്ധിക്കുകയും ചെയ്തു.. ഉത്തരവാദിത്തമില്ലാത്ത രീതിയിലുള്ള 'ഓഫ് ബജറ്റ്' വായ്പകൾ ഈ കടബാധ്യതയെ കൂടുതൽ വഷളാക്കി. ഇതേത്തുടർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം വീണ്ടെടുക്കുന്നതിനായി വായ്പാ പരിധികളിൽ കർശന നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിന് ഇടപെടേണ്ടി വന്നു.

**c.** സംസ്ഥാനത്തിന്റെ തകർന്ന സാമ്പത്തിക വ്യവസ്ഥയെ കരകയറ്റുക എന്നത് ഞങ്ങളുടെ പ്രഥമ പരിഗണനയായിരിക്കും. കർശനമായ സാമ്പത്തിക അച്ചടക്കം നടപ്പിലാക്കിയും, അനാവശ്യമായ ചിലവുകൾ പുനഃക്രമീകരിച്ചും, അനിയന്ത്രിതമായ കടമെടുപ്പ് അവസാനിപ്പിച്ചും ഞങ്ങൾ സാമ്പത്തിക ഭദ്രത വീണ്ടെടുക്കും. അടുത്ത 10 വർഷത്തിനുള്ളിൽ കേരളത്തെ പൂർണ്ണമായും കടബാധ്യതകളില്ലാത്ത ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന വ്യക്തമായ ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികൾക്കായിരിക്കും ഞങ്ങൾ നേതൃത്വം നൽകുക

# NOTES

നമുക്ക് വേണം

വികസിത **കേരളം** | വിശ്വാസ **സംരക്ഷണം** | സുരക്ഷിത **കേരളം**



VOTE FOR

# BJP NDA

**മാറാത്തത് മാറും. ഇനി കേരളം വളരും.**

Scan To Know More

#PoliticsOfPerformance

A NEW VISION OF PROSPERITY AND OPPORTUNITIES FOR ALL MALAYALEES